# ക്രൈസ്തവ വനിത



November - December 2018

A fundamental Christian bi-monthly publication of the women, by the women, for the women

2018
November - December

# ക്രൈസ്തവ വനിത

Volume XI
Issue 6

## താളുകൾ മറിക്കുമ്പോൾ


| | | | |
|---|---|---|---|
| മഹത്ത്വത്തിൽ | | | - 1 |
| പ്രസാധകക്കുറിപ്പ് | - | ഡോ. ചാൾസ് ജോൺ | - 2 |
| ദൈവത്തിൽ പ്രത്യാശ... | - | ഇവാ. റോയി മാത്യു | - 3 |
| പ്രത്യാശ | - | ഇവാ. ചാണ്ടപ്പിള്ള ഫിലിപ്പ് | - 5 |
| അനുസ്മരണം | - | ഇ.പി. ചെറിയാൻ | - 7 |
| എന്റെ ആന്റിയെക്കുറിച്ച് | - | ഷെറിൻ കിംഗ്സ്റ്റൻ | - 8 |
| ഞങ്ങളുടെ കുഞ്ഞമ്മ | - | മേരി അഞ്ചൻ | - 11 |
| "കൃപ ലഭിച്ചവളേ... | - | എൽസി ബേബി | - 14 |
| കർത്താവിൽ പ്രിയ... | - | പി. സി. ചാക്കോ & ഫാമിലി | - 16 |
| ക്രിസ്തുവിനുവേണ്ടി... | - | എൽസി തോമസ് | - 17 |
| ആന്റി - ഒരു ക്രൈസ്തവ... | - | ജെസി ബെൻസെൻ | - 18 |
| ഞങ്ങളുടെ പ്രിയ... | - | ജോർജ് ജോൺ & ലില്ലി ജോർജ് | - 19 |
| Annamma C. John... | | | - 21 |
| A Successful Life | - | Rev. Jonathan Victor | - 22 |
| A son on his mother | - | Vinod C. John | - 23 |
| Reflections on my Mom | - | Pramod C. John | - 24 |
| "My Mummy" | - | Pradeep C. John | - 25 |
| Annamma C. John's Life... | - | Abraham Thomas | - 26 |
| Reflections | | | - 27 |
| പ്രത്യാശയുടെ... | - | യോഹന്നാൻ ഏബ്രഹാം | - 33 |
| ഞങ്ങളുടെ സ്നേഹ... | - | പാസ്റ്റർ ജോസഫ് ഇടക്കാട്ടിൽ | - 34 |
| അന്നമ്മ സി. ജോൺ... | - | പാസ്റ്റർ ജോർജ് ഈശോ | - 36 |
| അന്നമ്മ എന്ന... | - | ഡോ. ഉമ്മൻ ഫിലിപ്പ് | - 37 |
| വിശ്വാസം കാത്തു... | - | എം.എം. ആൻഡ്രൂസ് | - 39 |
| ഞാനും എന്റെ അമ്മാമ്മയും | - | ടി.എം. മാത്യു | - 41 |
| അനുസ്മരണം | - | ബ്രദർ സിബി പി. തോമസ് | - 43 |
| ഞങ്ങളുടെ പ്രിയ സഹോദരി | - | അമ്മിണി മാത്യൂസ് | - 44 |
| കർത്താവിൽ പ്രിയം... | - | എൻ. ജയരാജ് | - 45 |
| അമ്മാമ്മ എന്ന അമ്മ | - | ഷീലാ ജോസഫ് | - 47 |
| എന്റെ സഹധർമ്മിണി... | - | ഡോ. ചാൾസ് ജോൺ | - 48 |


ക്രൈസ്തവ വനിതയിൽ പ്രസിദ്ധപ്പെടുത്തുന്ന ലേഖനങ്ങളിലെ ആശയങ്ങളുടെ ഉത്തരവാദിത്തം ലേഖനകർത്താക്കൾക്കാണ്. - *എഡിറ്റർ*

ലേഖനങ്ങൾ, കത്തുകൾ എന്നിവ
**ക്രൈസ്തവ വനിത, ഗുഡ് ന്യൂസ്, ആക്കുളം റോഡ്, തിരുവനന്തപുരം 695011**
എന്ന വിലാസത്തിൽ സദയം അയയ്ക്കുക

CHRISTIAN
WOMAN
*For private circulation only*

Founding Editor: **Annamma C. John**
Editorial Board
Chief Editor : **Mrs. Mary Anchan**
Associate Editor : **Sherine Kingston**

Telephone: 0471-2542870
E-mail: annjohn@gnmindia.org
Mob: 9446548079

# മഹത്ത്വത്തിൽ

**തി**രുവനന്തപുരം ഗുഡ്ന്യൂസ് മിനിസ്ട്രീസിന്റെ സ്ഥാപക ഡയറക്ടർ ഡോ.ചാൾസ് ജോണിന്റെ സഹധർമ്മിണിയും സഹപ്രവർത്തകയും ആയിരുന്ന ശ്രീമതി അന്നമ്മ ചാൾസ് ജോൺ(78) 2018 സെപ്തംബർ 25 നു താൻ നോക്കിപ്പാർത്ത കർത്തൃസന്നിധിയിൽ പ്രവേശിച്ചു. പത്തോളം വർഷങ്ങൾക്കു മുമ്പ് ക്രൈസ്തവ സഹോദരിമാരെ ലക്ഷ്യം വച്ചു സമാരംഭിച്ച ക്രൈസ്തവ വനിത (bi-monthly) മാസികയുടെ മുഖ്യപത്രാധിപരും ഗുഡ് ന്യൂസ് മിനിസ്ട്രീസിന്റെ ഡയറക്ടറുമായി പ്രവർത്തിച്ചു വരികെ, ദീർഘനാളത്തെ രോഗങ്ങൾക്കു ആത്യന്തിക അറുതിവരുത്തി തന്റെ അരുമനാഥനായ കർത്താവു “മകളേ, നീ പോയി വിശ്രമിച്ചുകൊള്ളുക; കാലാവസാനത്തിൽ നിന്റെ ഓഹരി പ്രാപിക്കാൻ നീ എഴുന്നേറ്റു വരും” എന്നു മന്ദസ്വരത്തിൽ അരുളിച്ചെയ്തു. 110 ലധികം ക്രൈസ്തവ ഭക്തിഗാനങ്ങളുടെ രചന യ്ക്കു വിരൽ ചലിപ്പിക്കയും പതിനൊന്ന് (11) അനുഗൃഹീത സി.ഡികൾ പ്രകാശനം ചെയ്കയും ചെയ്തു. അവയിൽ, ‘യേശു എന്റെ സഹായി’, ‘കാൽവറി നാഥൻ’, ‘കാരുണ്യവാൻ’ എന്നിവ രോഗക്കിടക്കയിൽ കിടന്നു രചിച്ച വരികൾ അടങ്ങുന്ന പ്രത്യാശാഗാനങ്ങളാണ്. നിരവധി ക്രൈസ്തവ പ്രസിദ്ധീകരണങ്ങളിൽ ആനുകാലിക പ്രസക്തിയുള്ള വിഷയങ്ങളെ ആസ്പദമാക്കിയും നിരങ്കുശം നിശിത വിമർശനം ചെയ്തും മുഖംനോക്കാതെ ഈടുറ്റ ലേഖനങ്ങളും ഹാസ്യഭാവനകളും എഴുതിയിരുന്നു.



2018 സെപ്തംബർ 29– ന് ഗുഡ്ന്യൂസ് സെന്ററിൽ നടന്ന ഭൗതികശരീരത്തിന്റെ സംസ്കാര ശുശ്രൂഷയ്ക്കു ഇവാ.ചാണ്ടപ്പിള്ള ഫിലിപ്പ്, ഇവാ. റോയി മാത്യു, ബ്രദർ എൻ. ജയരാജ് എന്നിവർ നേതൃത്വം നല്കി. നാനാ ജാതിമതസ്ഥരുടെയും ബന്ധുമിത്രാദികളുടെയും വിശിഷ്യ നിരവധി സ്ഥലം സഭാംഗങ്ങളുടെയും സഹകരണത്തിലും സാന്നിധ്യത്തിലും തിരുവനന്തപുരം ഫസ്റ്റ് ബാപ്റ്റിസ്റ്റ് ചർച്ചിലെ ശുശ്രൂഷകൾക്കുശേഷം സഭയുടെ മലമുകൾ സെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖത്തിലായിരിക്കുന്ന ഭർത്താവ് ചാൾസ് ജോൺ, മക്കൾ വിനോദ്, പ്രമോദ്, പ്രദീപ് എന്നിവരെയും അവരുടെ പത്നിമാരായ സൂസൻ (തുണ്ടിൽ വീട്, കൊല്ലം), ഗ്രേയ്സ് (എഴുമറ്റൂർ ചക്കുപുരയ്ക്കൽ വീട്), പിയാ (Fremont,U.S.A.) എന്നിവരെയും അവരുടെ മക്കളെയും ഇതരകുടുംബാംഗങ്ങളെയും പ്രാർത്ഥനയുടെ കരങ്ങളിൽ വഹിക്കാൻ താത്പര്യപ്പെടുന്നു.

*എഡിറ്റോറിയൽ ബോർഡ്*

# പ്രസാധകക്കുറിപ്പ്



**ക്രൈ**സ്തവ വനിതയുടെ സ്ഥാപക എഡിറ്റർ ശ്രീമതി അന്നമ്മ സി. ജോണിന്റെ ആകസ്മിക ദേഹവിയോഗം മൂലം മാസികയുടെ പത്രാധിപസമിതി പുനഃസംഘടിപ്പിക്കാൻ ഞങ്ങൾ നിർബ്ബന്ധിതരായി. ഗുഡ്ന്യൂസ് മിനിസ്ട്രീസ് പ്രസിദ്ധീകരണമായ ഗുഡ്ന്യൂസ് അപ്ഡേറ്റിന്റെ കാൽച്ചുവടുകളെ പിന്തുടർന്ന് 2008 ജൂലൈ- ആഗസ്റ്റ്-ൽ ക്രൈസ്തവ വനിത ആരംഭിച്ചത് ശ്രീമതി അന്നമ്മ സി. ജോണിന്റെ ആഗ്രഹവും ആവേശവും മൂലം ആയിരുന്നു. വനിതകൾക്കും കുടുംബബന്ധങ്ങൾക്കും വനിതകളോടുള്ള സാമൂഹ്യമാറ്റങ്ങൾക്കും ഊന്നൽ നല്കിയ ഈടുറ്റ ലേഖനങ്ങൾ കഴിഞ്ഞ പത്തോളം വർഷമായി പ്രസിദ്ധീകരിക്കാൻ സാധിച്ചു. അനുവാചക മനസ്സുകളെ ആഴമായി സ്വാധീനിക്കുന്നതിൽ ക്രൈസ്തവ വനിത നിർണ്ണായകമായ ഒരു പങ്കുവഹിച്ചു കൊണ്ടാണിരുന്നതെന്നു നിസ്സംശയം പ്രസ്താവിക്കാൻ കഴിയും. മാറ്റത്തിന്റെ കാറ്റൊലി ഉയർത്തുന്നതിനു ലേഖനകർത്താക്കൾക്കുള്ള പങ്കു ഞാൻ വിസ്മരിക്കുന്നില്ല.

സ്ഥാപക എഡിറ്റർ തിരശ്ശീലയ്ക്കപ്പുറം മറഞ്ഞുവെങ്കിലും ക്രൈസ്തവ വനിതയ്ക്ക് വനിതകളോടുള്ള കടപ്പാടു അഭംഗുരം തുടരുന്നതിനും പൂർവ്വാധികം ഭംഗിയായി നിർവ്വഹിക്കുന്നതിനും പത്രാധിപസമിതിയുടെ പുനഃസംഘടന അനിവാര്യമായി. തദനുസൃതമായി ക്രൈസ്തവ സാഹിത്യനഭോമണ്ഡലത്തിൽ അതീവ ശോഭയോടെ തിളങ്ങുന്ന താരമായ ശ്രീമതി മേരി അഞ്ചൻ, തുംകൂറിനെ ശ്രീമതി അന്നമ്മ സി. ജോണിന് പകരമായി ദൈവം നമുക്കു നല്കിയതിൽ ദൈവത്തിനു സ്തോത്രം ചെയ്യുന്നു. തൽസ്ഥാനത്തേക്കു കൂടുതൽ അനുയോജ്യയായ മറ്റൊരു വ്യക്തിയുണ്ടോ എന്നു സംശയിക്കുന്നു.

ശ്രീമതി ഷെറിൻ കിംഗ്സ്റ്റനെ പരിചയപ്പെടുത്തേണ്ട ആവശ്യമില്ല. മാസികയുടെ പ്രാരംഭപതിപ്പു മുതലേ അനുവാചകരുമായും, ലേഖനദാതാക്കളുമായും നിരന്തരസമ്പർക്കം പുലർത്തിയിരുന്ന ഷെറിൻ വനിതയുടെ അസ്സോഷ്യേറ്റ് എഡിറ്റർ സ്ഥാനം സർവ്വദാ അർഹിക്കുന്നുണ്ട്. ഗുഡ്ന്യൂസുമായി സജീവ ബന്ധം പുലർത്തുന്ന ശ്രീമതി ശോഭാ സെലിൻ മാസികാ പ്രവർത്തനത്തിൽ കലവറ കൂടാതെ സഹായിക്കാമെന്ന് സദയം സമ്മതിച്ചിട്ടുണ്ട്.

പുതിയ എഡിറ്റോറിയൽ ബോർഡിനു സകലവിധ ഭാവുകങ്ങളും ആശംസിച്ചു കൊള്ളുന്നു, തുടർന്നും അനുവാചക സഹകരണം അനുസ്യൂതം പ്രതീക്ഷിച്ചുകൊണ്ട്,

Nov. 20, 2018 **ഡോ. ചാൾസ് ജോൺ**

പ്രസാധകൻ

# ദൈവത്തിൽ പ്രത്യാശ വച്ചിരുന്ന വിശുദ്ധസ്ത്രീ - ഞാൻ കണ്ട അമ്മാമ്മ

ഇവാ. റോയി മാത്യു, മൈലപ്ര, പത്തനംതിട്ട



**ക**ർത്താവിനെ സ്നേഹിച്ച് ദൈവജനത്തെ ശുശ്രൂഷിച്ച് കർത്തൃസന്നിധിയിലേക്കു പ്രവേശിച്ചിരിക്കുന്ന പ്രിയ അമ്മാമ്മയെ (അന്നമ്മ സി. ജോൺ) ഓർത്തു ദൈവത്തെ സ്തുതിക്കുന്നു. ദൈവത്തിൽ പ്രത്യാശവച്ചിരുന്ന വിശുദ്ധസ്ത്രീകളുടെ പട്ടികയിൽ വളരെ ഉന്നതമായ ഒരു സ്ഥാനം നേടത്തക്ക നിലയിൽ കർത്താവിനെയും ദൈവജനത്തെയും വളരെ ആദരിച്ച ഒരു പ്രിയ മാതാവാണ് നമ്മെ വിട്ടു കർത്തൃസന്നിധിയിലേക്കു പ്രവേശിച്ചിരിക്കുന്ന പ്രിയ അമ്മാമ്മ. കഴിഞ്ഞ 38 വർഷത്തോളം ഈ കുടുംബത്തോടുള്ള ബന്ധം എനിക്കുണ്ട്. അനേക കുടുംബങ്ങളെ പരിചയപ്പെടാനും കർത്തൃശുശ്രൂഷയിൽ ഭാഗ്യം ലഭിച്ചിട്ടുണ്ട്. എന്നാൽ അവരെയെല്ലാവരെക്കാളും ഇത്ര ഹൃദ്യമായ നിലയിൽ ഹൃദയത്തോടുചേർന്നുനിന്ന ഇതിനേക്കാൾ വേറൊരു കുടുംബം ഉണ്ടോ എന്നെനിക്കു തോന്നാത്തനിലയിൽ അത്രയ്ക്കു എന്റെ ഹൃദയത്തെ തണുപ്പിച്ച ഒരു കുടുംബമാണിത്. വിശുദ്ധന്മാരുടെ ഹൃദയത്തെ തണുപ്പിക്കുന്നവർ എന്നു ഇവരെക്കുറിച്ചു പറയുവാൻ കഴിയും. പരസ്പരപൂരകങ്ങൾ എന്നു പറയത്തക്കവണ്ണം അത്ര നല്ലൊരു ഭർത്താവാണ് അങ്കിൾ. തക്ക ഒരു തുണ തന്നെയായിരുന്നു അമ്മാമ്മ. അമ്മാമ്മയുടെ പാട്ടുകൾ ശ്രദ്ധിച്ചാൽ താൻ കർത്താവിലുള്ള ഏറിയ പ്രത്യാശയിലാണു ജീവിച്ചിരുന്നതെന്നു മനസ്സിലാക്കാം. മക്കളെ ദൈവകൃപയിൽ വളർത്തി. അവർ മൂന്നുപേരെയും എനിക്കു ഏറ്റവും അടുത്തറിയാം. 1980 മുതൽ 1983 വരെയുള്ള കാലഘട്ടത്തിൽ അവരെ സണ്ടേസ്കൂൾ പഠിപ്പിക്കാനും അവരെ ആത്മീയമായ നിലയിൽ വളർന്നുകാണ്മാനും കഴിഞ്ഞു. ഞങ്ങൾ ജ്യേഷ്ഠാനുജന്മാരായി ഒന്നിച്ചു കഴിയുവാൻ സാധിച്ചു. എന്റെ ശുശ്രൂഷയുടെ പ്രാരംഭനാളുകളിൽ അനേകം ശുശ്രൂഷകൾക്കു നേതൃത്വം നല്കുവാനുള്ള പ്രോത്സാഹനം നല്കിയതിൽ അമ്മാമ്മ മുൻപന്തിയിലായിരുന്നു. പ്രിയ അങ്കിളിനെയും അമ്മാമ്മയെയും മക്കൾ മൂവരെയും അവരുടെ കുടുംബങ്ങളെയും ഓർത്തു ഞാൻ ദൈവത്തെ സ്തുതിക്കുന്നു. കർത്താവു അവരെ ധാരാളമായി അനുഗ്രഹിക്കട്ടെ.

യോഹന്നാൻ 12-ാം അദ്ധ്യായത്തിൽ നമ്മുടെ കർത്താവു പറഞ്ഞ വാക്കുകൾ വളരെ ശ്രദ്ധേയമാണ്. "എനിക്കു ശുശ്രൂഷ ചെയ്യുന്നവൻ എന്നെ അനുഗമിക്കട്ടെ; ഞാൻ ഇരിക്കുന്നേടത്തു എന്റെ ശുശ്രൂഷക്കാരനും ഇരിക്കും; എനിക്കു ശുശ്രൂഷ ചെയ്യുന്നവനെ പിതാവു മാനിക്കും". (യോഹ. 12:26). ഈ വാക്യത്തിൽ എനിക്കു ശുശ്രൂഷ ചെയ്യുന്നവൻ എന്ന പ്രയോഗം മൂന്നുപ്രാവശ്യം ആവർത്തിച്ചു പറഞ്ഞിരിക്കുന്നതു ശ്രദ്ധിക്കുക. ഞാൻ ഇരിക്കുന്നിടത്തു എന്റെ ശുശ്രൂഷക്കാരനും എന്റെ ശുശ്രൂഷക്കാരത്തിയും ഇരിക്കും. നമ്മുടെ കർത്താവു നല്കിയിരിക്കുന്ന വാഗ്ദത്തങ്ങളുടെ കൂട്ടത്തിൽ ഏറ്റവും ഉന്നതമായ വാഗ്ദത്തമായി ഞാനിതിനെ കരുതുന്നു. കർത്താവുതന്നെ സുവിശേഷങ്ങളിലും വെളിപ്പാടുപുസ്തകത്തിലും അതു പറഞ്ഞിരിക്കുന്നത് വളരെയധികം ശ്രദ്ധേയമാണ്.

യോഹന്നാൻ 14-ൽ ''ഞാൻ നിങ്ങൾക്കു സ്ഥലമൊരുക്കാൻ പോകുന്നു. സ്ഥലമൊരുക്കിയാൽ ഞാൻ ഇരിക്കുന്നിടത്തു നിങ്ങളും ഇരിക്കേണ്ടതിന്നു പിന്നെയും വന്നു നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും" എന്നു പറഞ്ഞിരിക്കുന്നു. ഈ അമ്മാമ്മയെയും ഒരുക്കപ്പെട്ട സ്ഥലത്തേക്കു കൊണ്ടുപോകുവാൻ കർത്താവു വരും. അതോർത്തു നമുക്കു ദൈവത്തെ സ്തുതിക്കാം. കർത്താവിന്റെ മഹത്ത്വം കണ്ടുകൊണ്ട്, അവന്റെ തേജസ്സു കണ്ടുകൊണ്ട് കർത്താവു ഇരിക്കുന്നിടത്തു തന്നെ തന്റെ മക്കൾ, വീണ്ടെടുക്കപ്പെട്ട സകല ജനവും ഇരിക്കും.

"പിതാവേ, നീ ലോകസ്ഥാപനത്തിന്നു മുമ്പെ എന്നെ സ്നേഹിച്ചിരിക്കകൊണ്ടു എനിക്കു നല്കിയ മഹത്ത്വം നീ എനിക്കു തന്നിട്ടുള്ളവർ കാണേണ്ടതിന്നു ഞാൻ ഇരിക്കുന്ന ഇടത്തു അവരും എന്നോടുകൂടെ ഇരിക്കേണം എന്നു ഞാൻ ഇച്ഛിക്കുന്നു'' (യോഹന്നാൻ 17:24).

''ജയിക്കുന്നവന്നു ഞാൻ എന്നോടു കൂടെ എന്റെ സിംഹാസനത്തിൽ ഇരിപ്പാൻ വരം നല്കും" (വെളി. 3:21). ഞാൻ ഇരിക്കുന്നിടത്ത് ഇരിക്കും. മാത്രമല്ല, പിതാവു നല്കിയിരിക്കുന്ന മഹത്ത്വം കണ്ടുകൊണ്ട് എന്നോടു കൂടെ എന്റെ സിംഹാസനത്തിൽ ഇരിക്കും. എത്ര വലിയ പദവിയാണത്.

നമ്മെ വിട്ടു കർത്തൃസന്നിധിയിലേക്കു ഈ പ്രിയ അമ്മാമ്മയുടെ ആത്മാവു പ്രവേശിച്ചു. നമ്മുടെ ശരീരത്തെയും കർത്താവു വിലകൊടുത്ത് വീണ്ടെടുത്തതാണ്. ആ ശരീരത്തെ വീണ്ടെടുക്കുവാൻ കർത്താവു വേഗം വരും.

"കർത്താവു താൻ ഗംഭീരനാദത്തോടും പ്രധാനദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടുംകൂടെ സ്വർഗ്ഗത്തിൽനിന്നു ഇറങ്ങിവരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയിർത്തെഴുന്നേല്ക്കയും ചെയ്യും. പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോടു ഒരുമിച്ചു ആകാശത്തിൽ കർത്താവിനെ എതിരേല്പാൻ മേഘങ്ങളിൽ എടുക്കപ്പെടും. ഇങ്ങനെ നാം എപ്പോഴും കർത്താവിനോടു കൂടെ ഇരിക്കും" (1 തെസ്സ. 4:16,17).

കർത്താവു നാലുപ്രാവശ്യം "ഞാൻ ഇരിക്കുന്നിടത്തു നിങ്ങളും ഇരിക്കു"മെന്നു പറഞ്ഞു. എന്നാൽ നമ്മുടെ ഏറ്റവും വലിയ ആശ്വാസമെന്നു പറഞ്ഞിരിക്കുന്നത് വിട്ടു പിരിഞ്ഞു കർത്താവിനോടുകൂടെ ആയിരിക്കുമെന്നതാണ്. നമ്മെ വിട്ടു കർത്തൃസന്നിധിയിലേക്കു പ്രവേശിച്ച മൃതന്മാർ എല്ലാവരും കർത്തൃസന്നിധിയിൽ സന്തോഷിക്കുന്നു. മറവുചെയ്ത ശരീരത്തെ സംബന്ധിച്ചിടത്തോളം രക്ഷിതാവും കർത്താവുമായ യേശുക്രിസ്തു വരുമെന്നു നാം കാത്തിരിക്കുന്നു. അവൻ നമ്മുടെ താഴ്ചയുള്ള ശരീരത്തെ തന്റെ മഹത്ത്വമുള്ള ശരീരത്തോടു അനുരൂപമായി രൂപാന്തരപ്പെടുത്തും. "അവൻ പ്രത്യക്ഷനാകുമ്പോൾ നാം അവനെ താൻ ഇരിക്കുംപോലെ തന്നേ കാണുന്നതാകകൊണ്ട് അവനോടു സദൃശന്മാരാകും'' (1 യോഹന്നാൻ 3:2).

അമ്മാമ്മ അനുഗൃഹീതമായ ഒരു മാതൃക നമുക്കായി കാണിച്ചുതന്നു. കർത്താവിന്റെ വേലയിൽ എപ്പോഴും വർദ്ധിച്ചുവന്നു. സുവിശേഷത്തെക്കുറിച്ചു ലജ്ജിക്കാതെ അനേകരെ നേടി. കർത്താവിന്റെ മുമ്പിൽ നില്ക്കുമ്പോൾ അനേക കിരീടങ്ങളുമായി നാം ഈ അമ്മാമ്മയെ കാണും. അങ്കിളും അമ്മാമ്മയും പരസ്പരപൂരകങ്ങളായി നിന്ന് കർത്താവിന്റെ വേല ചെയ്യേണ്ടുന്ന മാതൃക നമുക്ക് കാട്ടിത്തന്നു. നമുക്ക് ആ മാതൃക പിൻപറ്റാം.

''ആകയാൽ എന്റെ പ്രിയ സഹോദരന്മാരേ, നിങ്ങൾ ഉറപ്പുള്ളവരും കുലുങ്ങാത്തവരും നിങ്ങളുടെ പ്രയത്നം കർത്താവിൽ വ്യർത്ഥമല്ല എന്നു അറിഞ്ഞിരിക്കയാൽ കർത്താവിന്റെ വേലയിൽ എപ്പോഴും വർദ്ധിച്ചു വരുന്നവരും ആകുവിൻ" (1 കൊരി. 15:58). ☺

# പ്രത്യാശ (1തെസ്സ.4:13a)

ഇവാ. ചാണ്ടപ്പിള്ള ഫിലിപ്പ്, കോട്ടയം



*(ബ്രദർ ചാണ്ടപ്പിള്ള ഫിലിപ്പാണ് സംസ്കാരശുശ്രൂഷയിൽ മുഖ്യപ്രഭാഷണം നടത്തിയത്. അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ഏറ്റവും പ്രസക്ത ഭാഗങ്ങളാണ് ചുവടെ ചേർത്തിരിക്കുന്നത്. Ed. )*

**അ**മ്പത്തിരണ്ടുവർഷത്തെ ദാമ്പത്യ ബന്ധത്തിനു വിരാമം കുറിച്ചുകൊണ്ട് 78-ാം വയസ്സിൽ താൻ പ്രിയംവച്ച യേശുക്രിസ്തുവിന്റെ സന്നിധാനത്തിൽ പ്രവേശിച്ച ഈ അനുഗൃഹീതയായ ദൈവദാസിയെ ഓർത്തു ഞാൻ ദൈവത്തെ സ്തുതിക്കുന്നു. സണ്ണിച്ചായൻ, ചാൾസ്ജോൺസാർ, തുംകൂറിലുള്ള ശ്രീമതി മേരി അഞ്ചൻ ഇവരെ സംബന്ധിച്ചുള്ള ചില വസ്തുതകൾ വസ്തുതകളായും അനുസ്മരണത്തിന്റെ വാക്കുകളായും കേട്ടുകഴിഞ്ഞു. ഇവരുടെ ഐക്യം, ഇവരുടെ സ്നേഹം, ഇവരുടെ ആതിഥ്യം, ഇവരുടെ സുവിശേഷദർശനം ഇതൊക്കെ എങ്ങനെ ഉണ്ടായി? അതൊരു വലിയ ചോദ്യമായിട്ടാണു പലരും ചോദിക്കുന്നത്. ദീർഘ വർഷങ്ങൾ ആ കുടുംബവുമായുള്ള ആത്മികബന്ധത്തിന്റെ അടിസ്ഥാനത്തിൽ ഞാനതിനു മറുപടി പറയുകയാണ്. അവരുടെ വാത്സല്യപിതാവ് പണ്ഡിറ്റ് എം.എം.ജോൺ സാറിൽ നിന്നും അദ്ദേഹത്തിന്റെ സഹധർമ്മിണിയായ ഇവരുടെ മാതാവിൽ നിന്നും ലഭിച്ച ഒരുനല്ല പൈതൃകമാണത്.

1983 മുതൽ 86 വരെ പത്തനംതിട്ട ജില്ലയിൽ വെണ്ണിക്കുളത്തിനടുത്ത് വാളക്കുഴി എന്ന സ്ഥലത്തു ഞാൻ താമസിച്ച് ദൈവവേലയിൽ ഏർപ്പെട്ടിരുന്ന കാലഘട്ടത്തിൽ ആഴ്ചയിൽ കുറഞ്ഞത് രണ്ടു ദിവസമെങ്കിലും വൈകിട്ട് വാളക്കുഴിയിലുള്ള ആ വാത്സല്യ ഭവനത്തിൽ കടന്നുചെല്ലുക പതിവായിരുന്നു. അന്നവിടെ മക്കളോ, കൊച്ചുമക്കളോ ഉണ്ടായിരുന്നില്ല. എം.എം.ജോൺ സാറും അദ്ദേഹത്തെ ശുശ്രൂഷിക്കാൻ ഒരു ബാല്യക്കാരത്തിയും മാത്രമാണുണ്ടായിരുന്നത്. എം.എം.ജോൺ സാർ കേവലമൊരു സുവിശേഷവേലക്കാരൻ ആയിരുന്നില്ല. അദ്ദേഹം മലയാളം പണ്ഡിറ്റും ഒരു സ്കൂൾ അധ്യാപകനുമായിരുന്നു. വേഷത്തിൽ അതീവലാളിത്യം പുലർത്തിയ ഒരു ഖദർജൂബാ ധാരിയായിരുന്നു. വളരെ പരുക്കൻ തുണികൊണ്ടുള്ള ജൂബാ. പൗലൊസിനെപ്പോലെ ഒരു കുറിയ മനുഷ്യൻ. ഞാനവിടെ ചെല്ലുന്നത് അദ്ദേഹത്തെ ചൂഷണം ചെയ്യാനായിരുന്നു. ചൂഷണം പണമായിരുന്നില്ല, പ്രത്യുത, അദ്ദേഹത്തിന്റെ അറിവു മുഴുവനും ചൂഷണം ചെയ്യുകയായിരുന്നു. ഇന്നും എന്റെ ലൈബ്രറിയിൽ അദ്ദേഹം തന്ന ഒരു ഈടുറ്റഗ്രന്ഥം ഉണ്ട്. ഇന്നു നിത്യതയിൽ വിശ്രമിക്കുന്ന ആ വന്ദ്യപിതാവിൽ നിന്നും ലഭിച്ച ഒരു ആത്മിക പൈതൃകമാണ് ഇവരുടെയൊക്കെ കുടുംബ ജീവിതത്തിൽ മൂലധനമായിരിക്കുന്നത്.

ഗുഡ്ന്യൂസ് പ്രവർത്തനത്തിന്റെ പല മേഖലകളിൽ പ്രവർത്തിക്കാൻ എനിക്കു അവസരം ലഭിച്ചിട്ടുണ്ട്. ഗുഡ്ന്യൂസെന്നു പറഞ്ഞാൽ നല്ല വിശേഷം അല്ലെങ്കിൽ നല്ല വാർത്ത എന്നാണ്. അമേരിക്കയുടെ സുഖസൗകര്യങ്ങളിലൂടെ യാത്ര ചെയ്യാമായിരുന്ന ഈ ദമ്പതികൾ ഈ സ്ഥലത്തേക്കു വന്നത് കേരളത്തിലുള്ള ജനങ്ങളോടുള്ള ആത്മഭാരം

നിമിത്തമാണ്. ദീർഘവർഷങ്ങൾ ഇവിടെ അദ്ധ്വാനിച്ച ദൈവദാസന്റെ ഓരം ചേർന്ന് ആ ദൈവദാസനു ഒരു പ്രോത്സാഹനമായി, ധൈര്യം കൊടുത്തുകൊണ്ട് ദൈവത്തിന്റെ വേലയിൽ ദീർഘവർഷങ്ങൾ പ്രവർത്തിച്ച ഈ ദൈവദാസിയുടെ ഭൗതിക ശരീരത്തിന്റെ മുമ്പിൽ നിന്നുകൊണ്ട് ഞാനൊരു ബിഗ് സല്യൂട്ട് കൊടുക്കുകയാണ്; കാരണം, ക്രിസ്തുവിന്റെ പടയാളിയല്ലേ, പടയാളിയുടെ ശരീരമല്ലേ ഇവിടെ കിടക്കുന്നത്? തീർച്ചയായും അവർ അതിനു അർഹതയുള്ളവളാണ്.

അനുസ്മരണത്തിന്റെ വാക്കുകൾ പറഞ്ഞവർ ആവർത്തിച്ചു പറഞ്ഞ ഒരു പദമാണ് പ്രത്യാശ. ബൈബിളിൽ മാത്രം മനുഷ്യനോടു സംസാരിക്കുന്ന ഒരു വിഷയമാണ് പ്രത്യാശ എന്നത്. പ്രത്യാശ പ്രതീക്ഷയല്ല, പ്രതീക്ഷ പ്രത്യാശയല്ല. ഇതുരണ്ടും രണ്ടാണ്. പ്രതീക്ഷ ഒരു പൂവണിയണമെന്നില്ല; നിവർത്തിക്കപ്പെടണമെന്നില്ല. പക്ഷേ പ്രത്യാശ നിശ്ചയമായും പൂവണിയുന്നതാണ്. അത് ഉറപ്പുള്ളതാണ്. ഇവിടെ പൗലൊസ് പറയുന്നത് പ്രത്യാശയില്ലാത്ത മറ്റുള്ളവരെപ്പോലെ നിങ്ങൾ ദുഃഖിക്കരുത് എന്നാണ്. പൗലൊസിന്റെ സുവിശേഷപ്രസംഗം കേട്ടു രക്ഷിക്കപ്പെട്ട തെസ്സലൊനിക്കയിലെ വിശ്വാസികൾ നിദ്ര പ്രാപിക്കയുണ്ടായി. ആ മരിച്ചവരെക്കുറിച്ച് അവിടെയുള്ളവർ അധികമായി ദുഃഖിക്കാൻ ഇടയായി. വേർപാടു ദുഃഖം ഉളവാക്കും. എന്നാൽ പൗലൊസ് ഇവിടെ പറയുന്നത് പ്രത്യാശയില്ലാത്ത മറ്റുള്ളവരെപ്പോലെ ദുഃഖിക്കരുതെന്നാണ്.

എന്താണ് പ്രത്യാശ? ലോകജനതയെ മൂന്നായി വിഭജിക്കാം. ഒന്നാമത്തെ കൂട്ടർ ഭാവിയെ അവഗണിക്കുന്നവരാണ്. മരണത്തെയും മരണാനന്തരജീവിതത്തെയും അവർ അവഗണിക്കുന്നു. ദൈവമില്ല, സ്വർഗ്ഗമില്ല, നരകമില്ല, മരണത്തിനപ്പുറമൊരു ജീവിതമില്ല എന്നൊക്കെ പറഞ്ഞ് ഭാവിയെ അവഗണിക്കുന്ന ഒന്നാമത്തെ ആളുകൾ. നിങ്ങൾ ഭാവിയെ അവഗണിക്കുന്നവരാണോ? എങ്കിൽ അതൊരപകടമാണെന്നു ഞാൻ മുന്നറിയിപ്പു നല്കുന്നു. മരണത്തിന്റെ മറുകരയിൽ മനുഷ്യനൊരു ജീവിതമുണ്ട്. ഒരു നിത്യതയുണ്ട്.

രണ്ടാമത്തെ കൂട്ടർ ഭാവിയെ ഭയപ്പെടുന്നു. മരണത്തിനപ്പുറമുള്ള ജീവിതത്തെക്കുറിച്ച് കേൾക്കുമ്പോൾ, സ്വർഗ്ഗത്തെക്കുറിച്ചു കേൾക്കുമ്പോൾ, നരകത്തെക്കുറിച്ചു കേൾക്കുമ്പോൾ അവർക്കു ഭയമാണ്. 'എരിയുന്ന നരകം' എന്ന ഫിലിം പ്രദർശിപ്പിച്ച കാരണത്താൽ ഇനി കൺവൻഷൻ നടത്താൻ സ്ഥലം നല്കില്ലെന്നു പറഞ്ഞ ഒരാളിന്റെ കഥ ഓർക്കുന്നു. കാരണം, "എന്റെ അഴലെടുത്തുപോയി; കഴിഞ്ഞ രാത്രി പടം കണ്ടശേഷം ഒരുപോള കണ്ണടയ്ക്കാൻ എനിക്കു സാധിച്ചില്ല". നരകത്തിന്റെ ഫിലിം കണ്ടിട്ടു ഉറക്കം നഷ്ടപ്പെട്ടത് ഭാവിയെ ഭയന്നാണ്. അങ്ങനെയുള്ളവരോടു എനിക്കു പറയാനുള്ളത്, ഭയപ്പെടാതിരിക്കാനുള്ള മാർഗ്ഗം ബൈബിൾ നിങ്ങളുടെ മുമ്പിൽ തരുന്നുണ്ട്. ഇനി മൂന്നാമത്തെ കൂട്ടർ ഭാവിയുടെ ചക്രവാളത്തിലേക്കു നോക്കി പുഞ്ചിരിക്കുന്നവരാണ്. അവരാണ് ദൈവമക്കൾ, രക്ഷിക്കപ്പെട്ടവർ; വീണ്ടെടുക്കപ്പെട്ടവർ അവർക്കാണു പ്രത്യാശയുള്ളത്.

എന്താണു പ്രത്യാശ? ഫിലി.3-ാം അദ്ധ്യായം 20-ാം വാക്യത്തിൽ "നമ്മുടെ പൗരത്വമോ സ്വർഗ്ഗത്തിൽ ആകുന്നു. അവിടെ നിന്നു കർത്താവായ യേശുക്രിസ്തു രക്ഷിതാവായി വരും എന്നു നാം കാത്തിരിക്കുന്നു". അതാണു വീണ്ടെടുക്കപ്പെട്ടവരുടെ പ്രത്യാശ. കഴിഞ്ഞ സുദീർഘവർഷങ്ങൾ ആ കാത്തിരിപ്പിലൂടെ താൻ പ്രിയം വച്ച കർത്താവിന്റെ സവിധത്തിലേക്കു ഈ ദൈവദാസി കടന്നുപോയിരിക്കയാണ്. അതാണു പ്രത്യാശ. നമ്മെ ചേർക്കുവാൻ ആ കർത്താവു വേഗം വരുവാൻ പോകയാണ്. യേശുക്രിസ്തുവിന്റെ വരവിങ്കൽ ക്രിസ്തുവിൽ മരിച്ചവർ ഉയിർത്തെഴുന്നേറ്റ് അവനോടൊപ്പം എടുക്കപ്പെടും. ഈ കർത്തൃദാസി അന്നു ഉയിർത്തെഴുന്നേല്ക്കും. താങ്കൾ പ്രത്യാശയുടെ ഭാഗഭാക്കോ? ☺

# അനുസ്മരണം



ഇ.പി. ചെറിയാൻ, മാലയിൽ, വെണ്ണിക്കുളം, കേരളം

**വെ**ണ്ണിക്കുളം മാലയിൽ കുടുംബാംഗമായ കർത്താവിൽ നിദ്രപ്രാപിച്ചിരിക്കുന്ന കുഞ്ഞമ്മ(അന്നമ്മ)യുടെ ദേഹവിയോഗത്തിൽ മാലയിൽ കുടുംബത്തിനുള്ള അനുശോചനം രേഖപ്പെടുത്തിക്കൊള്ളുന്നു. നല്ല കുടുംബബന്ധം, നല്ല സ്നേഹബന്ധം, നല്ല ആത്മീയബന്ധം കുടുംബവുമായി നിലനിർത്തിയിരുന്ന ഒരു സഹോദരിയാണ് ഇന്നു കർത്താവിന്റെ സന്നിധിയിലേക്കു പോയിരിക്കുന്നത്. ഗുഡ്ന്യൂസിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ടു പ്രസിദ്ധീകരിക്കുന്ന ക്രൈസ്തവ വനിതയുടെ ചീഫ് എഡിറ്ററായിരിക്കുമ്പോഴാണ് ഈ സംഭവം നടക്കുന്നത്. തന്റെ ക്രിസ്തുവിലുള്ള വെളിച്ചം, ക്രിസ്തുവിലുള്ള ചിന്ത, വേദപുസ്തകത്തെക്കുറിച്ചുള്ള അഗാധമായ പഠനം എല്ലാം ക്രൈസ്തവ വനിതയിൽ കുഞ്ഞമ്മ രേഖപ്പെടുത്തിയിട്ടുണ്ട്. അതു വായനക്കാരെ സംബന്ധിച്ചിടത്തോളം വളരെയധികം വിലപിടിപ്പുള്ള വാചകങ്ങളാണ്. ധ്യാനനിരതയായിരുന്നുകൊണ്ട് ഒരുപാടൊരുപാട് ഭക്തിഗാനങ്ങൾ രചിച്ചിട്ടുണ്ട്. അതു കാസറ്റുകളും സി.ഡികളുമായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. അങ്ങനെ ആത്മീയരംഗത്ത് ആത്മാക്കളെ രക്ഷിക്കാനായി 78 വർഷക്കാലം ഭൂമിയിൽ കർത്തൃദാസി ഒരുപാട് പ്രവർത്തിച്ച് കർത്തൃസന്നിധിയിൽ പ്രവേശിച്ചിരിക്കുന്നു.

മരണം അനിവാര്യമായ ഒരു ഘടകമാണ്. മരണത്തെക്കുറിച്ച് അപ്പൊസ്തലനായ വിശുദ്ധ പൗലൊസ് പറയുന്നത്, ജീവിക്കുന്നത് ക്രിസ്തുവും മരിക്കുന്നതു ലാഭവുമെന്നാണ്. 78 വർഷക്കാലം ഈ ഭൂമിയിൽ ദൈവത്തിനുവേണ്ടി ജീവിച്ചു. ഇനി കർത്താവിനോടുചേർന്ന് ഏറ്റവും ശ്രേഷ്ഠമായ അവസ്ഥയിൽ, പൗലൊസിന്റെ കാഴ്ചപ്പാടിൽ മരണം ഏറ്റവും വിശിഷ്ടമായ ഒരവസ്ഥയാണ്. ആ വിശുദ്ധഅവസ്ഥയിലേക്കു, ഏറ്റവും ലാഭകരമായ അവസ്ഥയിലേക്കു കുഞ്ഞമ്മ പ്രവേശിച്ചിരിക്കയാണ്. ആ ധന്യമായ ജിവിതത്തെ ഓർത്തു ഞങ്ങൾ ദൈവത്തെ അങ്ങേയറ്റം സ്തുതിക്കയാണ്. ഇനിയും നമുക്കു ഒരിക്കൽ കണ്ടുമുട്ടാനായി കർത്താവ് ഒരു സമയം ഒരുക്കിയിരിക്കുന്നു. അതു അവിടത്തെ രണ്ടാമത്തെ വരവിങ്കൽ- കർത്താവ് തന്റെ ഗംഭീരനാദത്തോടെ, പ്രധാനദൂതന്റെ ശബ്ദത്തോടെ, ദൈവത്തിന്റെ കാഹളത്തോടെ സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങിവരുമ്പോൾ കർത്താവിൽ മരിച്ചവർ ഉയിർക്കുന്ന സന്ദർഭം. അന്നു നിത്യതയുടെ അനുഭവത്തിൽ കർത്താവിനോടു ചേർന്നിരിക്കുന്ന കുഞ്ഞമ്മയെ മുഖാമുഖം കാണാമെന്നുള്ള വലിയ പ്രത്യാശയോടെ നമുക്കു ഈ ഭൗതികശരീരത്തെ യാത്രയാക്കാം. കർത്താവ് നമ്മെ അനുഗ്രഹിക്കട്ടെ.

ചാർലിയെ (ചാൾസ് ജോൺ) സംബന്ധിച്ച് ഒരു വാചകം പറയട്ടെ. കുഞ്ഞമ്മയുടെ ആരോഗ്യസ്ഥിതി മോശമായിരുന്ന സന്ദർഭത്തിലൊക്കെയും ചാർലി വളരെ ആത്മാർത്ഥതയോടെ, യാതൊരു പരിഭവവുംകൂടാതെ കുഞ്ഞമ്മയെ ശുശ്രൂഷിച്ചത് വലിയൊരു സംഭവം തന്നെയാണ്. കർത്തൃശുശ്രൂഷയിൽ ഏറ്റവും ശ്രേഷ്ഠമായ ശുശ്രൂഷ നിർവ്വഹിച്ച ചാർലിയെ ഞാൻ അങ്ങേ അറ്റം അഭിനന്ദിക്കുന്നു. ദുഃഖത്തിലിരിക്കുന്ന ഏവരെയും കർത്താവ് ആശ്വസിപ്പിക്കട്ടെ. ☺

# എന്റെ ആന്റിയെക്കുറിച്ച്

ഷെറിൻ കിംഗ്സ്റ്റൻ, ഗുഡ്ന്യൂസ് മിനിസ്ട്രീസ്
തിരുവനന്തപുരം



**ക**ഴിഞ്ഞ 27 വർഷങ്ങളായി (1991 സെപ്റ്റംബർ,19 മുതൽ) പ്രിയ സാറിനോടും, ആന്റിയോടും കൂടെ കർത്താവിന്റെ വേലയിൽ ഗുഡ്ന്യൂസ് മിനിസ്ട്രീസിൽ ഒരുമിച്ച് പ്രവർത്തിക്കുവാൻ എനിക്ക് സാധിച്ചത് ഒരു ഭാഗ്യമായി ഞാൻ കരുതുന്നു. ദൈവത്തെ അവർ മാനിച്ചു. "എന്നെ മാനിക്കുന്നവരെ ഞാൻ മാനിക്കും" (1 ശമുവേൽ 2:30) എന്ന വചനപ്രകാരം സാറിനെയും ആന്റിയെയും കുടുംബമായി ദൈവം മാനിച്ചു കർത്തൃ വേലയിൽ ഇന്നയോളം നടത്തി. ആയതിനായി ദൈവത്തിന് നന്ദി കരേറ്റുന്നു. ഇങ്ങനെ ഒരു അനുസ്മരണം എഴുതുവാൻ എനിക്ക് അവസരം തന്നതിൽ ഞാൻ സാറിന് നന്ദി പറയുന്നു. ഇതുവരേയും ഞാൻ സ്വയമായി നിന്നതല്ല ദൈവം എന്നെ നിർത്തിയതാണ് എന്ന് ധൈര്യത്തോടെ ദൈവനാമമഹത്ത്വത്തി നായി പറയുവാൻ എനിക്കും സാധിക്കുന്നു. ഇനിയും നടത്തുന്നവൻ വിശ്വസ്തൻ.

ദൈവം തങ്ങളെ ഏല്പിച്ച ശുശ്രൂഷ നിറപടിയായി ചെയ്യുവാൻ ദൈവം അവർക്ക് കൃപ കൊടുത്തു. ഗുഡ്ന്യൂസിൽ ജോലിയിൽ പ്രവേശിച്ചപ്പോൾ ഞങ്ങൾക്ക്, പ്രത്യേകിച്ച് സ്ത്രീകൾക്ക് വസ്ത്രധാരണത്തിൽ ഡ്രസ്സ് കോഡ് ഉണ്ടായിരുന്നു. അത് സാരിയും ബ്ലൗസും ആയിരുന്നു. സ്ത്രീകൾ മാന്യമായി വസ്ത്രധാരണം ചെയ്യണം എന്നു ആന്റിക്ക് നിർബ്ബന്ധമുണ്ടായിരുന്നു. "വേലി തന്നെ വിളവ് തിന്നരുത്" എന്ന് പറയുമായിരുന്നു. അതുപോലെ ഓഫീസും റൂമുകളും, മേശയും എല്ലാം വൃത്തിയായും അടുക്കിയും സൂക്ഷി ക്കണമായിരുന്നു. ഇടയ്ക്കിടെ വന്ന് എന്റെ മേശയും, റൂമും വൃത്തിയാക്കി തന്നിട്ട് "ഇതുപോലെ ഇരിക്കണം എന്നും" എന്ന് എന്നെ പഠിപ്പിക്കുമായിരുന്നു. തെറ്റ് കണ്ടാൽ മുഖം നോക്കാതെ ഉടൻ തന്നെ പറയും. അതിൽ മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ, സ്റ്റാഫ്, ബന്ധുക്കൾ എന്നൊരു വ്യത്യാസവും ഇല്ല. നാളെ ചെയ്യാം എന്ന് പറഞ്ഞ് ഒന്നും മാറ്റി വച്ചിട്ടില്ല. തികച്ചും അടുക്കും, ചിട്ടയും ജീവിതശൈലിയാക്കിയ വ്യക്തിയായിരുന്നു ആന്റി. ആന്റി നല്ലൊരു പാചകക്കാരിയായിരു ന്നു. അക്കാര്യം രുചിച്ചറിയാൻ എനിക്ക് ധാരാളം സന്ദർഭങ്ങൾ ലഭിച്ചിട്ടുണ്ട്.

ആദ്യകാലങ്ങളിൽ ആന്റി താമസിച്ചി രുന്ന സ്ഥലങ്ങളിലെ വീടുകളിൽ ഞങ്ങൾ ഒരുമിച്ച് കയറി ഇറങ്ങി സുവിശേഷം പറയുകയും, ട്രാക്റ്റുകൾ കൊടുക്കുകയും ചെയ്തിരുന്നു. കൂടാതെ ആശുപത്രി സന്ദർ ശനം, മുട്ടടയിലെ ചെഷയർ ഹോം സന്ദർ ശനം, രോഗികളുടെ വീടുകളിൽ പോയി പ്രാർത്ഥിക്കുക എന്നിവ പതിവായിരുന്നു. തന്റെ രോഗാവസ്ഥയിൽ ജാതിമതഭേദമെന്യ തന്നെ ശുശ്രൂഷിച്ചിരുന്ന ഏവരോടും സുവി ശേഷം പറയുകയും ചെയ്യുമായിരുന്നു. ഇക്കാലമത്രയും പ്രിയ ആന്റി മറ്റുള്ളവരുടെ സുഖങ്ങളും, ദുഃഖങ്ങളും കേൾക്കുവാനുള്ള മനസ്സ് കാണിക്കുകയും അവരെ സഹായി ക്കുകയും ചെയ്യുന്ന വ്യക്തിയായിരുന്നു. സഹായം അഭ്യർത്ഥിച്ചു വരുന്ന ആരേയും വെറുംകൈയോടെ വിട്ടിട്ടില്ല. അതുപോലെ തന്നെ, പാർശ്വവത്ക്കരിക്കപ്പെട്ടവരോട്

പ്രത്യേകം കരുതലും സ്നേഹവും ഉണ്ടായിരുന്നു. ആന്റി നല്ലൊരു വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു.

സഹോദരിമാർക്കുവേണ്ടി ആഴ്ചയിൽ ഒരിക്കൽ Ladies Meeting ഉണ്ടായിരുന്നു. അതിന് നേതൃത്വം നല്കിയിരുന്നത് ആന്റിതന്നെയാണ്. വചനശുശ്രൂഷയും ആന്റി തന്നെയാണ് നിർവ്വഹിച്ചിരുന്നത്. ചിലപ്പോഴെല്ലാം എനിക്കും വചനശുശ്രൂഷയ്ക്ക് അവസരം നല്കിയിരുന്നു. ആന്റി രചിച്ച 150–ൽ പരം പാട്ടുകൾ ഉണ്ട്. അതിൽ 110 പാട്ടുകൾ 11 സി.ഡി.കളായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിൽ 3 സി.ഡികളിലെ പാട്ടുകൾ കിടക്കയിൽ വച്ച് എന്നോടു പറഞ്ഞുതന്ന് ഞാൻ എഴുതിയിട്ടുള്ളതാണ്. താൻ എഴുതിയ പാട്ടുകൾ എല്ലാം പാടുന്നവരും അതിന് ഈണം കൊടുക്കുന്നവരും രക്ഷിക്കപ്പെട്ടവർ തന്നെ ആയിരിക്കണം എന്ന നിർബ്ബന്ധമുണ്ടായിരുന്നു. അപ്രകാരം തന്നെയാണ് അത് നിർവ്വഹിക്കപ്പെട്ടത്. മനുഷ്യഹൃദയത്തെ തൊട്ടുണർത്തുന്നതും, വ്യക്തികൾക്ക് ധൈര്യവും ആശ്വാസവും പ്രത്യാശയും പകരുന്നതുമായ ഗാനങ്ങളാണ് കൂടുതലും ആന്റി എഴുതിയിട്ടുള്ളത്. “അതുകൊണ്ടു ശരീരത്തിൽ വസിച്ചാലും ശരീരം വിട്ടാലും ഞങ്ങൾ അവനെ പ്രസാദിപ്പിക്കുന്നവർ ആകുവാൻ അഭിമാനിക്കുന്നു” 2കൊരി. 5:9.

23 വർഷം ഗുഡ്ന്യൂസ് അപ്ഡേറ്റ് എന്ന പേരിൽ പ്രസിദ്ധീകരിച്ചിരുന്ന മാസിക ചില കാരണങ്ങളാൽ നിർത്തി വയ്ക്കേണ്ടി വന്നു. എന്നാൽ ആന്റിയുടെ പ്രോത്സാഹനത്തോടെ ക്രൈസ്തവ വനിതകൾക്ക് തങ്ങളുടെ കഴിവുകളെ വർദ്ധിപ്പിക്കുന്നതിന് ‘ക്രൈസ്തവ വനിത’ എന്ന പേരിൽ 2008 ജൂലൈ - ആഗസ്റ്റിൽ വീണ്ടും മാസിക ആരംഭിച്ചു. മാസികയുടെ ചീഫ് എഡിറ്റർ ആന്റിയായിരുന്നു. അതിൽ ആദ്യമെല്ലാം രണ്ടിൽ കൂടുതൽ ആർട്ടിക്കിൾസ് ആന്റി തന്നെ എഴുതിയിരുന്നു. ആന്റി എഴുതിയതും, എന്നോടു പറഞ്ഞുതന്നു എഴുതിയതുമായ ലേഖനങ്ങൾ ധാരാളം ഉണ്ട്. അതിൽ കുറച്ചു മാത്രമേ ഇതുവരെ പ്രസിദ്ധീകരിച്ചിട്ടുള്ളൂ. A fundamental Christian bi-monthly publication of the women, by the women, for the women എന്നാണ് ഈ മാസികയെക്കുറിച്ച് പറഞ്ഞിരിക്കുന്നത്.

ഒരു ഭർത്താവിന്റെ സ്നേഹവും, കരുതലും, വാത്സല്യവും, പരിചരണവും ഇത്രയധികം അനുഭവിച്ച ഒരു ഭാര്യയും ഉണ്ടായിരിക്കും എന്ന് തോന്നുന്നില്ല. ഭക്ഷണക്രമത്തിലും, മരുന്നു കൊടുക്കുന്നതിലും വളരെ കൃത്യനിഷ്ഠ ഉണ്ടായിരുന്നു. എവിടെ പോയാലും ഉച്ചയ്ക്ക് 12:30 ന് ഇൻസുലിൻ കൊടുക്കുന്നതിന് സാർ വീട്ടിൽ എത്തുക പതിവായിരുന്നു. കാറിൽ യാത്ര ചെയ്യുവാൻ കഴിയുന്ന ദിവസമെല്ലാം ആന്റിയെയുംകൊണ്ട് സാർ ഓഫീസിൽ വരുമായിരുന്നു. കൂടാതെ shopping നും ride -നും പോവുക പതിവായിരുന്നു. എന്തെങ്കിലും അസുഖം വന്നാൽ അപ്പോൾതന്നെ ആശുപത്രിയിൽ കൊണ്ടുപോകും. അത്ര കരുതലോടെ ആന്റിയെ സാർ ശുശ്രൂഷിച്ചിരുന്നു. ഇതുപോലെയുള്ള പരിചരണം ആർക്കും ലഭിക്കും എന്നും തോന്നുന്നില്ല. തികച്ചും അതിൽ ആന്റി ഒരു ഭാഗ്യവതി തന്നെയായിരുന്നു, “മമ്മി മരിക്കുന്നതിനുമുമ്പ് ഞാൻ മരിച്ചാൽ മമ്മിയെ പിന്നീട് ആര് ശുശ്രൂഷിക്കും” എന്നുള്ള വലിയ ആശങ്ക സാറിനുണ്ടായിരുന്നുവെന്നു മാത്രമല്ല, എന്നോട് സൂചിപ്പിക്കയും ചെയ്തിട്ടുണ്ട്. പ്രതിഫലം സാറിന് ദൈവം ധാരാളം കൊടുക്കും എന്നതിന് രണ്ടുപക്ഷമില്ല.

തന്റെ രോഗക്കിടക്കയിൽ ഒരിക്കൽ പോലും ദൈവത്തോട് പരാതി പറഞ്ഞതായി ഞാൻ കേട്ടിട്ടില്ല. അവസാനംവരെയും ചിരിച്ച മുഖം തന്നെയായിരുന്നു. ഒരിക്കൽപോലും “മതി കർത്താവേ എന്നെ വിളിക്കണേ” എന്നും പറഞ്ഞിട്ടില്ല. ശാരീരിക വേദന അനുഭവിക്കുമ്പോൾ പ്രാർത്ഥിക്കുവാൻ എന്നോടു പറയും.

വേദനയ്ക്ക് ശമനം ലഭിച്ചില്ലെങ്കിൽ പൗലൊസിനോട് യേശു കർത്താവ് പറഞ്ഞതുപോലെ "എന്റെ കൃപ നിനക്കു മതി. എന്റെ കൃപ ബലഹീനതയിൽ തികഞ്ഞു വരുന്നു" എന്ന വചനം പറഞ്ഞു ആശ്വസിക്കുമായിരുന്നു.

സമയകാലഭേദമെന്യേ എപ്പോൾ ആവശ്യപ്പെട്ടാലും, അപ്പോഴൊക്കയും ജയരാജ് ബ്രദറും കുടുംബവും സാറിന്റെയും ആന്റിയുടേയും കാര്യങ്ങൾ നിവർത്തിക്കുന്നതിന് വരുമായിരുന്നു. അതുപോലെ സിബി പാസ്റ്ററും സാറിനും ആന്റിക്കും വേണ്ടി വളരെ സഹായങ്ങൾ ചെയ്തിട്ടുണ്ട്. കഴിഞ്ഞ 4 വർഷമായി അനിൽ സഹോദരൻ ആന്റിക്കുവേണ്ടി ചെയ്ത ശുശ്രൂഷയും കരുതലും മറക്കാൻ സാധ്യമല്ല. എല്ലാ ദിവസവും രാവിലെ ആന്റിയെ കാണാതെ പുറത്ത് പോയാൽ കാണുന്ന വരോടെല്ലാം ''അനിൽ വന്നില്ലേ'' എന്ന് തിരക്കുമായിരുന്നു. അത്രത്തോളമുണ്ട് ആന്റിക്ക് അനിൽ സഹോദരനുമായുള്ള സ്നേഹബന്ധം. ആന്റിയെക്കുറിച്ച് അനിൽ പറയുന്നത് ഇപ്രകാരമാണ്: "എല്ലാ ദിവസവും മമ്മിയുടെ സ്നേഹാന്വേഷണം എന്നെ തേടി എത്തിയിരുന്നു. അത് എന്നെ വളരെയധികം സന്തോഷിപ്പിച്ചിരുന്നു. സ്വന്തം മക്കളെക്കാളുപരി എന്നെ സ്നേഹിച്ചിരുന്നു എന്ന് ഞാൻ മനസ്സിലാക്കി. 'അനിൽ ഇല്ലാതെ ഞാൻ ഒരിടത്തും വരുന്നില്ല. കുട്ടി എന്നെകൊണ്ട് പോയാൽ അതുപോലെ എന്നെ സുരക്ഷിതമായി തിരിച്ചുകൊണ്ടുവരും. അത് ഉറപ്പ് തന്നെയാണ്'. മമ്മിയുടെ ഈ വാക്കുകൾ ഇന്നും എന്റെ കാതുകളിൽ മുഴങ്ങുന്നുണ്ട്. ദിവസവും മമ്മി എന്നോട് സുവിശേഷം പറയാറുണ്ട്. അത് മമ്മിയുടെ ദൈവഭക്തി വെളിപ്പെടുത്തുന്നതിന് ഉത്തമ ഉദാഹരണമാണ്. മമ്മി ഞങ്ങളെ വിട്ടു ഈ ലോകത്ത് നിന്നും വിട വാങ്ങിയെങ്കിലും എനിക്ക് അത് ഉൾക്കൊള്ളാൻ കഴിയുന്നില്ല. അത്രയ്ക്കായിരുന്നു ഞാനും മമ്മിയും തമ്മിലുള്ള സ്നേഹബന്ധം 'ഒരമ്മയും മകനുമെന്ന പോലെ'. എപ്പോൾ കണ്ടാലും ചിരിക്കുന്ന മുഖവുമായി നില്ക്കുന്ന മമ്മിയുടെ മുഖം ഒരിക്കലും മായാതെ മനസ്സിൽ തെളിഞ്ഞു നില്ക്കുന്നു". അനിൽ സഹോദരൻ സാറിനെക്കുറിച്ച് പറയുന്നത്. ''ജീവിതത്തിന്റെ അവസാനനിമിഷം വരെയും മറ്റാരെക്കാളുപരി ക്ഷമയോടെ, സന്തോഷത്തോടെ പരിചരണം കൊടുത്ത എന്റെ സാറിനെ ദൈവം ധാരാളമായി അനുഗ്രഹിക്കട്ടെ" എന്നാണ്.

ആന്റി എന്നെ ഒരു മകളെപ്പോലെയാണ് കരുതിയിരുന്നത്. ഞാൻ വീട്ടിൽ ചെന്നാൽ ആന്റിയുടെ മുഖത്തിന് സന്തോഷമുണ്ട്. പരസ്പരം കാര്യങ്ങൾ പറഞ്ഞ് ചിരിക്കുകയും, ചിരിപ്പിക്കുകയും ചെയ്യുമായിരുന്നു. പരാതി പറയുന്ന സ്വഭാവം ഇല്ലായിരുന്നു. ഉള്ളതുകൊണ്ട് സന്തോഷത്തോടെ ജീവിക്കുവാൻ ആന്റി പഠിപ്പിച്ചിരുന്നു. എന്നോട് ബൈബിൾ വായിക്കുവാനും പ്രാർത്ഥിക്കുവാനും പറയുക പതിവാണ്. ഒരിക്കൽ ഒരു Surgery സമയത്ത് എന്നോടു പറഞ്ഞു "കുട്ടി എന്നെ ഇട്ടിട്ട് പോകല്ലേ". ഞാൻ പറഞ്ഞു "ഒരിക്കലും ഇല്ല ആന്റി ഞാൻ പോകത്തില്ല". അതുപോലെ അവസാനനിമിഷം വരെയും ആന്റിയുടെകൂടെ ആയിരിക്കുവാൻ കഴിഞ്ഞതിൽ ചാരിതാർത്ഥ്യം ഉണ്ട്. ദൈവത്തിന് നന്ദി പറയുന്നു. "തന്റെ ഭക്തന്മാരുടെ മരണം യഹോവയ്ക്കു വിലയേറിയതാകുന്നു" സങ്കീ. 116:15.

ആന്റി വളരെ പ്രത്യാശയോടെയാണ് കടന്നുപോയത് എന്നുള്ളത് പ്രത്യേകം പ്രസ്താവയോഗ്യമാണ്. "നിങ്ങൾ മരിച്ച് നിങ്ങളുടെ ജീവൻ ക്രിസ്തുവിനോടുകൂടെ ദൈവത്തിൽ മറഞ്ഞിരിക്കുന്നു. നമ്മുടെ ജീവനായ ക്രിസ്തു വെളിപ്പെടുമ്പോൾ നിങ്ങളും അവനോടുകൂടെ തേജസ്സിൽ വെളിപ്പെടും" (കൊലൊസ്യർ 3:3,4). ആന്റിയെ വീണ്ടും കർത്തൃസന്നിധിയിൽ കാണാം എന്നുള്ള പ്രത്യാശയോടുകൂടി വാക്കുകൾക്ക് വിരാമം കുറിക്കുന്നു. ☺

# ഞങ്ങളുടെ കുഞ്ഞമ്മ



മേരി അഞ്ചൻ, തുംകൂർ

**അ**ന്നമ്മ സി. ജോൺ എന്നറിയപ്പെടുന്ന ഞങ്ങളുടെ കുഞ്ഞമ്മ 1966 ഏപ്രിൽ മാസത്തിൽ എം.എം.ജോൺ-മറിയം ജോൺ ദമ്പതികളുടെ കനിഷ്ഠ പുത്രനായ ചാൾസിന്റെ (ചാർലിയുടെ) ഭാര്യയായി, ഞങ്ങളുടെ കുടുംബത്തിലെ അംഗമായിത്തീർന്നു. ഞങ്ങളുടെ ഭവനത്തിൽ അമ്മാവിയമ്മ, മരുമകൾ, നാത്തൂൻ എന്നീ വിവേചനാപദങ്ങൾ ഉപയോഗിച്ചിരുന്നില്ല. എനിക്ക് നാലു സഹോദരന്മാരും, ഒരു സഹോദരിയുമാണുണ്ടായിരുന്നത്. ഒരു സഹോദരൻ പത്തൊമ്പതാമത്തെ വയസ്സിൽതന്നെ കർത്തൃസന്നിധിയിലേക്കു പോയി. മറ്റ് മൂന്നു പേരുടെയും ഭാര്യമാർ എനിക്ക് അനുജത്തിമാർ തന്നെയായിരുന്നു.

ചാർലിയുടെ വിവാഹം ബോംബെയിൽ വച്ചായിരുന്നതിനാൽ വിവാഹശേഷം ഞങ്ങൾ ഒരുമിച്ച് താമസിച്ചിരുന്നില്ല. അനേക വർഷം ഞാനും ഇളയമകൻ റെയ്മണ്ടും കാനഡായിൽ ആയിരുന്നു. നാട്ടിൽവച്ച് ഞാൻ രണ്ടുപ്രാവശ്യം രോഗാതുരയായി ആസന്ന മരണാവസ്ഥയിലെത്തുകയും എന്റെ ശരീരം വളരെ ശോഷിച്ച് ദുർബ്ബലമാകുകയും ചെയ്തതിനാൽ അല്പകാലം വിശ്രമിക്കുന്നതിനും ആരോഗ്യം വീണ്ടെടുക്കുന്നതിനും വേണ്ടി കാനഡയിലുണ്ടായിരുന്ന എന്റെ സഹോദരി ആലീസിന്റെ ഭവനത്തിലേക്ക് പോയതാണ്. എന്നാൽ തുംകൂറിൽ മിഷണറിപ്രവർത്തനത്തിന് ഉപാധിയായി ആതുരശുശ്രൂഷയും ആരംഭിക്കുവാൻ ആഗ്രഹിച്ചതിനാൽ വൈദ്യശാസ്ത്രപരമായ പരിശീലനം നേടുകയും അതിനുശേഷം 1 വർഷക്കാലം അമേരിക്കയിലെ ഇല്ലിനോയി സംസ്ഥാനത്തെ ഒരു ആശുപത്രിയിൽ ജോലിചെയ്യുകയും ചെയ്തു. അന്ന് അവിടെ ജോലിയിലിരുന്ന ചാർലിയും ഒന്നിച്ചാണ് ഞങ്ങൾ താമസിച്ചത്. പിന്നീട് കുഞ്ഞമ്മ രണ്ടു കുഞ്ഞുങ്ങളുമായി ഇൻഡ്യയിൽ നിന്ന് വന്നുചേരുകയും കുറെക്കാലം ഞങ്ങൾ ഒരുമിച്ച് താമസിക്കുകയും ചെയ്തു. അതിനുമുമ്പ് എന്റെ മകൻ ഹാരിയും വന്നുചേർന്നിരുന്നു. കുറേ മാസങ്ങൾക്കുശേഷം ഞാനും റെയ്മണ്ടും തുംകൂറിലേക്കു മടങ്ങിപ്പോന്നു.

കുഞ്ഞമ്മയെ അടുത്തറിയാൻ കഴിഞ്ഞത് ചാർലിയും കുഞ്ഞമ്മയും സുവിശേഷപ്രവർത്തനത്തിനായി 1977-ൽ തിരുവനന്തപുരത്തു താമസമുറപ്പിച്ചപ്പോൾ മുതലാണ്. ഇരുകൂട്ടരുടേയും 'തൊഴിൽ' ഒന്നാകയാൽ അടുത്ത ബന്ധം പുലർത്തിയിരുന്നു.

കുഞ്ഞമ്മ എപ്പോഴും സുസ്മേരവദനയായിരുന്നു. അതോടൊപ്പംതന്നെ ദീർഘവീക്ഷണവും കാര്യപ്രാപ്തിയും തനിക്കുണ്ടായിരുന്നു. അവൾക്ക് 'പ്രവചനവര'മില്ലായിരുന്നെങ്കിലും ഒരിക്കൽ രണ്ടുവിഷയങ്ങളെ സംബന്ധിച്ച് എനിക്ക് മുന്നറിവും, താക്കീതും നല്കിയത് ഭാവിയിൽ അതേപടി സംഭവിച്ചു എന്നത് പ്രസ്താവയോഗ്യമത്രെ. കുഞ്ഞമ്മ ഭർത്താവിന് തക്ക തുണയായിരുന്നു എന്നു മാത്രമല്ല, അതീവ ദുർഘടവും, ക്ലേശകരവുമായ പ്രതിസന്ധികളിൽ ഒരു സ്തംഭം തന്നെ ആയിരുന്നു. ഒരു മാതാവിനെപ്പോലെ ഉപദേശിക്കാനും ഒരു ഭാര്യയുടെ സ്ഥാനത്തു അനുസരിക്കുവാനും പ്രത്യേക കഴിവുണ്ടായിരുന്നു. അവരെക്കുറിച്ച് എനിക്കു പറയാനുള്ളത് അവർ അക്വിലാവും, പ്രിസ്ക്കില്ലയും പോലുള്ള ദമ്പതികൾ

(അപ്പൊ.പ്ര.18:1) ആയിരുന്നു എന്നത്രെ. റോമർ 16:3 ലും, 2 തിമൊഥെ.4:19 ലും പ്രിസ്ക്കയുടെ പേരിന് പ്രഥമസ്ഥാനം നല്കിയിരിക്കുന്നത് ശ്രദ്ധേയം.

കുഞ്ഞമ്മ ഭർത്താവിനോടൊപ്പവും, അല്ലാതെയും തന്റെ അടുത്തുവരുന്ന എല്ലാവരോടും സുവിശേഷം അറിയിക്കുന്നതിൽ ജാഗരൂകയായിരുന്നു. കുഞ്ഞമ്മ ചീഫ് എഡിറ്ററായി പ്രസിദ്ധീകരിച്ചിരുന്ന "ക്രൈസ്തവ വനിത"യിൽ കൂടെ ഞങ്ങളുടെ ബന്ധത്തിന് വളരെ അടുപ്പമുണ്ടായി. സഹപ്രവർത്തകർ എന്ന നിലയിൽ അനേക വർഷക്കാലം പ്രവർത്തിക്കുവാനും സഹകരിക്കുവാനും എനിക്ക് സാധിച്ചു എന്നത് മറക്കാവതല്ല. ഒരെഴുത്തുകാരി എന്ന നിലയ്ക്ക് അവൾക്ക് മുഖപക്ഷമുണ്ടായിരുന്നില്ല. എല്ലാവരുടേയും "സമ്മതപത്രം" ലഭിച്ചാലും ഇല്ലെങ്കിലും തന്റെ അഭിമതം സധൈര്യം പ്രസ്താവിച്ചിരുന്നു. കർത്താവ് തന്നെ ഏല്പിച്ച ജോലി തന്റെ ധർമ്മബോധം (Conviction) അനുസരിച്ചു നിവർത്തിക്കണമെന്ന നിർബ്ബന്ധം തനിക്കുണ്ടായിരുന്നു. മറ്റുള്ളവരുടെ പ്രീതിസമ്പാദനം ആഗ്രഹിച്ചിരുന്നില്ല, ഒരു ക്രിസ്തീയ ഗാനരചയിതാവ് എന്ന നിലയ്ക്ക് വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്. ആ വിഷയത്തിൽ ജ്ഞാനമില്ലാത്ത ഞാൻ അതിലേക്ക് കടക്കുന്നില്ല.

ഏകദേശം 7 വർഷക്കാലം ശയ്യാവലംബിയായിരുന്ന കുഞ്ഞമ്മ വളരെ അനുഗൃഹീതയായിരുന്നു. ഒരു ചെറിയ പൈതലിന് ലഭിക്കാവുന്നതുപോലെയുള്ള പരിചരണം തനിക്ക് ലഭിച്ചിരുന്നു. ആശുപത്രിയും, വീടുമായി മാറി മാറി കഴിഞ്ഞപ്പോഴും സകലവിധത്തിലുമുള്ള സ്നേഹശുശ്രൂഷകൾ അവൾക്ക് ലഭ്യമായിരുന്നു. സെപ്റ്റംബർ മാസം 25-നു രാവിലെ സഹപ്രവർത്തകൻ ബ്രദർ ജയരാജിനോടൊപ്പം ചാർലി കുഞ്ഞമ്മയെ I.C.U. (തീവ്രപരിചരണ വിഭാഗം) -ൽ ചെന്നുകണ്ടു ഇരുവരും പ്രാർത്ഥിച്ചു. ചാൾസ് ജീവനുതുല്യം സ്നേഹിച്ചിരുന്ന ഭാര്യയെ കർത്ത്യകരങ്ങളിൽ സമർപ്പിച്ച് പ്രാർത്ഥിച്ച് അവസാനിപ്പിച്ചതോടെ കർത്താവ് തന്റെ മകളെ തൃക്കരങ്ങൾ നീട്ടി അവളെ തന്നോടു ചേർക്കുകയും ചെയ്തു. ഞങ്ങളുടെ കുഞ്ഞമ്മ സെപ്റ്റംബർ 25, 10 മണിക്ക് സകല കഷ്ടതകളിൽ നിന്നും വിമുക്തയായി കർത്തൃസന്നിധിയിൽ പ്രവേശിച്ച് വിശ്രമിക്കുന്നു. ദൈവത്തിന് സ്തോത്രം.

ഇത്തരുണത്തിൽ ചാൾസിനെക്കുറിച്ച ചുരുക്കമായി എഴുതുന്നത് ഉചിതമെന്നു തോന്നുന്നു. ഏകദേശം 7 വർഷക്കാലം ഇത്രമാത്രം ലാളനയോടെ പരിചരിക്കുവാൻ കഴിവുള്ള ഭർത്താക്കന്മാർ വിരളമാണ്. ശുശ്രൂഷിക്കാൻ ആൾക്കാർ ഉണ്ടായിരുന്നെങ്കിലും തന്റെ ഭാര്യക്ക് താൻ ജീവിച്ചിരിക്കുന്നിടത്തോളം കാലം ഒരു കുറവും വരുത്തുകയില്ല എന്ന തീരുമാനമായിരിക്കും രാപ്പകൽ സേവനനിരതനാകാൻ കാരണം എന്ന് ഞാൻ വിശ്വസിക്കുന്നു. എന്നെക്കാളും 14 വയസ്സു കുറവുള്ള എന്റെ സഹോദരന് ഞാൻ ഒരു അമ്മയായി അവന്റെ അനേക പ്രശ്നങ്ങൾക്കും ചെവികൊടുക്കുകയും, ആലോചനകൾ നല്കുകയും, പ്രാർത്ഥിക്കുകയും ചെയ്തു അവനെ സഹായിച്ചിരുന്നു. അവനുണ്ടായ മാരകമായ രോഗത്തിലും ആശുപത്രിയിൽ കിടക്കാതെ ഭാര്യയുടെ ശുശ്രൂഷാർത്ഥം വീട്ടിലേക്കു മടങ്ങിയത് ഡോക്ടർമാർക്കുപോലും അതിശയമായി ത്തോന്നി.

ചാൾസിന് പിൻബലമായി അനേക വിശ്വാസികളുടേയും തുടർന്നുള്ള പ്രാർത്ഥന ഉണ്ടായിരുന്നു. ജീവിച്ചിരിക്കുന്ന ഏകസഹോദരൻ സണ്ണിക്കുട്ടി (ജോർജ് ജോൺ) തിരുവനന്തപുരത്തുതന്നെ ആയതിനാൽ അവനും ഭാര്യ ലില്ലിയും ഞങ്ങളുടെ കുടുംബത്തിന്റെ പ്രതിനിധികളെന്നോണം എല്ലാ പ്രതിസന്ധികളിലും തങ്ങളുടെ സാന്നിധ്യം കൊണ്ടും സഹകരണംകൊണ്ടും ധൈര്യപ്പെടുത്തി. പോങ്ങുംമൂട് ഹെബ്രോൻ ക്രിസ്ത്യൻ അസ്സംബ്ലിയുടെ സീമാതീതമായ സഹകരണവും പ്രാർത്ഥനയും, സന്ദർശനങ്ങളും വിലമതിക്കാവുന്നതിനപ്പുറമാണ്.

രാപ്പകൽ ജാഗരൂകരായി ആവശ്യപ്പെട്ടപ്പോഴെല്ലാം സഹായാർത്ഥം ഓടി എത്തിയിരുന്ന സഹപ്രവർത്തകർ ജയരാജ് - ശോഭ, ഷെറിൻ-സണ്ണി ദമ്പതികൾ, അനിൽകുമാർ എന്നിവരുടെ സേവനങ്ങൾ ഒരുകാലത്തും മറക്കാവതല്ല. എണ്ണമറ്റ സ്നേഹിതരും ബന്ധുക്കളുമുള്ള ചാൾസിനെയും, കുഞ്ഞമ്മയെയും തുടർച്ചയായി പ്രാർത്ഥനയുടെ കരങ്ങളിൽ വഹിച്ചവരുടെ പിൻബലവും അതുല്യമായിരുന്നു.

ശവസംസ്ക്കാരം കഴിഞ്ഞ് ഒരു ദിവസത്തിനുശേഷം ഞങ്ങളെ കാണാനായി ചാർലി മക്കളുമൊരുമിച്ച് തുംകൂറിലേക്ക് വന്നു. എന്റെ പ്രിയ സഹോദരനെ എങ്ങനെയാണ് നേരിടുന്നത് എന്ന ആശങ്ക എന്നെ ഭരിച്ചിരുന്നു. തന്റെ പ്രിയപ്പെട്ടവൾ ഈലോക ദുരിതങ്ങളെ വളരെ പ്രത്യാശയോടും, സന്തോഷത്തോടും അതിജീവിച്ച് ഇപ്പോൾ കർത്തൃസന്നിധിയിൽ നിത്യാനന്ദം അനുഭവിക്കുന്നു എന്നുള്ള വിശ്വാസവും, കൂടാതെ അവളുടെ സേവനം അന്ത്യത്തോളം പരമാവധി നിവർത്തിച്ചതിന്റെ കൃതാർത്ഥതയും അവന്റെ മുഖത്ത് കളിയാടിക്കൊണ്ടിരുന്നു. ദൈവത്തിന് സ്തോത്രം.

സർവ്വാശ്വാസങ്ങളുടെയും ഉറവിടമായിരിക്കുന്നവനും മനസ്സലിവുള്ളവനുമായ നമ്മുടെ കർത്താവ് ചാർലിക്കും, അവന്റെ മക്കൾക്കും (വിനോദ്, പ്രമോദ്, പ്രദീപ്) അവരുടെ കുടുംബാംഗങ്ങൾക്കും നല്കിയിരിക്കുന്ന ദിവ്യസമാധാനത്തിനായി അവനെ സ്തുതിക്കാം.

"ശാശ്വതപർവ്വതങ്ങളെക്കാൾ തേജസ്സും മഹിമയുമുള്ള" നമ്മുടെ കർത്താവ് തന്നിൽ ആശ്രയിക്കുന്ന തന്റെ മക്കളെ വലങ്കൈ പിടിച്ച് നടത്തി, പിന്നത്തേതിൽ മഹത്ത്വത്തിലേക്ക് ചേർത്തുകൊള്ളും. നമ്മെവിട്ടു പിരിഞ്ഞ പ്രിയപ്പെട്ടവരോടു നാമും ചേർന്ന് നിത്യകാലം വാഴും എന്ന പ്രത്യാശയാണ് നമ്മുടെ സമാധാനത്തിനു കാരണം. സ്വർഗ്ഗത്തിലും, ഭൂമിയിലുമുള്ള സകല കുടുംബവും (എഫെ.3:14) ഒന്നായി ചേരുന്ന നാൾ സമീപമായി. ആയതിലേക്കു നമുക്കു ഒരുങ്ങാം. അവന്റെ ദാസന്മാർ അവനെ ആരാധിക്കും. അവർ അവന്റെ മുഖം കാണും. തിരുനാമം വാഴ്ത്തപ്പെടുമാറാകട്ടെ. ☺

---

## സുരക്ഷിത സർക്കാർ ജോലി ഉപേക്ഷിച്ച് സകല ആവശ്യങ്ങൾക്കും കർത്താവിനെ മാത്രം ആശ്രയമാക്കിയ ആ ദിവസം അന്നമ്മ എടുത്ത രണ്ടു തീരുമാനങ്ങൾ.

1. ഇല്ലായ്മകൾ ദൈവത്തോടു മാത്രമേ പറയുകയുള്ളൂ. ആവശ്യങ്ങൾ ആരോടും പറയുകയില്ല. ദൈവത്തോടു മാത്രം.

2. ആരോടും ഒന്നും ചോദിച്ചു വാങ്ങുകയില്ല. പണമാകട്ടെ സാധനസാമഗ്രികളാകട്ടെ കടമായി വാങ്ങുകയില്ല.

1974-ൽ ഈ തത്ത്വങ്ങളിൽ സമാരംഭിച്ച വിശ്വാസജീവിതയാത്ര മരണപര്യന്തം തത്ത്വങ്ങളിൽ നിന്നും വ്യതിചലിക്കാതെ തുടർന്നു. വിളിച്ച ദൈവം വിശ്വസ്തൻ എന്നുരുചിച്ചറിഞ്ഞു.. "യഹോവ നല്ലവൻ എന്നു രുചിച്ചറിവിൻ" (സങ്കീ. 34:8)

# “കൃപ ലഭിച്ചവളേ നിനക്കു വന്ദനം”

എൽസി ബേബി, ന്യൂ യോർക്ക്



‘നസ്രേത്ത്’ ഗ്രാമത്തിൽ ജനിച്ചു വളർന്ന സാധുവായ 'മറിയ' എന്ന കന്യകയോട് ‘ഗബ്രിയേൽ മാലാഖ’ പറഞ്ഞ വാക്കുകളാണ് മേലുദ്ധരിച്ചിരിക്കുന്നത്. സാധുവായ പെൺ കുട്ടി വിവാഹനിശ്ചയം കഴിഞ്ഞിരിക്കയാണ്. അവളെക്കുറിച്ച് പറഞ്ഞത് “കൃപ ലഭിച്ചവൾ” എന്നായിരുന്നു. ദൈവദൂതന്മാർ പ്രത്യക്ഷ പ്പെട്ടു സംസാരിച്ച ചില സ്ത്രീകളെക്കുറിച്ച് തിരുവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന തിൽ ഒരുവളാണല്ലോ ‘കന്യകാമറിയം’. അവൾ കൃപ ലഭിച്ചവളായിരുന്നു. കാരണം യുഗാരംഭം മുതൽ ഒരു രക്ഷിതാവിനെ പാപികളുടെ വീണ്ടെടുപ്പുകാരനായി ഈ ഭൂമിയിലേക്കവതരിപ്പിക്കുവാൻ സ്വർഗ്ഗത്തിലെ ദൈവം പരിപാടിയിട്ടുകൊണ്ടിരിക്കുന്നതും, അതു പ്രായോഗികമായി ‘‘കർത്താവായ ക്രിസ്തു എന്ന രക്ഷിതാവ്” ഈ ലോകത്തി ലേക്കവതരിച്ചതുമായ ചരിത്രമാണല്ലോ “വിശുദ്ധ വേദപുസ്തക സംക്ഷിപ്തം”! കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും അവന് ഇമ്മാനുവേൽ എന്ന് പേർ വിളിക്കും എന്ന് ദൈവം പ്രവാചകനിലൂടെ വാഗ്ദത്തം ചെയ്ത ‘‘ഇമ്മാനുവേൽ’’ എന്ന ദൈവ പുത്രനെ ഈ ലോകത്തിലേക്കവതരിപ്പി ക്കുവാൻ ദൈവം തിരഞ്ഞെടുത്ത കന്യകയാ യിരുന്നു നസ്രേത്തിലെ ‘മറിയ’. അവൾക്ക് ലഭിച്ച ദൈവകൃപ അത്ര നിസ്സാരമാകുന്നുവോ? ലോകരക്ഷിതാവിന്റെ അമ്മയായി ദൈവ ത്താൽ തിരഞ്ഞെടുക്കപ്പെട്ട അനുഗ്രഹിക്കപ്പെട്ട സ്ത്രീ; കർത്താവു തന്നോടു അരുളി ചെയ്തതിനു നിവൃത്തിയുണ്ടാകും. എന്നു വിശ്വസിച്ച ഭാഗ്യവതി! “ഞാൻ കർത്താവിന്റെ ദാസി, നിന്റെ വാക്കുപോലെ എനിക്കു ഭവിക്കട്ടെ’’ എന്ന് ഏറ്റുപറഞ്ഞുകൊണ്ട് ദൈവദൂതൻ അരുളിചെയ്തത് സ്വയം സ്വീകരിച്ച മറിയ നമുക്കോരോരുത്തർക്കും എത്ര നല്ല മാതൃകയായിരിക്കുന്നു. പല നിന്ദകൾ അനുഭവിക്കേണ്ടി വന്നു; കഷ്ടതകൾ താണ്ടി ജീവിതം മുമ്പോട്ടു നീങ്ങി. അന്ത്യത്തോളം വിശ്വസ്തയായി നിലനിന്ന മറിയ! ഇത്രയും എഴുതിയത് നമ്മെവിട്ട് നിത്യ തയിലേക്ക് പ്രവേശിച്ച ‘‘അന്നമ്മ ജോൺ” സഹോദരിയെക്കുറിച്ചോർത്തുകൊണ്ടാണ്. ദൈവകൃപ ലഭിച്ച ഒരു നല്ല സഹോദരിയെ യാണ് നമുക്കു നഷ്ടമായത്. ‘ചാൾസ് ജോൺ’ എന്ന കർത്തൃദാസന്റെ തക്കതുണയായി തന്റെ ജീവിതകാലം മുഴുവൻ കർത്തൃനാമമഹത്ത്വ ത്തിനായി കർത്താവ് എടുത്തുപയോഗിച്ച പ്രസ്തുത കർത്തൃദാസി നമുക്കെല്ലാവർക്കും ഒരു മാതൃക തന്നെ എന്നതിനു പക്ഷാന്തരമില്ല.

ശാരീരികമായും, മാനസികമായും വളരെയധികം വേദനകൾ അനുഭവിക്കേണ്ടി വന്നിട്ടും തളരാതെ, വീണുപോകാതെ ‘മറിയ തന്നാലാവതു ചെയ്തു’ എന്നു പറയത്തക്ക വിധം കർത്തൃനാമമഹത്ത്വത്തിനായി അദ്ധ്വാ നിച്ച ഒരു സഹോദരി!. “ക്രൈസ്തവ വനിത” എന്ന ക്രിസ്തീയ മാസികയുടെ എഡിറ്ററായി താൻ പ്രവർത്തിക്ക മാത്രമല്ല അനേക സഹോ ദരിമാരെ പ്രോത്സാഹിപ്പിച്ച് പ്രശംസിച്ച് ലേഖനങ്ങളിലൂടെയും അല്ലാതെയും ഒരു

ഉത്തമസ്ത്രീയായി നിലനിന്നു എന്നതിനു സംശയമില്ല. ഈ എഴുത്തുകാരിയെ ഈ വിധത്തിൽ പ്രോത്സാഹിപ്പിക്കുകയും ലേഖനങ്ങൾ എഴുതുവാൻ പ്രേരിപ്പിക്കുകയും ചെയ്തിട്ടുള്ളത് ഓർക്കാതിരിപ്പാനാവില്ല.

ഭർത്താവിന് തക്ക തുണയായും, മക്കൾക്കു നല്ല മാതൃക കാട്ടിക്കൊടുത്ത അമ്മയായും, കുടുംബാംഗങ്ങൾക്കെല്ലാം പ്രീതിജനിപ്പിക്കത്തക്ക സഹോദരിയായും താൻ ജീവിച്ചു എന്നത് പ്രശംസാർഹം തന്നെ. പല പ്രാവശ്യം രോഗിയായി കിടക്കയെ അഭയം പ്രാപിക്കേണ്ടിവന്നപ്പോഴെല്ലാം പിറുപിറുക്കാതെ, നിരാശപ്പെടാതെ, എല്ലാം സഹിച്ചു മാതൃക കാണിച്ചു എന്നത് തന്റെ ജീവിത വിജയ രഹസ്യമായിരുന്നു.

'ഗുഡ്ന്യൂസ്' മിനിസ്ട്രിയിലൂടെ സഹോദരി ചെയ്ത പ്രശസ്ത സേവനം എത്രയോ ആത്മാക്കളുടെ മാനസാന്തരത്തിനു മുഖാന്തരമായി തീർന്നിട്ടുണ്ടെന്നതു നിത്യതയ്ക്കു മാത്രമേ വെളിപ്പെടുത്തുവാൻ സാധിക്കയുള്ളൂ. സുവിശേഷത്തിനുവേണ്ടി വളരെ അദ്ധ്വാനിച്ചവളായ ഒരു മറിയയെക്കുറിച്ച് പൗലൊസ് അപ്പൊസ്തലൻ തിരുവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് ഇത്തരുണത്തിൽ ഓർത്തുപോകയാണ്. അതുപോലെതന്നെ ക്രിസ്തുയേശുവിൽ പൗലൊസിന് കൂട്ടുവേലക്കാരായ 'പ്രിസ്കയും, അക്വിലാസും' പോലെ അന്നമ്മ സഹോദരിയും, ബ്രദർ ചാൾസ് ജോണും സുവിശേഷഘോഷണത്തിൽ ചെയ്ത അദ്ധ്വാനത്തിന് കർത്താവ് തക്ക പ്രതിഫലം നല്കട്ടെ!

പ്രിയസഹോദരി എഴുതിയ മനോഹരങ്ങളായ ഗാനങ്ങൾ തന്റെ അനുഭവങ്ങളുടെയും, അനുഗ്രഹങ്ങളുടെയും, പ്രത്യാശയുടെയും, ദൈവകൃപകളുടെയും, സമാഹാരമാകുന്നു എന്നു മാത്രമല്ല അവ കേൾക്കുന്നവർക്കും, പാടുന്നവർക്കും എത്രയോ അനുഗ്രഹകരമാകുന്നു! അതോടൊപ്പം താൻ എഴുതി പ്രസിദ്ധികരിച്ചിട്ടുള്ള ലേഖനങ്ങൾ എത്രയോ അർത്ഥവത്തായതും, ആത്മിക വർദ്ധനയ്ക്കുതകുന്നവയുമാകുന്നു.

താൻ ദീർഘനാൾ രോഗിയായി കിടക്കയിലായിരുന്നപ്പോൾ തന്നെ ആത്മാർത്ഥമായി സ്നേഹിച്ചു ശുശ്രൂഷിച്ചു പരിപാലിച്ച ബ്രദർ ചാൾസ്ജോൺ ഇക്കാലത്തെ പിതാക്കന്മാർക്കും, ഭർത്താക്കന്മാർക്കും, സഹോദരങ്ങൾക്കും ഉത്തമ മാതൃക തന്നെ. കൃപയാൽ എളിയവൾക്കും രോഗശയ്യയിൽ സഹോദരിയെ കാണുവാനുള്ള ഭാഗ്യമുണ്ടായി. പ്രാർത്ഥിച്ചു കർത്തൃകരങ്ങളിൽ സമർപ്പിപ്പാനും, ദൈവഹിതപ്രകാരം നല്ല ഒരന്ത്യം പ്രാപിപ്പാനായി പ്രാർത്ഥിപ്പാനും ഇടയായത് ഒരു ഭാഗ്യമായി കരുതുന്നു. കർത്താവ് തന്റെ സമയത്ത് പ്രിയ ദാസിയെ തന്റെ സവിധേ ചേർത്തു. സ്തോത്രം. പൗലൊസ് അപ്പൊസ്തലന്റെ സാക്ഷ്യം പോലെ തന്നെ 'നല്ല പോർ പൊരുതി, ഓട്ടം തികച്ചു, വിശ്വാസം കാത്തു' എന്ന് ലോകത്തോടു വിളിച്ചു ഘോഷിച്ചു കൊണ്ട് തന്റെ പ്രതിഫലങ്ങൾ സ്വീകരിപ്പാൻ യജമാനന്റെ സമീപേ നില്ക്കുന്ന കർത്തൃദാസിയെ ഓർത്തു നമുക്കു സന്തോഷിക്കാം. സ്തോത്രം ചെയ്യാം. സഹോദരി കാട്ടിത്തന്ന മാതൃക നമുക്കനുകരിക്കാം.

മനസ്സലിവുള്ള പിതാവും, സർവ്വാശ്വാസം നല്കുന്നവനുമായ നമ്മുടെ സ്വർഗ്ഗസ്ഥ പിതാവ് പ്രിയ സഹോദരൻ ചാൾസ് ജോണിനെയും, മക്കളെയും മറ്റ് കുടുംബാംഗങ്ങളെയും ആശ്വസിപ്പിച്ചു തന്റെ കൃപയിൽ കാത്തു സൂക്ഷിപ്പാൻ പ്രാർത്ഥിക്കാം. നമ്മുടെ ജീവിതങ്ങളിലേക്കൊന്ന് എത്തിനോക്കുവാൻ സഹോദരി അന്നമ്മയുടെ ജീവിതമാതൃക നമ്മെ സഹായിക്കട്ടെ.

☺

# കർത്താവിൽ പ്രിയ ചാൾസ് ജോൺ സാറും മക്കളും അറിയുവാൻ



പി. സി. ചാക്കോ, മോളിക്കുട്ടി ചാക്കോ & ഫാമിലി, കണ്ണൂർ

പ്രിയപ്പെട്ട അന്നമ്മ സി. ജോൺ സഹോദരിയുടെ വിയോഗത്തിൽ (വേർപാടിൽ) ഞങ്ങളും കുടുംബമായി അനുശോചനം അറിയിക്കുന്നു. നിങ്ങൾ സഹോദരിയുടെ വേർപാടിൽ ദുഃഖിതരാണല്ലോ; എന്നാൽ പ്രിയപ്പെട്ട സഹോദരി കർത്താവിന്റെ വേല തികെച്ചു വിശ്രമിപ്പാൻ തക്കസമയമായപ്പോൾ കർത്താവു വിളിച്ചു അവിടുത്തേ സന്നിധിയിൽ ആക്കി. നമുക്കാർക്കും ദുഃഖിക്കേണ്ടതായി ഒന്നുമില്ല. എല്ലാവർക്കും ഒരു പ്രത്യാശയുണ്ട്. ഉയർപ്പിൻ പ്രഭാതത്തിൽ കാണാം. കർത്താവിന്റെ രണ്ടാം വരവിൽ കാഹളനാദത്തിന്റെ ശബ്ദം കേൾക്കുമ്പോൾ ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയിർത്തെഴുന്നേല്ക്കയും പിന്നെ ജീവനോട് ശേഷിക്കുന്ന നാം അവരോടുഒരുമിച്ചു ആകാശത്തിൽ കർത്താവിനെ എതിരേല്പാൻ മേഘങ്ങളിൽ എടുക്കപ്പെടുകയും ചെയ്യും. ഈ പ്രത്യാശ നമുക്കുള്ളതുകൊണ്ട് ദുഃഖിക്കേണ്ട ആവശ്യം ഇല്ല. എന്നാൽ ഞങ്ങൾ കുടുംബമായി എല്ലാ ദിവസവും സാറിന്റെ കുടുംബത്തെയും, പ്രസ്ഥാനത്തെയും മാസികാപ്രവർത്തനങ്ങളെയും ഓർത്തു പ്രാർത്ഥിക്കുന്നുണ്ട്. പ്രിയപ്പെട്ട സഹോദരിയും പൗലൊസ് അപ്പൊസ്തലൻ പറഞ്ഞതുപോലെ നല്ലപോർ പൊരുതി, ഓട്ടം തികെച്ചു, വിശ്വാസം കാത്തു. ഇനിയും നീതിയുടെ കിരീടം പ്രാപിപ്പാൻ കർത്താവിന്റെ സന്നിധിയിലേക്കുപോയി. ഇനിയും ശേഷിക്കുന്നവർക്കുവേണ്ടിയും പ്രാർത്ഥിക്കുന്നു. സകല ബുദ്ധിയെയും കവിയുന്ന ദൈവികസമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും, നിനവുകളെയും ക്രിസ്തുയേശുവിൽ കാക്കും. ഞങ്ങൾ മാത്രമല്ല (ചെറുപുഴ) സഭയിലുള്ള ദൈവമക്കളും നിങ്ങൾക്കായി പ്രാർത്ഥിക്കുന്നു. സഹോദരിയുടെ വിയോഗത്തിൽ സഭയായി അനുശോചനം അറിയിക്കുന്നു. മാസികാപ്രവർത്തനത്തെയും ഓർത്തു പ്രാർത്ഥിക്കുന്നു. ദൈവം സഹായിക്കട്ടെ.

പ്രിയപ്പെട്ട സഹോദരിയുടെ ക്രൈസ്തവ വനിത മാസികയിൽ പ്രസിദ്ധീകരിക്കുന്ന ഓരോ ലേഖനവും വളരെ ഈടുറ്റതാണ്. ആത്മീയമായി വളരുവാൻ ഉതകുന്നതുമായിരുന്നു. ഞാൻ സഹോദരിയുടെ ലേഖനങ്ങൾ പലപ്രാവശ്യം വായിക്കുമായിരുന്നു. എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട ലേഖനങ്ങളാണ്. എന്നെ കൂടുതൽ ആത്മീയമായി വളരുവാൻ പ്രേരിപ്പിച്ചത് സഹോദരിയുടെ ഓരോ ലേഖനവും ആണ്. ഈ കഴിഞ്ഞ മാസവും എഴുതിയിരുന്നത് 'സ്വർഗ്ഗരാജ്യം ഇങ്ങനെയുള്ളവരുടേതല്ലോ' എന്ന വിഷയം ഏറ്റവും അധികം ചിന്തിപ്പിച്ചു. വളരെ നല്ലതായിരുന്നു. ശിശുക്കൾ സ്വർഗ്ഗത്തിൽ പോകയില്ല. അവർക്കു ജന്മപാപം ഉണ്ട് എന്ന് പള്ളിക്കാരും പഠിപ്പിക്കുന്നു. അവരെ മാമോദിസ മുക്കിയാൽ പോകും എന്നാണ് രക്ഷിക്കപ്പെട്ടവരുടെ കൂട്ടത്തിൽ ചിലരും പറയുന്നത്. അവർ മണവാട്ടിയല്ലാത്തതു കൊണ്ടു സ്വർഗ്ഗത്തിൽ പോകയില്ല. അവർ പ്രായമായി രക്ഷിക്കപ്പെട്ടാൽ മാത്രമേ സ്വർഗ്ഗത്തിൽ പോകുകയുള്ളൂ എന്നു പഠിപ്പിക്കുന്നു. എന്നാൽ പ്രിയപ്പെട്ട സഹോദരിയുടെ ലേഖനം വായിച്ചവർക്ക് എല്ലാം മനസ്സിലായി കാണും, ശിശുക്കളും സ്വർഗ്ഗത്തിൽ പോകുമെന്ന്. നല്ല ഒരു ലേഖനം ആയിരുന്നു. ഇതുപോലെയുള്ള നല്ല ആശയങ്ങളും, അർത്ഥങ്ങളും ഉള്ള ലേഖനങ്ങൾ എഴുതുവാൻ സഹോദരിമാരെ ദൈവം ഒരുക്കുവാൻ പ്രാർത്ഥിക്കുന്നു. ☺

# ക്രിസ്തുവിനുവേണ്ടി ജീവിച്ച ധീരവനിത



എൽസി തോമസ്, മീൻതുള്ളി, കണ്ണൂർ

ആധുനിക ലോകത്തിലെ ക്രൈസ്തവ സഹോദരിമാർക്ക് ഒരു മാർഗ്ഗദർശിയാണ് ശ്രീമതി അന്നമ്മ ജോൺ. അനുഗ്രഹിക്കപ്പെട്ട ക്രിസ്തീയ കുടുംബജീവിതം നയിക്കുന്നതിനോടൊപ്പം ദൈവവേലയിലും ആ കുടുംബം വ്യാപൃതരായിരുന്നു. കൂടാതെ കേരളത്തിലെ പ്രേഷിതവേലയിലും സജീവപങ്കാളിത്തം ആ കുടുംബത്തിനുണ്ടായിരുന്നു.

അനുഗ്രഹിക്കപ്പെട്ട ശ്രീമതി അന്നമ്മ ജോണിന് തന്റെ പ്രിയതമന്റെ എല്ലാവിധ പ്രോത്സാഹനങ്ങളും പിൻതുണയുമുണ്ടായിരുന്നതിനാൽ ഈടുറ്റലേഖനങ്ങളും, ഗാനങ്ങളും, ക്രൈസ്തവ സഹോദരിമാർക്ക് നിർലോഭമായി നല്കുവാൻ സഹായകരമായി. ക്രൈസ്തവ വനിതയിലെ ഈടുറ്റ ലേഖനങ്ങളിൽ കൂടി വേദപുസ്തക സത്യങ്ങൾ തുറന്നെഴുതുവാനുള്ള ധൈര്യം കാണിച്ചതിന്റെ പ്രധാനഘടകം താൻ സ്വർഗ്ഗീയമകളായതുകൊണ്ടും, സ്വർഗ്ഗീയപിതാവിന്റെ നിർബ്ബന്ധം തന്റെമേൽ കിടക്കുന്നതുകൊണ്ടുമാണെന്നു നമ്മെ ഓർമ്മപ്പെടുത്തുന്നു.

എന്നാൽ തന്റെ മരുഭൂപ്രയാണത്തിൽ ശരീരത്തിൽ വളരെയധികം ക്ലേശങ്ങൾ അനുഭവിച്ചപ്പോഴും തന്റെ ഹൃദായന്തർഭാഗത്തു നിന്നും വന്ന ചിന്തകൾ നല്ല ഗാനങ്ങളായി രൂപാന്തരപ്പെടുവാനിടയായി. അത് മറ്റുള്ളവരിലേക്ക് പങ്കുവയ്ക്കുവാനും ദൈവം സഹായിച്ചു. എന്നെ ഏറ്റവും സ്വാധീനിച്ച ചില വരികൾ ഇവിടെ കുറിക്കട്ടെ.

യേശു എന്റെ സഹായി (സി. ഡി.):

“ഈ മരുവിലെ ചൂടും ക്ലേശവും സഹിച്ചു
ഞാൻ തളർന്നിടാതെ ഓടുവാൻ
ദൈവമെന്റെ സഹായിയായ് ചാരെ ഉണ്ട്
ഞാനവന്റെ വകയായതിനാൽ’

അതുപോലെ തന്നെ ഹൃദയത്തെ സ്പർശിച്ച ഭാവന ‘നരകത്തിലേക്കൊരു യാത്ര’. ആരും യാതനാസ്ഥലത്ത് എത്തുവാൻ ഇടയാകരുതെന്നുള്ള ആഗ്രഹവും, പ്രാർത്ഥനയും. ഇതൊക്കെ ശ്രീമതി അന്നമ്മ ജോണിന്റെ സംഭാവനകളാണ് ക്രൈസ്തവ സഹോദരിമാർക്ക്. വേർപാട് വേദനിപ്പിക്കുമ്പോഴും പ്രത്യാശയിൽ മുന്നേറുവാൻ തരുന്ന ആത്മ ധൈര്യം സഹോദരിമാരായ ഞങ്ങൾക്ക് എന്നും പ്രചോദനമായിരിക്കും. ☺

---

**“അതുകൊണ്ടു ഞങ്ങൾ അധൈര്യപ്പെടാതെ ഞങ്ങളുടെ പുറമെയുള്ള മനുഷ്യൻ ക്ഷയിച്ചുപോകുന്നു എങ്കിലും ഞങ്ങളുടെ അകമേയുള്ളവൻ നാൾക്കുനാൾ പുതുക്കം പ്രാപിക്കുന്നു. നൊടിനേരത്തേക്കുള്ള ഞങ്ങളുടെ ലഘുവായ കഷ്ടം അത്യന്തം അനവധിയായി തേജസ്സിന്റെ നിത്യഘനം ഞങ്ങൾക്കു കിട്ടുവാൻ ഹേതുവാകുന്നു.”**

*(2 കൊരി. 4:16, 17)*

# ആന്റി - ഒരു ക്രൈസ്തവ വനിത

ജെസി ബെൻസെൻ, കൊച്ചി



**നി**ത്യതയിൽ പ്രവേശിച്ച പ്രിയ ആന്റി അന്നമ്മ സി. ജോൺ തന്റെ ക്രൈസ്തവ സാഹിത്യ പ്രസിദ്ധീകരണത്തിന്റെ പേര് പോലെ തന്നെ ഒരു ക്രൈസ്തവ വനിത യായിരുന്നു. ക്രൈസ്തവ സാഹിത്യത്തിന് കർത്തൃദാസി നല്കിയിട്ടുള്ള സംഭാവന അവിസ്മരണീയാണ്. ഈടുറ്റ ലേഖനങ്ങളിലൂടെയും അർത്ഥസമ്പുഷ്ടവും ആശ്വാസദായകവുമായ അനേകം ഗാനങ്ങളിലൂടെയും അനേകർക്കു സാന്ത്വനവും ഉത്തേജനവും നല്കുവാൻ ആന്റിയുടെ ക്രിസ്തീയ സാഹിത്യ ശുശ്രൂഷകൾക്കു സാധിച്ചിട്ടുണ്ട്. ഒരു ആത്മീയ പ്രസ്ഥാനത്തിന്റെ പിന്നാമ്പുറത്തെ ശക്തവും ശാന്തവുമായ സാന്നിധ്യമായിരുന്നു എന്നതും വിസ്മരിച്ചുകൂടാ.

"ക്രൈസ്തവ വനിത" ദ്വൈമാസിക ആരംഭിക്കുന്നതിനു വളരെ മുമ്പു തന്നെ 'ഗുഡ്ന്യൂസ് അപ്ഡേറ്റ്' മാസികയിലൂടെ ആന്റി ക്രൈസ്തവ കൈരളിയ്ക്കു സുപരിചിതയായിരുന്നു. എന്റെ വ്യക്തിപരമായ അനുഭവത്തിലും ഗുഡ്ന്യൂസ് അപ്ഡേറ്റ് 1994 സെപ്റ്റംബർ ലക്കത്തിൽ "മേഘത്തിന്റെ തണലിൽ" എന്ന തലക്കെട്ടിലൂടെ എന്റെ ആദ്യ ലേഖനം പ്രസിദ്ധീകരിച്ചു വന്നത് ഇന്നെന്ന പോലെ ഞാൻ ഓർക്കുന്നു. പ്രിയ ചാർലിച്ചായനും കുടുംബവും എനിക്കു തന്ന പ്രോത്സാഹനം നന്ദിയോടെ ഇവിടെ അനുസ്മരിക്കുന്നു. അന്നു മുതൽ ഇന്നു വരെ ഗുഡ്ന്യൂസിന്റെ പ്രസിദ്ധീകരണങ്ങളിൽ സജീവ സാന്നിധ്യമായിരിക്കുവാൻ പ്രിയ കുടുംബം നല്കിയ പ്രോത്സാഹനവും പ്രചോദനവും ഒട്ടും ചെറുതായിരുന്നില്ല. ഗുഡ്ന്യൂസ് കുടുംബത്തിലെ ഒരു അംഗമായിത്തീരുവാൻ ലഭിച്ച അവസരം എന്റെ ആത്മീയ ജീവിതത്തിനും ഏറെ പ്രയോജനകരമായിരുന്നു.

ചാർലിച്ചായന്റെ കുടുംബത്തിനും ഗുഡ്ന്യൂസിനും ഉണ്ടായിട്ടുള്ള നഷ്ടം നികത്താനാവാത്തതാണ്. സകല ബുദ്ധിയേയും കവിയുന്ന ദൈവസമാധാനം കുടുംബത്തെ ആശ്വസിപ്പിക്കുകയും, ധൈര്യപ്പെടുത്തുകയും ചെയ്യട്ടെ. നിത്യതയുടെ തീരത്ത് വീണ്ടും കണ്ടുമുട്ടാമെന്ന പ്രത്യാശയോടെ ശുശ്രൂഷകളിൽ തുടരാം. ദൈവം ആശ്വസിപ്പിച്ചു വഴി നടത്തട്ടെ. ☺

## രചനകൾ

ക്രൈസ്തവ വനിതയിൽ നിങ്ങൾക്കെഴുതാൻ താത്പര്യമുണ്ടോ? ദൈവം നിങ്ങൾക്ക് ഒരാശയം നല്കിയിട്ടുണ്ടെങ്കിൽ ക്രൈസ്തവ ജനതയുടെ ആത്മിക അഭിവൃദ്ധിക്കായി, അനുഗ്രഹത്തിനായി അതെഴുതി ഞങ്ങൾക്കയച്ചുതരിക, നിങ്ങളുടെ സാഹിത്യസൃഷ്ടികൾ വെളിച്ചം കാണട്ടെ. വനിതകളായ എഴുത്തുകാർക്ക് മുൻഗണന. നിങ്ങളുടെ രചനകൾ മൂന്നു പേജിൽ കവിയരുത്. രചനകൾ അയയ്ക്കേണ്ട വിലാസം താഴെ കൊടുത്തിരിക്കുന്നു.

**The Editor, Christian Woman, Good News, Akkulam Road, Trivandrum - 695 011**
**Telephone : 0471 - 2448079**



# ഞങ്ങളുടെ പ്രിയ അനുജത്തി



ജോർജ് ജോൺ & ലില്ലി ജോർജ്,
തിരുവനന്തപുരം

**ചാൾ**സ് ജോൺ ഞങ്ങളുടെ ഇളയ സഹോദരനാണ്. 'ചാർലി' എന്നാണ് ഞങ്ങൾ ചാൾസിനെ വിളിക്കുന്നത്. ചാൾസിന്റെ വിവാഹം നടക്കുമ്പോൾ ഞങ്ങൾ രണ്ടുപേരും (ചാൾസിന്റെ ജ്യേഷ്ഠൻ ജോർജ് ജോണും ഭാര്യ ലില്ലിയും) വിദേശത്തായിരുന്നു. വിവാഹത്തിനു മുമ്പ് പ്രതിശ്രുത വധുവിനെക്കുറിച്ചുള്ള വിവരങ്ങളും ഫോട്ടോയും ഞങ്ങൾക്കയച്ചു തന്നിരുന്നു. ആയതിനാൽ ചാൾസിന്റെ ഭാര്യ അന്നമ്മയെ നേരിട്ടു കാണുന്നതിനു മുമ്പു തന്നെ ഞങ്ങൾക്ക് അന്നമ്മയെക്കുറിച്ച് ഒരു ഏകദേശരൂപം ലഭിച്ചിരുന്നു.

അന്നമ്മയെ 'കുഞ്ഞമ്മ' എന്നാണ് വീട്ടിൽ വിളിച്ചിരുന്നത്. ഞങ്ങളും ആ വിളി തുടർന്നു. 1966 ഒക്ടോബറിൽ ഞങ്ങൾ ടാൻസനിയായിൽ നിന്നും നാട്ടിൽ വരുമ്പോൾ ചാൾസും കുഞ്ഞമ്മയും ബോംബെയിലായിരുന്നു താമസിച്ചിരുന്നത്. അന്നത്തെ വിദേശയാത്രകളൊക്കെ 'ഷിപ്പി'ൽ ആയിരുന്നു. ഞങ്ങളുടെ സാധനസാമഗ്രികൾ 'ക്ലിയർ' ചെയ്യുന്നതിനും മറ്റുമായി ഏതാനും ദിവസം ബോംബെയിൽ 'എയർ ഇന്ത്യ' യിലുണ്ടായിരുന്ന മൂത്ത സഹോദരൻ ജോൺ മാത്യൂസിന്റെ ഭവനത്തിൽ താമസിക്കയുണ്ടായി. ചാൾസിന്റെയും കുഞ്ഞമ്മയുടെയും ആതിഥ്യം പലതവണ അനുഭവിക്കുന്നതിന് ആ ദിവസങ്ങൾ ഏറ്റവും ഉപകരിച്ചു.

ഞങ്ങളുടെ മൂന്നുമാസത്തെ അവധിക്കാലം നാട്ടിലുണ്ടായിരുന്ന മാതാപിതാക്കളോടൊപ്പം ചെലവഴിച്ചതിനാൽ ചാൾസ് -അന്നമ്മ (കുഞ്ഞമ്മ) ദമ്പതികളുമായി കൂടുതലായി ഇടപഴകുവാൻ അപ്രാവശ്യം സാധിച്ചില്ല. അടുത്ത പ്രാവശ്യം ഞങ്ങൾ അവധിക്കു വരുന്നതിനു മുമ്പു തന്നെ ചാൾസും കുടുംബവും അമേരിക്കയിലേക്ക് പൊയ്ക്കഴിഞ്ഞിരുന്നു. പിന്നീട് ഞങ്ങൾ തമ്മിൽ കാണുന്നത് അവർ 1977 -ൽ അമേരിക്കയിൽ നിന്നും തിരുവനന്തപുരത്തു വന്നു താമസമുറപ്പിക്കയും "ഗുഡ്ന്യൂസ് കറസ്പോണ്ടൻസ് സ്കൂൾ" എന്ന സ്ഥാപനം ആരംഭിക്കുകയും ചെയ്തതിനുശേഷം മാത്രമാണ്. എന്നിരിക്കിലും ഞങ്ങൾ സാംബിയായിലും അവർ അമേരിക്കയിലുമായിരിക്കുമ്പോൾ അവർ ഞങ്ങളെ കൂടെക്കൂടെ ടെലിഫോണിൽ വിളിക്കുകയും ചിലപ്പോൾ സമ്മാനങ്ങൾ അയച്ചു തരികയും ചെയ്യുമായിരുന്നു.

1968 – 77 കാലഘട്ടത്തിൽ അമേരിക്കയിൽ നിന്ന് സാംബിയായിലേക്കോ നാട്ടിലേക്കോ ഫോൺ വിളിക്കുന്നത് വളരെ ദുഷ്കരവും അപൂർവ്വവുമായിരുന്നു. സമയത്തിന്റെ വ്യത്യാസംമൂലം, അമേരിക്കയിൽ നിന്നുള്ള ഫോൺ കോളുകൾ നേരം പുലരുന്നതിനു വളരെ മുമ്പാണ് സാധാരണയായി ലഭിച്ചുകൊണ്ടിരുന്നത്. രാത്രിയിലെ ഫോൺവിളികൾ ഞങ്ങളുടെ ഫ്ളാറ്റ് സമുച്ചയത്തിലെ മറ്റ് താമസക്കാർ അറിയുകയും "ഇന്നലെ അമേരിക്കയിൽ നിന്ന് ഫോൺകോൾ ഉണ്ടായിരുന്നു; അല്ലേ? " എന്ന് ചോദിക്കയും ചെയ്യുമായിരുന്നു. കുഞ്ഞമ്മയുമായി കൂടുതൽ പരിചയപ്പെടുന്നതിനും സുദൃഢമായ സ്നേഹബന്ധം സ്ഥാപിക്കുന്നതിനും മേല്പറഞ്ഞ ഫോൺ കോളുകൾ ഉപോൽബലകമായിരുന്നു.

ചാൾസ് കുടുംബം തിരുവനന്തപുരത്ത് താമസമുറപ്പിച്ചതിനുശേഷമാണ് ഞങ്ങളുടെ മൂന്നു മക്കളെയും തിരുവനന്തപുരത്ത് പഠിക്കാൻ വിടുന്നത്. മകൾ ലിസയെ "ഓൾ സെയിന്റ്സ് കോളജി"ലും ആൺമക്കളിൽ

മൂത്തവനായ ലിജുവിനെ "സെന്റ് തോമസ് റെസിഡൻഷ്യൽ സ്കൂളി"ലും ചേർത്തു. പിന്നീട് ഇളയമകൻ ലിൻസിയെയും സെന്റ് തോമസിൽതന്നെ ചേർത്തു. ചാൾസും കുഞ്ഞമ്മയും ഞങ്ങളുടെ മക്കളോടു കാണിച്ച സ്നേഹവും, അവരുടെ ഏതാവശ്യങ്ങളും എപ്പോൾ വേണമെങ്കിലും സാധിച്ചു കൊടുക്കുന്നതിനുള്ള സന്നദ്ധതയും മാതാപിതാക്കളിൽ നിന്ന് വേർപിരിഞ്ഞ് ബോർഡിംഗിലും ഹോസ്റ്റലിലും താമസിച്ചുകൊണ്ടിരുന്ന ഞങ്ങളുടെ മക്കൾക്ക് ലഭിച്ച വലിയ ഭാഗ്യമാണെന്ന് പറയാതിരിക്കാൻ തരമില്ല. അവരുടെ മക്കളായ വിനോദ്, പ്രമോദ്, പ്രദീപ് എന്നിവരോടൊപ്പം ഞങ്ങളുടെ മക്കളും അവരുടെ അവധിക്കാലങ്ങളും "ലോങ് വീക്കെൻഡുകളും" ചെലവഴിച്ചു. സ്വന്തം മക്കൾക്കു കൊടുക്കുന്ന അതേ പരിഗണനയാണ് കുഞ്ഞമ്മ ഞങ്ങളുടെ മക്കൾക്കും കൊടുത്തിരുന്നത്. ഇന്ന് പ്രമോദും പ്രദീപും ഞങ്ങളുടെ മക്കളായ ലിജുവും ലിൻസിയും കാലിഫോർണിയായിൽ അടുത്തടുത്ത സ്ഥലങ്ങളിൽ താമസിച്ച് ഏതാണ്ട് ഒരേ ഫീൽഡിൽ ജോലി ചെയ്തു ജീവിക്കുന്നു എന്നുള്ളത് കേവലം യാദൃച്ഛികമാണെന്ന് ഞങ്ങൾ കരുതുന്നില്ല. അവരിൽ സീനിയറായ പ്രമോദിന് അക്കാര്യത്തിൽ നല്ലൊരു പങ്കുണ്ട്.

2013-ൽ ലിൻസിയുടെ വിവാഹം അമേരിക്കയിൽ ഡാളസ്സിൽ വച്ച് നടത്തപ്പെട്ടപ്പോൾ, അപ്പോഴേക്കും രോഗാതുരയായിക്കഴിഞ്ഞിരുന്ന കുഞ്ഞമ്മ വീൽചെയറും വോക്കറും ഉപയോഗിച്ചിട്ടാണെങ്കിലും നിർബ്ബന്ധപൂർവ്വം ആ വിവാഹത്തിൽ പങ്കെടുത്തതും, അനേക മാസങ്ങൾക്കു മുമ്പ് ടിക്കറ്റ് ബുക്ക് ചെയ്ത് ലിൻസി കുടുംബം സെപ്റ്റംബറിൽ നാട്ടിലെത്തിച്ചേർന്നത് "കുഞ്ഞമ്മ ആന്റി" യുടെ സംസ്കാരശുശ്രൂഷയിൽ സംബന്ധിക്കുന്നതിനു തക്കവണ്ണം തൊട്ട് തലേ ദിവസമായിരുന്നുവെന്നുള്ളതും ദൈവനിയോഗമല്ലാതെ മറ്റെന്താണ്?

ഞങ്ങൾക്ക് കുഞ്ഞമ്മ ഒരു സ്വന്തം അനുജത്തിയായിരുന്നു. അതുപോലെ തന്നെ കുഞ്ഞമ്മയ്ക്ക് ഞങ്ങൾ അച്ചായനും ചേച്ചിയുമായിരുന്നു. രോഗാതുരയായിക്കഴിഞ്ഞ നാളുകളിൽ ഞങ്ങൾ വല്ലപ്പോഴുമൊക്കെ കാണാൻ ചെല്ലുമ്പോൾ "എന്റെ ചേച്ചി" എന്ന് വളരെ സ്ഫുടമായി പറയുമായിരുന്നു. അതുപോലെ "അച്ചായൻ പ്രാർത്ഥിച്ചിട്ട് പോകണം" എന്ന് എന്നെ ഓർമ്മിപ്പിക്കുമായിരുന്നു.

കുഞ്ഞമ്മ ഒരു ഭാഗ്യവതിയാണ്. രോഗിണിയായ ഒരു ഭാര്യയ്ക്ക് ഇത്ര അധികം ശ്രദ്ധാപൂർവ്വമായ പരിചരണം ഭർത്താവിൽ നിന്ന് ലഭിക്കാൻ സാധിക്കുമെന്നുള്ള വസ്തുത ചാൾസ് - കുഞ്ഞമ്മ ദമ്പതികളുടെ ജീവിതം അടുത്തറിഞ്ഞിട്ടുള്ളവർക്കു മാത്രമേ മനസ്സിലാക്കാൻ സാധിക്കയുള്ളൂ. കുഞ്ഞമ്മ തികച്ചും ശയ്യാവലംബിയായതിനുശേഷം, തന്നെ "ഒന്ന് എഴുന്നേല്പിച്ച് നടത്താൻ" ലോകത്തിന്റെ ഏതറ്റം വരെ പോകാനും ചാൾസ് തയ്യാറായിരുന്നു. അക്കാര്യത്തിൽ പണമോ സമയമോ തന്റെ തന്നെ അത്ര നല്ലതല്ലാത്ത ആരോഗ്യസ്ഥിതിയോ ഒന്നും ഒരു പ്രതിബന്ധമായിരുന്നില്ല. ഗുഡ്ന്യൂസ് മിനിസ്ട്രിയോട് ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ജയരാജ് - ശോഭാ, ഷെറിൻ -സണ്ണി ദമ്പതികൾ, അനിൽകുമാർ, പാസ്റ്റർ സിബി മുതലായവരുടെ അകമഴിഞ്ഞ സഹകരണം പ്രത്യേക പ്രശംസ അർഹിക്കുന്നു. ഇക്കഴിഞ്ഞ കാലയളവിൽ മേല്പറഞ്ഞവരൊക്കെയും എപ്പോഴും കേവലം ഒരു ടെലിഫോൺ കോൾ അകലത്തിൽ ഉണ്ടായിരുന്നു എന്നു തന്നെ പറയാം.

സുവിശേഷ മണ്ഡലങ്ങളിൽ കുഞ്ഞമ്മാമ്മയ്ക്ക് ലഭിച്ചിരുന്ന താലന്തുകൾ ഉപകാരപ്രദമായി വിനിയോഗിക്കുന്നതിലും അവ പ്രസിദ്ധപ്പെടുത്തുന്നതിലും അത്യുത്സാഹിയായിരുന്നു. അനേക ക്രൈസ്തവ ഗാനങ്ങൾ എഴുതുകയും രക്ഷാനിർണ്ണയം പ്രാപിച്ചവരെ മാത്രം വിളിച്ച് ട്യൂൺ കൊടുക്കുന്ന കാര്യത്തിൽ കർശന നിലപാട് സ്വീകരിക്കയും ചെയ്തിട്ടുണ്ട്. സംശുദ്ധമായ അച്ചടക്കമുള്ള ആത്മീയ ജീവിതത്തിനും, ആദർശങ്ങൾക്കും മൂല്യം നല്കിയിരുന്നു. ധാരാളം എഴുതി. മറ്റുള്ളവരുടെ പ്രസിദ്ധീകരണങ്ങളിൽകൂടിയല്ലതാനും സ്വന്തമായ പ്രസിദ്ധീകരണങ്ങളിൽകൂടി അതിനുള്ള ചെലവുകൾ വഹിച്ചും മറ്റുള്ളവരുടെ മുമ്പാകെ തികച്ചും മാതൃകകാട്ടി. സുവിശേഷവേല ധനസമ്പാദനമാർഗ്ഗമായി ഒരിക്കലും പ്രിയപ്പെട്ട ചാർലിച്ചായനും അക്കരെനാട്ടിലേക്ക് പോയ അദ്ദേഹത്തിന്റെ സഹധർമ്മിണിയും കണ്ടിട്ടില്ല. അവർ അതിനെ നിശ്ശിതമായി വിമർശിക്കുന്നത് കേട്ടിട്ടുണ്ട്. നന്നായി വിമർശിക്കുകയും രൂഢമൂലമായിരുന്ന ഉപദേശങ്ങളിൽ അണുപോലും വ്യതിചലിക്കാതെ സംരക്ഷിച്ചുപോരികയും ചെയ്തു. അന്യദുഃഖത്തിലും സമസ്യഷ്ടങ്ങളുടെ നിസ്സഹായ അവസ്ഥയിലും സഹായഹസ്തങ്ങൾ നീട്ടുന്നതിന് മനസ്സുള്ള ഉദാരമതിയായിരുന്നു അമ്മാമ്മ. അർഹരെയും അനർഹരെയും തിരിച്ചറിഞ്ഞ് വേണ്ടതുപോലെ പ്രവർത്തിക്കുന്ന ഒരു സ്വഭാവം പരേതയ്ക്ക് ഉണ്ടായിരുന്നു.

വിശ്വസ്തതയും, വിശുദ്ധിയും മുഖമുദ്രയായി വിളങ്ങിയ കുഞ്ഞമ്മാമ്മ സ്വർഗ്ഗത്തിലും അനേക സ്ത്രീരത്നങ്ങളുടെ കൂട്ടത്തിൽ ഒരു പ്രഭയായിരിക്കും. ഈ പാഴ്മണലിലെ പ്രവൃത്തികൾ തികച്ചിട്ട് വിശ്രമത്തിലേക്ക് പ്രവേശിച്ചിരിക്കുന്ന കർത്തൃദാസി തേജ

*ശേഷം 43 -ാം പേജിൽ കാണുക....*

# അന്നമ്മ എന്ന ക്രൂശിന്റെ പോരാളി



ഡോ. ഉമ്മൻ ഫിലിപ്, തിരുവനന്തപുരം

**സ്ത്രീ**കളുടെ ഇടയിൽ സ്ത്രീകൾക്കു വേണ്ടി തന്റെ ശക്തമായ തൂലിക ചലിപ്പിച്ച് സ്ത്രീകൾക്കും പുരുഷന്മാർക്കും ദീർഘ വർഷങ്ങൾ പ്രചോദനമായിരുന്ന ക്രൈസ്തവ വനിത ആയിരുന്നു മാന്യ സഹോദരി അന്നമ്മ ജോൺ. ഡോണാവൂരിലെ ഏമി കാർമൈക്കിളിന്റെയും എക്വഡോറിലെ എലിസബെത്ത് എലിയട്ടിന്റെയും മാതൃക സ്വജീവിതത്തിൽ പകർത്തി ജീവിക്കയും ശുശ്രൂഷിക്കയും ചെയ്തശേഷം വിശ്രമദേശത്തിലേക്ക് പോയിരിക്കുന്ന ഈ മാന്യ ദൈവദാസിയുടെ ജീവിതം ക്രൈസ്തവ വനിതകൾക്കു മാത്രമല്ല, എല്ലാ പ്രായത്തിലുമുള്ള ക്രൈസ്തവ സ്ത്രീപുരുഷന്മാർക്കും ഒരു വലിയ വെല്ലുവിളിയാണ് ഉയർത്തിയിരിക്കുന്നത്. ദൈവം ഒരു സഹോദരിയുടെ ഹൃദയത്തെ ഉണർത്തുമ്പോൾ കടുത്ത ശാരീരിക ബലഹീനതകൾപോലും പ്രതിബന്ധമാകാതെ അവർക്ക് ശുശ്രൂഷിക്കാൻ സാധിക്കും എന്നതിനും ഒരു മകുടോദാഹരണമാണ് സഹോ. അന്നമ്മയുടെ ശുശ്രൂഷാ ജീവിതം എന്നതിൽ തർക്കമില്ല.

ഏതാണ്ട് 45 വർഷങ്ങൾക്കുമുമ്പ് അന്നമ്മ-ചാൾസ്ജോൺ കുടുംബം അമേരിക്കയിലെ ഇല്ലിനോയ് സംസ്ഥാനത്തെ ക്യാങ്കക്കിയിൽ താമസിച്ചിരുന്ന കാലത്താണ് ഈ സഹോദരിയെ ആദ്യമായി കാണാനും പരിചയപ്പെടാനും ആതിഥ്യം സ്വീകരിക്കുവാനും ഈ ലേഖകന് ഇടയായത്. അതിനുശേഷം നീണ്ടവർഷങ്ങൾ തിരുവനന്തപുരത്തു വച്ച് ആത്മീയബന്ധം പുലർത്തുവാനും ചില ശുശ്രൂഷകളിൽ ഒന്നിച്ച് പങ്കെടുക്കുവാനും ഇടയായിട്ടുണ്ട്. ഇക്കാലങ്ങളിൽ ഈ ദൈവദാസിയുടെ പത്രാധിപത്യത്തിൽ പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുന്ന ''ക്രൈസ്തവ വനിത" മാസികയിൽ ചില ലേഖനങ്ങൾ എഴുതുവാൻ പ്രിയ സഹോദരിയിൽ നിന്നും പ്രോത്സാഹനം ലഭിക്കുവാൻ ഇടയായി എന്നതും ദൈവനാമമഹത്ത്വത്തിനായി പ്രസ്താവിച്ചുകൊള്ളട്ടെ.

ശക്തമായ ആത്മീയ തൂലികയുടെ ഉടമയായിരുന്നു സഹോദരി അന്നമ്മ. ''ഗുഡ്ന്യൂസ് അപ്ഡേറ്റിലും'' തന്റെ പത്രാധിപത്യത്തിൽ പ്രസിദ്ധീകരിക്കുന്ന "ക്രൈസ്തവ വനിത" യിലും കൂടി ആഴമേറിയ ആത്മീയ സത്യങ്ങൾ അടങ്ങിയ ലേഖനങ്ങൾ ലക്കംലക്കമായി ക്രൈസ്തവ കൈരളിക്ക് ലഭ്യമാക്കാൻ ദൈവം പ്രസാദിച്ചു. സഹോദരിമാർക്ക് പ്രചോദനം, പിൻബലം, വചനാഭ്യസനം, സുവിശേഷീകരണ വെല്ലുവിളി, കൃപാവരങ്ങളുടെ പ്രകാശനം ഇതെല്ലാം ഒന്നിനു പിറകെ ഒന്നായി പ്രിയ ദാസിയുടെ ലേഖനങ്ങളിൽ കൂടി പുറത്തുവന്നുകൊണ്ടിരുന്നു.

ലളിതമായ കാവ്യാത്മകതയുടെയും, സംഗീതാത്മകങ്ങളായ അനേകം ഹൃദ്യഗാനങ്ങളുടെയും വലിയ കവിഞ്ഞൊഴുക്ക് സഹോദരി അന്നമ്മയുടെ ജീവിതത്തിൽ കൂടി കണ്ട് അനുഭവിക്കുവാൻ നമുക്കെല്ലാം ഇടയായി എന്നതു തന്റെ കൃപാവരങ്ങളുടെ പരപ്പിനെയും ആഴത്തെയും വിളിച്ചോതുന്നതാണ്. ഈ ഗാനങ്ങളിലധികവും മനോഹരങ്ങളായി, അഭിനന്ദനാർഹമായ സംഗീതാവിഷ്കരണത്തോടെ ദൈവമക്കൾക്കു കാഴ്ച വെച്ചിട്ടാണ് പ്രിയ കർത്തൃദാസി ഇപ്പോൾ വിശ്രമത്തിനായി ദൈവസന്നിധിയിലേക്ക് കടന്നുപോയിരിക്കുന്നത്. തലമുറകളായി പാടി ആസ്വദിക്കാനായി ഈ ഗാനങ്ങൾ പ്രിയ കർത്തൃദാസിയുടെ ഹൃദയത്തിൽ നിന്നും

നമുക്കായി ഒഴുക്കിത്തന്ന ദൈവത്തിനു സ്തോത്രം.

പ്രിയ കർത്തൃദാസി ആത്മീയ തൂലികയാൽ അനുഗ്രഹിക്കപ്പെട്ട ഒരു കുടുംബത്തിലെ ഒരു അംഗം (Team Member) ആയിരുന്നു എന്നതു അത്ഭുതകരമെന്ന് പറയത്തക്ക ഒരു ദൈവികപ്രവൃത്തി തന്നെ ആയിരുന്നു. ക്രൈസ്തവരുടെ ഇടയിൽ പ്രസിദ്ധയായ തന്റെ ഭർത്തൃസഹോദരി പ്രിയ മേരി അഞ്ചൻ ലോകമൊട്ടുക്ക് മലയാളി ക്രൈസ്തവരുടെ ഇടയിൽ അറിയപ്പെടുന്ന ഗ്രന്ഥകാരിയും ലേഖികയുമാണ്. കൂടാതെ ഗുഡ്ന്യൂസ് അപ്ഡേറ്റ് പത്രാധിപരും ഗുഡ്ന്യൂസ് ബൈബിൾ കറസ്പോണ്ടൻസ് സ്കൂൾ ഡയറക്ടറുമായിരുന്ന സ്വഭർത്താവ് ശ്രീ ചാൾസ് ജോൺ, ഗുഡ്ന്യൂസ് അപ്ഡേറ്റ് സഹപത്രാധിപരായിരുന്ന ഭർത്തൃസഹോദരൻ ശ്രീ ജോർജ് ജോൺ, ഇവരുടെ പിതാവ് അറിയപ്പെടുന്ന ഒരു സുവിശേഷപ്രസംഗകനും വാഗ്മിയും എഴുത്തുകാരനുമായിരുന്ന പരേതനായ പണ്ഡിറ്റ് എം.എം.ജോൺ എന്നിവരൊക്കെ അടങ്ങിയ അക്ഷരശുശ്രൂഷ കരായ കുടുംബാംഗങ്ങൾക്കിടയിലേക്കാണ് ശ്രീമതി അന്നമ്മ എന്ന എഴുത്തുകാരി കടന്നു വന്നത്. ഇവർ എല്ലാവരും പരസ്പരം പ്രചോദനപരമായി ''എഴുത്ത്'' എന്ന മഹത്തായ ആത്മീയശുശ്രൂഷ ചെയ്തുകൊണ്ടി രുന്നുവല്ലോ. ഇവരുടെയെല്ലാം രചനാത്മക ശുശ്രൂഷയുടെ ആത്മീയ സ്വാധീനതയും ഫലങ്ങളും നിത്യത തീർച്ചയായും വെളിപ്പെടു ത്തുക തന്നെ ചെയ്യും. എന്നാൽ മറ്റു കുടുംബാംഗങ്ങളിൽ നിന്നും തികച്ചും വേറിട്ട ഭാഷാശൈലിയുടെയും ആശയ സംപുഷ്ടി യുടെയും സൃഷ്ടിപരമായ രചനാ വൈഭവ ത്തിന്റെയും ഉടമയായിരുന്നു സഹോദരി അന്നമ്മ ജോൺ.

വ്യക്തിപരമായ ഇടപെടലുകളിൽ അത്യന്തം വിനയവും ക്ഷമയും ലാളിത്യവും പുലർത്തിയ ഒരു ദൈവദാസി ആയിരുന്നു സഹോ. അന്നമ്മ എന്ന് അനുഭവിച്ചറിയാൻ ഈ ലേഖകന് ഇട വന്നിട്ടുണ്ട്. ദൈവവചന ത്തിനനുസാരമായി, ഒരു അനുഗൃഹീത ദൈവ ദാസന്റെ സഹധർമ്മിണിയായി അദ്ദേഹ ത്തിന്റെ ശുശ്രൂഷയുടെ നിഴലിലും തണലിലും അമർന്നിരുന്നുകൊണ്ടാണ് പ്രിയ കർത്തൃ ദാസി തന്റെ ശുശ്രൂഷകൾ നിർവ്വഹിച്ചിരുന്നത് എന്ന് അനേക അവസരങ്ങളിലും സാഹചര്യ ങ്ങളിലുംകൂടി കണ്ടറിയുവാൻ ഇടയായിട്ടുണ്ട്. ഒരിക്കലും ഭർത്താവിന്റെ മുമ്പിൽ കയറി പ്രവർത്തിക്കുവാനോ സ്വയമായി പ്രശംസി ക്കുവാനോ കർത്തൃദാസി ശ്രമിച്ചിട്ടില്ല എന്നത് അനേക വർഷങ്ങളിലെ പരിചയത്തിൽകൂടി മനസ്സിലാക്കിയിട്ടുള്ള വസ്തുതയാണ്. അതീവവേദനയിൽകൂടി കടന്നുപോയ നാളുക ളിലും മറ്റു ദൈവമക്കളെ ചെറുപുഞ്ചിരിയോടെ യാണ് സഹോദരി നേരിട്ടിട്ടുള്ളത് എന്നത് താൻ അനുഭവിച്ച ദൈവകൃപയുടെ ആഴത്തെ കാണിക്കുന്നു. തന്റെ വേദനയുടെ നാളുകളിൽ പരാതിയോ പിറുപിറുപ്പോ കൂടാതെ എല്ലാം താൻ ധൈര്യത്തോടും ദൈവാശ്രയത്തോടും കൂടെ അഭിമുഖീകരിച്ചു എന്നതു തികഞ്ഞ ആത്മീയ മാതൃകയാണ്.

സഹോദരി അന്നമ്മയും സഹോദരൻ ചാൾസും കൂടി പണിതുയർത്തിയ കുടുംബ ത്തിലെ അവരുടെ മൂന്നു ആൺമക്കളും അവ രുടെ കുടുംബങ്ങളും എല്ലാം കർത്താവിനെ അറിയുന്നവരും ദേശത്തു സാക്ഷ്യം പുലർത്തി ജീവിക്കുന്നവരുമാണ് എന്ന് അറിയുന്നതിൽ നിന്നും അവരുടെ ജീവിതങ്ങളിൽ അവരുടെ മാതാവിനുണ്ടായിരുന്ന ആത്മീയ സ്വാധീനം വ്യക്തമാണ്. അതിനായി ദൈവത്തെ സ്തുതിക്കാം.

നീണ്ട വർഷങ്ങളിലെ ആത്മീയ അദ്ധ്വാനത്തിനുശേഷം പ്രിയ കർത്തൃദാസി ശുശ്രൂഷകൾ പൂർത്തിയാക്കി വിശ്രമത്തിനായി തന്റെ പിതാവിന്റെ ഭവനത്തിലേക്ക് പോയിരിക്കയാണ് (ലൂക്കൊ.1:23). താമസം വിനാ ക്രിസ്തുവിന്റെ ന്യായാസനത്തിനു മുമ്പിലേക്ക് പ്രതിഫലങ്ങൾ ഏറ്റു കൊള്ളുവാ നായി അന്നമ്മ ജോൺ എഴുന്നേറ്റു വരും. ആ ദിവസത്തിനായി തയ്യാറാകാൻ വായനക്കാർക്ക് പ്രിയ കർത്തൃദാസിയുടെ ജീവിതവും ശുശ്രൂഷകളും അദ്ധ്വാനവും വെല്ലുവിളിയായി തീരുമാറാകട്ടെ.

☺

# വിശ്വാസം കാത്തു ഓട്ടം തികച്ച വീരവനിത



എം.എം. ആൻഡ്രൂസ്, തിരുവനന്തപുരം

**ഏ**താനും ആഴ്ചകൾക്കുമുമ്പ് ദൈവസന്നിധിയിലേക്കു ചേർക്കപ്പെട്ടു ഇപ്പോൾ കർത്തൃകരങ്ങളിൽ വിശ്രമിക്കുന്ന സഹോദരി അന്നമ്മ സി. ജോണിനെക്കുറിച്ച് അനുസ്മരണമായി ചില വാക്കുകൾ കുറിക്കുന്നതിൽ എനിക്കു അതിയായ സന്തോഷമുണ്ട്.

ശ്രീമതി അന്നമ്മജോണിന്റെ ഭവനവുമായി എനിക്ക് ദീർഘവർഷങ്ങളായി പരിചയം ഉണ്ട്. കേരളക്കരയിലെ വേർപാടു സഭകളുടെ ആരംഭകാല പ്രവർത്തകരിൽ അദ്വിതീയമായ ഒരു സ്ഥാനം ഉള്ള ശ്രേഷ്ഠ ദൈവദാസനാണ് ബഹുമാന്യനായ പണ്ഡിറ്റ് എം. എം. ജോൺ സാർ. ഈ ദൈവദാസനെ വളരെ അടുത്തു പരിചയപ്പെടുവാൻ എനിക്ക് സാധിച്ചിട്ടില്ലെങ്കിലും, പല അവസരങ്ങളിലും കാണുവാനും ഒരു പ്രാവശ്യം സഭയിൽ ഒന്നിച്ച് ആരാധിക്കുവാനും സാറിന്റെ വചനശുശ്രൂഷ കേൾക്കുവാനും സാധിച്ചിട്ടുണ്ട്.

മാർത്തോമ്മാ സഭയിലെ ഒരു സുവിശേഷകനായി അറിയപ്പെട്ടിരുന്ന ജോൺ സാർ ആദ്യകാലങ്ങളിൽ 'വിശ്വാസ സ്നാനം' എന്ന വിഷയത്തിൽ ഉപദേശപരമായി യോജിച്ചിരുന്നില്ലെങ്കിലും, പില്ക്കാലത്ത് ചില ശ്രേഷ്ഠദൈവദാസന്മാരുമായി ഒരു രാത്രിയിലുണ്ടായ സംഭാഷണസമയത്ത് വിശ്വാസസ്നാനം വേദാനുസരണമാണ് എന്ന് ബോധ്യമാവുകയും ആ രാത്രിയിൽ തന്നെ സ്നാനപ്പെടണമെന്ന് നിർബ്ബന്ധം പിടിക്കുകയും പാതിരാത്രി സമയത്തു സ്നാന ശുശ്രൂഷ നടക്കുകയും ചെയ്തു എന്നുള്ളതു അധികം സമാനതകളില്ലാത്ത ഒരു അപൂർവ്വ ചരിത്ര സംഭവമാണ്. സാർ സ്വീകരിച്ച സത്യ വിശ്വാസത്തെ അവസാനത്തോളം മുറുകെ പിടിച്ച് ഇപ്പോൾ കർത്തൃസന്നിധിയിൽ വിശ്രമിക്കുന്നു. ജോൺസാറിന്റെ മകൻ, ഞങ്ങൾ സണ്ണിച്ചായൻ എന്നു വിളിക്കുന്ന സഹോദരൻ ജോർജ് ജോൺ ഞാൻ ഉൾപ്പെട്ടുനില്ക്കുന്ന പോങ്ങുംമൂട് ഹെബ്രോൻ ക്രിസ്ത്യൻ അസ്സംബ്ലിയിലെ ഏറ്റവും പ്രായംകൂടിയ ശുശ്രൂഷകനാണ്. ഈ വാർദ്ധക്യകാലത്തും സഭയിലെ വിവിധ ചുമതലകൾ ഏറ്റെടുത്ത് സന്തോഷപൂർവ്വം സഭയെ നയിക്കുന്നതിൽ നേതൃത്വം നല്കി മുൻപന്തിയിൽ തന്നെ ശോഭിക്കുന്നു. ജോൺസാറിന്റെ മകൾ വന്ദ്യവയോധികയായ മേരി അഞ്ചനെയും പരിചയപ്പെടാൻ സാധിച്ചിട്ടുണ്ട്. പ്രിയ സഹോദരി അനേകം ക്രിസ്തീയ ഗ്രന്ഥങ്ങൾ രചിക്കുകയും, ക്രിസ്തീയ ആനുകാലികങ്ങളിൽ നിരവധി ഈടുറ്റ ലേഖനങ്ങൾ നിരന്തരമായി എഴുതുകയും ക്രൈസ്തവ സാഹിത്യ അക്കാഡമിയുടെ പുരസ്കാരം നേടുകയും ചെയ്തിട്ടുള്ള ഒരു അനുഗൃഹീത ദൈവദാസിയാണ്, ഭർത്താവ്, കർത്താവിൽ പ്രസിദ്ധനായ സുവിശേഷകൻ ചാൾസ് അഞ്ചനുമൊരുമിച്ച് ആതുരശുശ്രൂഷകൾ ഉൾപ്പെടെ വിവിധ ആത്മീയപ്രവർത്തനങ്ങളിലും ഏർപ്പെട്ടും വാർദ്ധക്യത്തിലും ഫലം കായ്ച്ചുകൊണ്ടിരിക്കുന്നു. ജോൺസാറിന്റെ ഇളയമകൻ ഡോ.ചാൾസ് ജോണിന്റെ പത്നിയാണല്ലോ സഹോദരി അന്നമ്മ ജോൺ. അവർ ഇരുവരും ചേർന്ന് വിവിധ നിലയിലുള്ള ക്രിസ്തീയ സാഹിത്യപ്രവർത്തനങ്ങളിൽ ഏർപ്പെട്ടുകൊണ്ടാണിരുന്നത്. ചില മാസികകൾ നടത്തി; നിരവധി ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചു; കറസ്പോണ്ടൻസ് കോഴ്സുകൾ നടത്തുന്നു. ഇപ്പോഴും 'ക്രൈസ്തവ വനിത' എന്ന ദ്വൈമാസ പ്രസിദ്ധീകരണം നടത്തിക്കൊണ്ടിരിക്കുന്നു.

ഈ കുടുംബവുമായി അനേക വർഷങ്ങളായി എനിക്കും പരിചയം ഉണ്ട്.

ഞാൻ ഉൾപ്പെട്ടുനില്ക്കുന്ന ഹെബ്രോൻ ക്രിസ്ത്യൻ അസ്സംബ്ലിയും ബ്രദ:ചാൾസ് ജോണിന്റെ നേതൃത്വത്തിലുള്ള ഫസ്റ്റ് ബാപ്റ്റിസ്റ്റ് ചർച്ചുമായി വിവിധ നിലകളിൽ ശുശ്രൂഷകളിൽ ബന്ധപ്പെട്ടുകൊണ്ടാണിരിക്കുന്നത്. ഇരു സഭകളിലും നടക്കുന്ന വിവിധ ശുശ്രൂഷകളിൽ, പ്രത്യേകിച്ച് വിശേഷാൽ യോഗങ്ങളിലും പരസ്പരം ക്ഷണിക്കുകയും സഹോദരി സഹോദരന്മാർ സഹകരിച്ചു പ്രവർത്തിക്കുകയും ചെയ്യാറുണ്ട്. ശ്രീമതി അന്നമ്മ ജോണിന്റെ വേർപാടിനോടുള്ള ബന്ധത്തിൽ ഞങ്ങൾ സഭയായി അവരുടെ ഭവനത്തിൽ പോയി പ്രാർത്ഥിക്കുകയും സംസ്കാര ശുശ്രൂഷകളിൽ എല്ലാവരും സംബന്ധിക്കുകയും ചെയ്തു.

ശ്രീമതി അന്നമ്മ ജോണിനെക്കുറിച്ച് ധാരാളം കാര്യങ്ങൾ എഴുതുവാനുണ്ടെങ്കിലും ചുരുക്കമായി ചില കാര്യങ്ങൾ മാത്രം ഇവിടെ ചേർക്കുന്നു. പ്രിയ അന്നമ്മ സഹോദരി സത്യവിശ്വാസത്തിനുവേണ്ടി പോരാടിയ ഒരു ധീരവനിതയായിരുന്നു. രോഗക്കിടക്കയിൽ ആകുന്നതുവരെയും നിരവധി സുവിശേഷ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുകൊണ്ടാണിരുന്നത്. നിരവധി ക്രിസ്തീയഗാനങ്ങൾ രചിക്കുകയും പ്രസിദ്ധീകരിക്കയും ചെയ്തിട്ടുണ്ട്. ക്രൈസ്തവ വനിതയുടെ മുഖ്യപത്രാധിപസ്ഥാനം വഹിക്കുകയും വായനക്കാർക്ക് ആത്മിക വർദ്ധനവിനുതകുന്ന നിരവധി ഈടുറ്റ ലേഖനങ്ങൾ പ്രസിദ്ധീകരിക്കയും ചെയ്തിട്ടുണ്ട്. അന്ധവിശ്വാസങ്ങളോടും അനാചാരങ്ങളോടും യാതൊരു വിട്ടുവീഴ്ചയുമില്ലാതെ പോരാടി. ക്രിസ്തു മാത്രമാണ് ലോകരക്ഷിതാവ് എന്ന് അർത്ഥശങ്കയില്ലാതെ ധൈര്യമായി എഴുതി. താൻ മനസ്സിലാക്കിയ സത്യങ്ങൾ മുഖംനോക്കാതെയും ആരെയും പ്രീതിപ്പെടുത്താതെയും എഴുതുന്നതിൽ യാതൊരു ശങ്കയും കാണിച്ചിരുന്നില്ല. പ്രിയ സഹോദരി ചില വർഷങ്ങൾ രോഗക്കിടക്കയിൽ ആയിരുന്നു. ആ അവസരങ്ങളിൽ തന്നെ സന്ദർശിക്കുന്നവരോടുപോലും സുവിശേഷം പറയുവാൻ ഉത്സാഹിച്ചിരുന്നു. ഞങ്ങൾ വ്യക്തികളായും കുടുംബങ്ങളായും സഭയായും പല പ്രാവശ്യം അവരുടെ ഭവനത്തിൽ പോവുകയും പ്രാർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. ശരീരം സ്വതന്ത്രമായി ചലിപ്പിക്കുവാൻ പോലും കഴിയാതെ ബലഹീനയായിരുന്നപ്പോൾ പോലും പ്രിയ സഹോദരിയുടെ മുഖത്തു വിളങ്ങിയിരുന്ന ആത്മീയ ചൈതന്യം വിസ്മയനീയമായിരുന്നു, താൻ എത്രമാത്രം ആത്മീയ സന്തോഷം അനുഭവിക്കുന്നു എന്നു വെളിവാക്കുന്നതായിരുന്നു ആ മുഖഭാവം. ഈ ലോകജീവിതം അവസാനിച്ചാൽ താൻ പ്രിയം വച്ചിരുന്ന കർത്തൃസന്നിധിയിലേക്കാണ് പോകുന്നത് എന്നുള്ള ഉറപ്പും പ്രത്യാശയും ദർശിക്കുവാൻ ഞങ്ങൾക്കു കഴിഞ്ഞു. പാട്ടുകൾ പാടുമ്പോൾ ചുണ്ട് അനക്കിയും മുഖഭാവം കൊണ്ടും അതിനോടു താദാത്മ്യം പ്രാപിക്കുന്നത് ഞങ്ങൾ ശ്രദ്ധിച്ചിട്ടുണ്ട്. പ്രിയ സഹോദരി ഇപ്പോൾ കണ്ണുനീരും ദുഃഖവും വേദനയും വിലാപവും ഇല്ലാത്ത കർത്തൃകരങ്ങളിൽ വിശ്രമിക്കുന്നു. പ്രിയ സഹോദരിയുടെ വേർപാട് ക്രിസ്തീയ സഹോദരിമാരുടെ ഇടയിൽ ഒരു വിടവു തന്നെയാണ്. കർത്താവ് ആത്മപ്രേരിതരായി പലരെയും എഴുന്നേല്പിച്ച് ഈ വിടവു നികത്തുവാൻ നമുക്കു പ്രാർത്ഥിക്കാം. കർത്താവിന്റെ വരവിങ്കൽ ആ പുത്തൻ പുലരിയിൽ ക്രിസ്തുവിൽ മരിച്ചവരും ജീവനോടിരിക്കുന്നവരുമായ ദൈവമക്കൾ രൂപാന്തരം പ്രാപിച്ച് ഒരുമിച്ചുകൂടുമ്പോൾ പ്രിയ സഹോദരിയെയും നമുക്കു കാണുവാൻ കഴിയും. പ്രതിഫലം വീതിക്കുന്ന നാളിൽ പ്രിയ സഹോദരിക്ക് ധാരാളം പ്രതിഫലങ്ങൾ ലഭിക്കും എന്നതിൽ സംശയമില്ല. "നീയോ അവസാനം വരുവോളം പൊയ്ക്കൊൾക; നീ വിശ്രമിച്ചു കാലാവസാനത്തിൽ നിന്റെ ഓഹരി ലഭിപ്പാൻ എഴുന്നേറ്റു വരും" (ദാനി. 12:13) എന്ന് ദാനിയേലിനോടു പറഞ്ഞ വാക്കുകൾ സ്മരിച്ചുകൊണ്ടും സഹോദരിയുമായി ബന്ധപ്പെട്ട എല്ലാ പ്രിയപ്പെട്ടവർക്കും ദൈവം സർവ്വദിവ്യസമാധാനവും നല്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ടും ഈ കുറിപ്പ് അവസാനിപ്പിക്കുന്നു.

"കണ്ണുനീരെല്ലാം താൻ തുടയ്ക്കും വർണ്ണം വിശേഷമായുദിക്കും
ജീവകിരീടമെൻ ശിരസ്സിൽ കർത്തൻ വച്ചീടുമാസദസ്സിൽ"
"ഹാ എന്റെ ഭാഗ്യം അനന്തമേ
ഇതു സൗഭാഗ്യജീവിതമേ"

☺

# ഞാനും എന്റെ അമ്മാമ്മയും

ടി.എം. മാത്യു, മൈലപ്ര, പത്തനംതിട്ട



**ക**ർത്താവിന്റെ ദാസി അനുഗൃഹീത ക്രൈസ്തവ വനിതാ രത്നം ശ്രീമതി അന്നമ്മ ചാൾസ് 2018 സെപ്റ്റംബർ 25-ാം തീയതി താൻ ഏറ്റവും പ്രിയംവച്ച ആത്മനാഥനായ യേശുകർത്താവിന്റെ സമീപത്തേക്ക് പറന്നു പോയി. എഴുപത്തിയെട്ടു വർഷങ്ങൾ പിന്നിട്ട ഒരു ധന്യജീവിതത്തിനു വിരാമമിട്ട് ഒരു പിടി ഓർമ്മകൾ അവശേഷിപ്പിച്ച് നിത്യതയിലേക്ക് നീങ്ങിയ ഒരു മാതൃകാ വനിതയുടെ യാത്രയയപ്പിൽ പങ്കെടുക്കാനിടയായി. ഒരു മാതൃകാ ദൈവദാസി, അഞ്ചു പതിറ്റാണ്ടുകളിൽപരം ഒരു ഉത്തമ ഭാര്യ, ഒരു നല്ല മാതാവ്, ഉദാത്തയായ ഒരു ഉദാരമതി എന്നീ വിശേഷണങ്ങളാണ് കുഞ്ഞമ്മാമ്മയെ അറിയുന്നവരുടെ ഉള്ളിൽനിന്നും മാഞ്ഞു പോകാതെ നിലകൊള്ളുന്നത്.

1977-ൽ അമേരിക്കയിൽനിന്നും, കർത്തൃവേലയോടുള്ള പ്രതിബദ്ധതയിൽ തിരുവനന്തപുരത്തെത്തിയ ഡോ.ചാൾസ്, അന്നമ്മ കുടുംബത്തെ 1979-ൽ പരിചയപ്പെടുവാനിടയായി. പ്രിയ ചാൾസ് അച്ചായന്റെ പിതാവ് പണ്ഡിറ്റ് എം.എം. ജോൺ (അപ്പച്ചൻ) എന്റെ മാതാവിന്റെ കസിൻ ആയിരുന്നതിനാൽ എന്റെ മാതാവ് പല പ്രാവശ്യം എന്നെയും കൊണ്ട് വാളക്കുഴിയിലുള്ള 'ശാന്തിസദനം' സന്ദർശിക്കാറുണ്ടായിരുന്നു. ഒരു പ്രാവശ്യം അപ്പച്ചനെയും, അവിടുത്തെ അമ്മച്ചിയെയും കാണുവാൻ എന്റെ മാതാവിനൊപ്പം ഞാൻ പോയപ്പോഴാണ് ചാർലിച്ചായൻ സുവിശേഷീകരണാർത്ഥം തിരുവനന്തപുരത്തെത്തിയ വിവരം അറിഞ്ഞത്.

എന്റെ പിതാവ് ഒരു സുവിശേഷകനായിരുന്നു. അന്ന് എന്റെ പഠനം Pre-Degree Exam, IInd classൽ പൂർത്തീകരിച്ചു നില്ക്കുന്ന സമയം. തുടർന്ന് പഠിക്കുകയും ചാർലിച്ചായനൊപ്പം സുവിശേഷപ്രവർത്തനങ്ങളിൽ പങ്കെടുക്കയുമാവാം എന്ന താൽപര്യത്തിൽ തിരുവനന്തപുരത്തെത്തി ചാർലിച്ചായനെ കണ്ടു. ആഗ്രഹം അറിയിച്ചു. അപ്പോഴാണ് അറിയുന്നത് അവിടെ തിയോളജി ഗ്രാഡുവേറ്റ്സിനെയാണ് ആവശ്യം എന്ന്. ആദ്യം നിരാകരിച്ചുവെങ്കിലും എന്റെ അപേക്ഷ പ്രകാരം എനിക്കൊരു Part-Time ജോലി നല്കി, സാമ്പത്തിക പ്രതിഫലവും തന്നു.

അന്ന് എന്റെ കൈവശം നല്കിയ തപാൽ ലിസ്റ്റിൽ നൂറിൽ താഴെ മേൽവിലാസങ്ങളേ ഉണ്ടായിരുന്നുള്ളൂ. എന്നാൽ ഇപ്പോൾ ഒരു ലക്ഷത്തിലധികം പേർ ഉള്ളതായി ഡോ. ചാൾസ് ജോൺ പ്രസ്താവിച്ചപ്പോൾ അതിയായി സന്തോഷിച്ചു. എത്രയോ പേർക്കു അവരുടെ അരികിൽ ദൈവവചനം അറിയുവാൻ, പഠിക്കുവാൻ ഗുഡ്ന്യൂസ് മുഖാന്തരമായി. അനേകം ഉത്തരക്കടലാസുകൾ പരിശോധിച്ച് തിരുത്തലുകൾ ചെയ്യുവാനും, പ്രോത്സാഹനം നല്കുവാനും ഗുഡ്ന്യൂസിൽ പ്രവർത്തിക്കുമ്പോൾ എനിക്കു സാധിച്ചു. മാത്രമല്ല ഗുഡ്ന്യൂസ്, ഫസ്റ്റ് ബാപ്റ്റിസ്റ്റ് ചർച്ച് തിരുവനന്തപുരം, ചുമതലയിൽ ബാർട്ടൻ ഹിൽ, മുടവൻമുകൾ പ്രദേശങ്ങളിൽ നടത്തപ്പെട്ട രണ്ടു സൺഡേസ്കൂളുകളിൽ കുട്ടികളെ ദൈവവചനം അഭ്യസിപ്പിക്കുന്നതിന്, അടിയന് ഇടയായത് അഭിമാനപൂർവ്വം സ്മരിക്കുന്നു. അതുമല്ല ഫസ്റ്റ് ബാപ്റ്റിസ്റ്റ് ചർച്ച് തിരുവനന്തപുരം, ആദ്യകാല ഡീക്കന്മാരിൽ ഒരാളായിരിക്കുവാൻ കഴിഞ്ഞതിൽ അതിയായ സന്തോഷമുണ്ട്.

പ്രിയ അന്നമ്മാമ്മയെക്കുറിച്ച് എഴുതുവാൻ അനേകം കാര്യങ്ങൾ അവശേഷിക്കുന്നു. ചാർലിച്ചായൻ അമേരിക്കയിൽ സന്ദർശനത്തിനായി പോയസമയം എല്ലാറ്റിനും ചുക്കാൻ

പിടിച്ചത് അന്നമ്മാമ്മ തന്നെ ആയിരുന്നു. ഡോ.ചാൾസ് ജോണും കുടുംബവും ചാലക്കുഴി ലെയിനിൽ ഒരു വീട്ടിലാണ് താമസിച്ചിരുന്നത്. അന്ന് അവിടെ ഞാനൊരു ദിവസം സന്ദർശിച്ച സമയം ചില പാട്ടുപാടുവാൻ അമ്മാമ്മ ആവശ്യപ്പെട്ടു. പാട്ടുകാരൻ അല്ലാതിരുന്നിട്ടും നിർബ്ബന്ധം നിമിത്തം പാട്ടു തുടങ്ങി. K.V.S., M.E.C, T.K.S., C.J. തുടങ്ങിയ ദൈവദാസന്മാരുടെ പാട്ടുകൾ ഏകദേശം 50-ൽപരം, എന്റെ പതറിയ സ്വരത്തിൽ പാടിക്കാണും. കട്ടൻ കാപ്പിയും ഏകദേശം പത്തു പതിനഞ്ചു കുടിച്ചുകാണും. "ആരുമില്ലാ നീയൊഴികെ ചാരുവാനൊരാൾ' എന്ന ഗാനം പല ആവർത്തി പാടിയത് ഓർക്കുന്നു. ഫസ്റ്റ് ബാപ്റ്റിസ്റ്റ് ചർച്ചിന്റെ ആഭിമുഖ്യത്തിൽ കേശവദാസപുരത്തുവച്ച് നടത്തിയ ആദ്യത്തെ വി.ബി.എസ്.-ഉം അതുപോലെ ആഴ്ചയിലൊരിക്കൽ, ബുധനാഴ്ചതോറും യുവജനസമ്മേളനത്തിലും സംബന്ധിച്ചതുമൊക്കെ മറക്കാവതല്ല.

ചാർലിച്ചായനും, അമ്മാമ്മയും സ്നേഹപൂർവ്വം എന്നെ 'ജിജിക്കുട്ടി' എന്നാണ് വിളിച്ചിരുന്നത്. എന്നെ ഒരു കുടുംബാംഗത്തെപ്പോലെ കരുതി. ഒന്നിച്ച് കളികളിൽ ഏർപ്പെടുവാനും, സൈക്കിളിൽ കയറി ഓടിക്കുവാനും ചിരിക്കുവാനും, കുറുമ്പുകാട്ടുവാനും മൂന്നു കുഞ്ഞനുജന്മാർ (വിനോദ്, പ്രമോദ്, പ്രദീപ്) എനിക്കൊപ്പം ഉണ്ടായിരുന്നത് ഓർക്കുകയും നന്ദിയുള്ളവനായിരിക്കയും ചെയ്യുന്നു. ഇന്ന് ദൈവം അവരെ കുടുംബമായി അനുഗ്രഹിച്ചിരിക്കയാൽ ദൈവത്തിനു സ്തോത്രം. അമേരിക്കയിൽ സന്ദർശനം കഴിഞ്ഞ് ആഗതനാകുന്ന ചാർലിച്ചായനെ സ്വീകരിക്കാനും ബോംബെ പട്ടണം കാണണം എന്ന ആഗ്രഹത്തോടെയും, അമ്മാമ്മയോടും മൂന്നു മക്കളോടുമൊപ്പം 'ജയന്തി ജനത' എന്ന ട്രെയിനിലെ മൂന്നു ദിവസത്തെ യാത്ര ഇന്നെന്നതുപോലെ ഓർക്കുന്നു. യാത്രാമദ്ധ്യേ ട്രെയിനിന്റെ എൻജിന് തകരാറു പറ്റിയതു കാരണം വളരെ ബുദ്ധിമുട്ടേണ്ടി വന്നു. ഏതായാലും യാത്രചെയ്തു ബോംബെയിലെത്തി ഏതാനും ദിവസങ്ങൾ അവിടെയുള്ള അമ്മാമ്മയുടെ അനുജത്തി, കുഞ്ഞുമോളമ്മാമ്മയുടെ ഭവനത്തിൽ പാർത്തു. അമേരിക്കയിൽനിന്നും ചാർലിച്ചായൻ വന്ന ശേഷം, അമ്മാമ്മയും, ഇളയ രണ്ടുമക്കളും ചേർന്നു വിമാനത്തിലും, വിനോദ്മോനും ഞാനും ട്രെയിനിലുമായി തിരിച്ച് തിരുവനന്തപുരത്തെത്തി. എനിക്കു വീണ്ടും അവിടെയുള്ള പ്രവർത്തനങ്ങളിൽ പങ്കാളിത്തം വഹിക്കാൻ കഴിഞ്ഞു. ഇങ്ങനെയിരിക്കെ ഓഫീസ് ജോലിക്കായി പൂർണ്ണസമയം, ഒരാൾ എത്തി. പ്രത്യേക സാഹചര്യത്തിൽ എനിക്കാകട്ടെ ജോലിയും പഠനവും വിജയകരമായി തുടരുവാൻ അല്പം വൈഷമ്യം തോന്നി. ഗുഡ്ന്യൂസ് ഡയറക്ടറുടെ അനുവാദത്തോടെ ജോലിയിൽനിന്നും വിടപറഞ്ഞു. പിന്നീട് കുറെ നാളുകൾക്കുശേഷം, ഒരു ക്രൈസ്തവ പ്രസാധക സംഘത്തിൽ പ്രവർത്തിക്കുവാനെനിക്കിടയായി.

കർത്താവിന്റെ മഹത്ത്വമാർന്ന വേലയിൽ വിശ്വസ്തയായി നിലനിന്ന്, ഗാനങ്ങളിലൂടെയും ആനുകാലിക പ്രസിദ്ധീകരണങ്ങളിലൂടെ, വനിതകൾക്ക് വഴികാട്ടിയായ 'ക്രൈസ്തവ വനിത' എന്ന ദ്വൈമാസികയുടെ പത്രാധിപരായും, വാക്കുകളിലൂടെയും എഴുത്തുകളിലൂടെയും വചനത്തിന്റെ വാതായനങ്ങൾ തൂലികയിലൂടെ തുറന്നിട്ട് കർത്താവ് തന്നെ ഏല്പിച്ച ശുശ്രൂഷ നിറപടിയായി നിവർത്തിച്ച് നിത്യതയിലേക്ക് ആ കർമ്മധീര യാത്രയായി. ആർദ്രതയുള്ള ഹൃദയത്തിന്റെ ഉടമയായ അന്നമ്മാമ്മ (കുഞ്ഞമ്മാമ്മ) എന്റെ അമ്മ കഴിഞ്ഞാൽ എനിക്ക് അമ്മയും, ചേച്ചിയും ഒക്കെയായിരുന്നു.

'മന്നിലുള്ള കഷ്ടതകൾ എല്ലാം തീർന്ന് ആ മധുരപൊൻപുരിയിലെത്തി ആനന്ദത്തിൻ പല്ലവികൾ പാടി ആർക്കുന്ന', അമ്മാമ്മേ, അങ്ങ്, നല്ല പോർ പൊരുതു, ഓട്ടം തികച്ചു, വിശ്വാസം കാത്തു, ഇനി നീതിയുടെ കിരീടമണിഞ്ഞ്, നിത്യതയിൽ കാണാം എന്ന പ്രത്യാശയോടെ പ്രിയ കുഞ്ഞമ്മാമ്മയേ, പൊയ്ക്കൊൾക. കാലാവസാനത്തിൽ കർത്താവ് താൻ ഗംഭീരനാദത്തോടും, പ്രധാന ദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടുംകൂടെ വരുമ്പോൾ ക്രിസ്തുവിൽ മരിച്ചവർ അക്ഷയരായി ഉയിർക്കുമ്പോൾ ആ സുദിനത്തിൽ എല്ലാവരും ഒരുമിച്ചു കാണാം എന്ന ഏറിയ പ്രത്യാശയിൽ — തൽക്കാലം വിട. ☺

# അനുസ്മരണം

ബ്രദർ സിബി പി. തോമസ്, തിരുവനന്തപുരം



2002-ൽ ബാംഗ്ലൂരിൽ വച്ചാണ് ഞങ്ങൾ ഡോ. ചാൾസ് ജോൺ, അന്നമ്മ സി. ജോൺ ദമ്പതികളെ നേരിട്ട് പരിചയപ്പെടുന്നത്. തുടർന്ന് 2005-07 വർഷങ്ങളിൽ തിരുവനന്തപുരം ഫസ്റ്റ് ബാപ്റ്റിസ്റ്റ് ചർച്ചിന്റെ ശുശ്രൂഷകനായി സേവനമനുഷ്ഠിക്കുകയും പ്രിയ ചാൾസ് അങ്കിൾ, ആന്റി, മകൻ വിനോദ്, കുടുംബം എന്നിവർക്കൊപ്പം സഭാകൂട്ടായ്മ അനുഭവിക്കുന്നതിന് ദൈവം അവസരം നല്കുകയും ചെയ്തു. കഴിഞ്ഞ ചില വർഷങ്ങളായി അന്നമ്മആന്റി രോഗക്കിടക്കയിലായിരുന്നപ്പോൾ ഞങ്ങൾക്ക് പലപ്പോഴും സന്ദർശിച്ച് പ്രാർത്ഥിക്കുന്നതിനും ആത്മിക പ്രോത്സാഹനം നല്കുന്നതിനും സാധിച്ചു. ഈ കുടുംബവുമായുള്ള സ്നേഹബന്ധകൂട്ടായ്മ ഹൃദ്യമായിരുന്നുവെന്ന് പറയുന്നതിൽ സന്തോഷമുണ്ട്.

ക്രിസ്തുവിൽ നിദ്ര പ്രാപിച്ച ശ്രീമതി അന്നമ്മ സി. ജോണിനെപ്പറ്റി ചില സ്മരണകൾ കുറിക്കുന്നതിൽ വളരെ സന്തോഷമുണ്ട്. പ്രഥമമായി, കർത്താവായ യേശുക്രിസ്തുവിലൂടെ മാത്രം ലഭിക്കുന്ന ആത്മരക്ഷയെപ്പറ്റിയുള്ള ബോധ്യവും, ക്രിസ്തുവിലുള്ള പ്രത്യാശയും അന്നമ്മ ആന്റിയിൽ അചഞ്ചലമായിരുന്നു. അടിസ്ഥാന ഉപദേശ വിഷയങ്ങളിൽ യാതൊരുവിധ അനുരഞ്ജനത്തിനും താൻ തയ്യാറായിരുന്നില്ല എന്ന നിലപാട്, ഇന്നത്തെ "എല്ലാം ശരിയാണ്" എന്ന ചില ആധുനിക ക്രിസ്തീയ സഭകളുടെ നിലപാടുകളിൽ നിന്നും വേറിട്ടു നില്ക്കുന്നു. തീവ്രരോഗാവസ്ഥയിലും, വേദനയിലും കിടക്കയിലായിരുന്നപ്പോൾ പരാതികൾ ഏതുമില്ലാതെ പ്രത്യാശയും പ്രസന്നതയും മുഖമുദ്രയാക്കിയ മനോഭാവം സ്മരണീയവും ഏവർക്കും ഏത് പ്രതിസന്ധിയിലും അനുകരണീയവുമാണ്. പ്രിയ അന്നമ്മ ആന്റി കണ്ണുനീരും ദു:ഖവുമില്ലാത്ത താൻ പ്രിയംവച്ച കർത്തൃസന്നിധിയിൽ വിശ്രമിക്കുന്നു, ഉയിർപ്പിൻ പൊൻപുലരിയിൽ ഇനിയും കാണാമെന്നത് പ്രത്യാശാകരമാണ്. ക്രിസ്തുവിന്റെ സമാധാനവും പ്രത്യാശയും പ്രിയ ചാൾസ് ജോൺ അങ്കിളിനെ തുടർന്നുള്ള നാളുകളിൽ ആശ്വസിപ്പിക്കട്ടെ എന്ന് ഹൃദയംഗമമായി പ്രാർത്ഥിക്കുന്നു. ☺

---

*36-ാം പേജിൽ നിന്നും തുടർച്ച...*

സ്സിൽ കർത്താവിന്റെ മുമ്പാകെ അനേക വിശുദ്ധഗണങ്ങളുടെ കൂട്ടത്തിൽ ആദരിക്കപ്പെടും. ഇന്ന് ഞങ്ങൾക്ക് ഹൃദയത്തിൽ കത്തൽ ഉണ്ടായിട്ട് "അമ്മാമ്മേ എഴുന്നേറ്റുവാ" എന്ന് എത്ര ശബ്ദത്തോട് കാറിയാലും കേൾക്കയില്ല. എഴുന്നേറ്റ് വരികയുമില്ല. ലാസറിനെ കല്ലറയിൽ നിന്നു വിളിച്ചു വരുത്തിയ കർത്താവ് അക്കരെ നിന്നു വിളിക്കാൻ സമയമായി. അന്ന് അമ്മാമ്മ മാത്രമല്ല, അനുജത്തിയും ജ്യേഷ്ഠത്തിയും അമ്മച്ചിയും ആങ്ങളമാരും യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ പ്രിയം വെച്ച ഏവരും ഉണ്ടാകും. അന്നു ഞങ്ങളുമുണ്ടാകും. ഉയർപ്പിൻ പൊന്നുഷസ്സേ വന്നാലും!

ഗുഡ്ന്യൂസ് എന്ന പ്രസ്ഥാനത്തിന്റെ ഭാവി പ്രവർത്തനങ്ങൾ ശക്തിയോടുകൂടി നടക്കുവാൻ, അഥവാ നടത്തുവാൻ, ക്രൈസ്തവ വനിതയുടെ ചീഫ് എഡിറ്റർ നമ്മുടെ ഇടയിൽ ഇല്ലെങ്കിലും, ഡോ. ചാൾസ് ജോണിനെയും പ്രിയപ്പെട്ട മക്കളെയും സർവ്വശക്തനായ ദൈവം കൃപയും സമാധാനവും നല്കി ശക്തിയോട് ഉപയോഗിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ☺

# ഞങ്ങളുടെ പ്രിയ സഹോദരി കുഞ്ഞമ്മ



അമ്മിണി മാത്യൂസ്, കൊച്ചി

**ഞ**ങ്ങളുടെ പ്രിയ സഹോദരി കുഞ്ഞമ്മ എന്നു ഞങ്ങൾ വിളിക്കുന്ന അന്നമ്മ സി. ജോണിനെക്കുറിച്ച് അല്പം ചില നല്ല ഓർമ്മകൾ പങ്കുവയ്ക്കട്ടെ, കുഞ്ഞമ്മയുടെ മൂത്ത ജ്യേഷ്ഠന്റെ ഭാര്യയാണു ഞാൻ. ഞങ്ങളുടെ പ്രിയ അനുജൻ ചാൾസ് ഞങ്ങൾ ബോംബെയിൽ ആയിരുന്നപ്പോൾ ഞങ്ങളോടൊപ്പം ചില നാളുകൾ താമസിച്ചിരുന്നു. അവിടെ വച്ച് 1966 ഏപ്രിൽ 14-ാം തിയതി കുഞ്ഞമ്മയുമായുള്ള വിവാഹം അനുഗ്രഹകരമായി നടന്നു. വിവാഹശേഷം കുറേ മാസങ്ങൾ കൂടി ചാർലിയും കുഞ്ഞമ്മയും ഞങ്ങളോടൊപ്പം താമസിച്ചു. കുഞ്ഞമ്മയുടെ ഒരു പ്രത്യേകത അന്നു എന്റെ ശ്രദ്ധയിൽ പെട്ടത്, അവൾ നല്ലതുപോലെ പാട്ടുപാടുമായിരുന്നു എന്നതാണ്.

അതിനുശേഷം ചാർലിയും കുഞ്ഞമ്മയും വേറെ താമസിച്ചു. ചില നാളുകൾക്കു ശേഷം ഞങ്ങളും ബോംബെ വിട്ടു. പിന്നീടു ചാർലിയും, കുഞ്ഞമ്മയും അമേരിക്കയിലേക്കു പോയി. അവിടെ സർക്കാർ സർവ്വീസിൽ ചില വർഷങ്ങൾ ജോലി ചെയ്ത ചാർലി അവിടുത്തെ സുഖസൗകര്യങ്ങൾ എല്ലാമുപേക്ഷിച്ച് തിരുവനന്തപുരത്തു വന്ന് രണ്ടുപേരും കൈകോർത്തുപിടിച്ച് കർത്താവിന്റെ വേല ആരംഭിച്ചു. അനേക ആത്മാക്കളെ നേടി. കുഞ്ഞമ്മ ധാരാളം നല്ല പാട്ടുകൾ രചിച്ചു. പ്രയാസങ്ങളുടെ നടുവിലും തളരാതെ, പിറുപിറുപ്പില്ലാതെ, ആശ്വാസത്തിന്റെയും, പ്രത്യാശയുടെയും ഗാനങ്ങൾ പാടി. ചാർലിക്കു താങ്ങായി നല്ലതുണയായി സദാ കൂടെയുണ്ടായിരുന്നു.

ഇത്തരുണത്തിൽ ഞങ്ങളുടെ പ്രിയ അപ്പച്ചനെയും അമ്മച്ചിയെയുംകുറിച്ച് ഒരു വാക്ക്. ശ്രീകാര്യത്തു താമസിക്കുന്ന അനുജ (ജോർജ് ജോൺ)ന്റെ ഭാര്യ ലില്ലി ഉൾപ്പെടെ ഞങ്ങൾ മൂന്നു മരുമക്കൾ ആ പ്രിയ ഭവനത്തിലേക്കു വന്നു. ഞങ്ങളെ മൂന്നുപേരെയും മരുമക്കളായിട്ടല്ല, സ്വന്തം മക്കളായിട്ടാണ് അപ്പച്ചനും, അമ്മച്ചിയും സ്നേഹിക്കുകയും, കരുതുകയും ചെയ്തത്. അവരിൽ നിന്നും എനിക്കു അനേകം നല്ല കാര്യങ്ങൾ പഠിക്കുവാൻ സാധിച്ചതോർത്ത് കർത്താവിനെ സ്തുതിക്കുന്നു. ഞങ്ങളുടെ പ്രിയ കൊച്ചമ്മ (മേരി അഞ്ചൻ) തുംകൂറിൽ താമസിച്ച് കർത്താവിന്റെ വേല ചെയ്യുന്നു.

കുഞ്ഞമ്മ ചില മാസങ്ങൾ തീരെ കിടപ്പിലായിരുന്നു. അപ്പോഴും അവൾ കർത്താവിലുള്ള സമാധാനത്തിൽ നിറഞ്ഞവളായിരുന്നു. കുഞ്ഞമ്മ ഇന്ന് കർത്താവിന്റെ സന്നിധിയിൽ വിശ്രമിക്കുന്നു. എല്ലാവരും ഒത്തുചേരുന്ന ആ ദിവസം വിദൂരമല്ല. ആ വലിയ പ്രത്യാശയിൽ നിറഞ്ഞ് സ്തുതിസ്തോത്രങ്ങൾ അർപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾക്കു വിരാമം. ദൈവതിരുനാമം വാഴ്ത്തപ്പെടുമാറാകട്ടെ. ☺

---

**“ഇന്നുമുതൽ കർത്താവിൽ മരിക്കുന്ന മൃതന്മാർ ഭാഗ്യവാന്മാർ; അതേ, അവർ തങ്ങളുടെ പ്രയത്നങ്ങളിൽ നിന്നു വിശ്രമിക്കേണ്ടതാകുന്നു; അവരുടെ പ്രവൃത്തി അവരെ പിന്തുടരുന്നു എന്നു ആത്മാവു പറയുന്നു”.**

*(വെളിപ്പാട് 14: 13)*

# കർത്താവിൽ പ്രിയം വെച്ചവൾ



എൻ. ജയരാജ്, തിരുവനന്തപുരം

"ഞാൻ യഹോവയെ എപ്പോഴും എന്റെ മുമ്പിൽ വെച്ചിരിക്കുന്നു. അവൻ എന്റെ വലത്തുഭാഗ ത്തുള്ളതുകൊണ്ടു ഞാൻ കുലുങ്ങിപ്പോക യില്ല" (സങ്കീ. 16:8)

ആദിമ ക്രൈസ്തവജനതയെ നിഷ്ക രുണം കൊന്നൊടുക്കുന്ന കാലത്ത് പരസ്യ മായി ക്രിസ്ത്യാനി എന്നു പറയുന്നത് വളരെ ആപത്കരമായിരുന്നു. ആ കാലത്ത് ക്രിസ്തീയ സഭയ്ക്കുവേണ്ടി വളരെ അദ്ധ്വാനിക്കുകയും, സ്വജീവനെ തൃണവത്ക്കരിച്ചുകൊണ്ട് കർത്താ വിന്റെ സഭയുടെ കെട്ടുപണിയിൽ വളരെ അദ്ധ്വാനിച്ചതുമായ ഒരു മറിയയെക്കുറിച്ച് അപ്പൊസ്തലനായ പൗലൊസ് റോമർ 16:6 ൽ പ്രശംസിക്കുന്നത് ശ്രദ്ധേയമാണ്.

അതുപോലെ 20-ാം നൂറ്റാണ്ടിന്റെ മദ്ധ്യാഹ്നം മുതൽ 21-ാം നൂറ്റാണ്ടിന്റെ പ്രാരംഭ ഘട്ടങ്ങളിലും ക്രിസ്തീയ മൂല്യങ്ങളെയും ക്രിസ്തുവിനെയും ഉയർത്തികാണിക്കുവാനും ക്രിസ്തുവിനുവേണ്ടി മറ്റു പലതും ചപ്പും ചവറും എന്നു എണ്ണുവാനും കർത്താവിനാൽ തിരഞ്ഞെടുക്കപ്പെട്ട ഒരു ധീരവനിതയായിരുന്നു അന്നമ്മ സി. ജോൺ. ബാല്യം മുതല്ക്കേ കർത്താവിന് പ്രിയങ്കരിയായ പ്രിയ ദാസി; ഒരു നല്ല മകൾ, നല്ല ഭാര്യ, നല്ല മാതാവ്, നല്ല അമ്മാ വിയമ്മ, നല്ല വലിയമ്മച്ചി എന്നീ നിലകളി ലെല്ലാം സ്തുത്യർഹമായ സേവനം ചെയ്യുന്ന തിനോടൊപ്പം, അഗതികൾക്ക് ഒരത്താണിയും അശരണർക്ക് ഒരഭയസ്ഥാനവും, കർത്താവിന് ഒരു ശ്രേഷ്ഠദാസിയുമായി ജീവിച്ച് താൻ പ്രിയം വച്ച കർത്തൃസന്നിധിയിൽ ചേർക്കപ്പെ ടുവാൻ ദൈവം പ്രിയദാസിയെ സഹായിച്ചു.

ഒരു ഉത്തമ ഭാര്യ എന്ന നിലയിൽ കർത്താവ് തന്റെ വേലയ്ക്കായി വിളിച്ച് വേർതിരിച്ച ഡോ. ചാൾസ് ജോണിന്റെ പ്രിയപത്നിയായി കർത്തൃദാസനോടൊപ്പം കർത്തൃവേലയിൽ സജീവ സാന്നിധ്യം അറി യിക്കുവാനും കുടുംബനാഥന്റെ കഠിനാദ്ധ്വാന ത്തിലും വിശ്രമമില്ലാത്ത പ്രവർത്തനങ്ങളിലും കൂട്ടുവേലക്കാരിയായിരിക്കുന്നതിനും സാധിച്ചു. യഹോവാഭക്തനായ പുരുഷന്റെ ഭാര്യ വീട്ടി ന്നകത്ത് ഫലപ്രദമായ മുന്തിരിവള്ളിപോലെ എന്ന പ്രകാരവും, 1 തിമൊ. 2:9 ൽ പറയുന്ന പ്രകാരം അവ്വണ്ണം സ്ത്രീകളും യോഗ്യമായ വസ്ത്രം ധരിച്ചു ലജ്ജാശീലത്തോടും സുബോ ധത്തോടുംകൂടെ തങ്ങളെ അലങ്കരിച്ച് സ്ത്രീകൾക്കു ഉചിതമാകുംവണ്ണം സൽപ്ര വൃത്തികൾകൊണ്ട് അലങ്കരിക്കേണം എന്നും ഉള്ള വചനങ്ങൾക്കൊത്തവണ്ണവും ജീവിതം നയിച്ച ഒരു ഉത്തമ ഭാര്യയായിരുന്നു ഈ പ്രിയ കർത്തൃദാസി.

ഒരു ഉത്തമ മാതാവ് എന്ന നിലയിൽ മക്കളോടൊപ്പം സമയം ചിലവഴിച്ച് അവരെ ബാലശിക്ഷയിലും പത്ഥ്യോപദേശത്തിലും വളർത്തുകയും, ബാലൻ നടക്കേണ്ടുന്ന വഴി യിൽ (നടക്കുന്ന വഴിയിൽ അല്ല) അവനെ അഭ്യസിപ്പിച്ചാൽ വൃദ്ധനായാലും അത് വിട്ടു മാറുകയില്ല എന്ന വചനത്തിനൊത്തവണ്ണം വളർത്തുകയും, 3 യോഹ. 4-ാം വാക്യത്തിൽ പറയുന്ന പ്രകാരം ("എന്റെ മക്കൾ സത്യത്തിൽ നടക്കുന്നു എന്നു കേൾക്കുന്നതിനെക്കാൾ വലിയ സന്തോഷം എനിക്കില്ല") മക്കളെ ഓർത്തും, കൊച്ചുമക്കളെ ഓർത്തും സന്തോ ഷിക്കുന്നതിനും ദൈവം പ്രിയസഹോദരിക്ക് കൃപചെയ്തു.

അതുപോലെ വിവിധ ആവശ്യങ്ങളു മായി തന്നെ സമീപിക്കുന്നവർക്ക് ഒരു വലിയ ആശ്വാസമായിരുന്നുവെന്നതിൽ രണ്ടുപക്ഷമില്ല. വലുപ്പച്ചെറുപ്പം കൂടാതെ ജാതിയുടെയോ, മത

ത്തിന്റെയോ, വർണ്ണത്തിന്റെയോ വേർതിരിവുകൾ ഒന്നും കൂടാതെ ജീവിക്കുന്ന ക്രിസ്തുവിന്റെ നിർമ്മല സുവിശേഷം പങ്കുവയ്ക്കുന്നതിൽ ഒരു മടിയും കാണിച്ചിരുന്നില്ല.

2011 മുതലുള്ള കാലഘട്ടങ്ങളിൽ പരസഹായം കൂടാതെ ജീവിക്കുവാൻ ബുദ്ധിമുട്ടുന്നതായ സമയത്തും കിടക്കയിൽ കിടന്നുകൊണ്ട് തന്നെ "യേശു എന്റെ സഹായി", "കാൽവറി നാഥൻ", "കാരുണ്യവാൻ" എന്നീ മൂന്ന് Audio സി. ഡികൾക്ക് രൂപകല്പന നല്കുകയും അതിലെ എല്ലാ ഗാനങ്ങളുടെയും രചനയും ചില ഗാനങ്ങളുടെ സംഗീത സംവിധാനവും നിർവ്വഹിക്കുകയും ചെയ്തത് ഇത്തരുണത്തിൽ നന്ദിയോടെ സ്മരിക്കുന്നു.

വിവിധ ആശുപത്രികളിൽ I.C. Unit ൽ ചികിത്സയിൽ ആയിരുന്ന സമയങ്ങളിൽപോലും, തന്നെ ശുശ്രൂഷിക്കുന്ന ഡോക്ടേഴ്സ്, നേഴ്സസ്, ഇതരവ്യക്തികൾ എന്നിവരോടും സുവിശേഷം പറയുന്നതിൽ യാതൊരു വൈമനസ്യവും കാണിച്ചിരുന്നില്ല; പൗലൊസ് കാരാഗൃഹത്തിലായത് കാരാഗൃഹത്തിലുള്ളവരോട് സുവിശേഷം അറിയിക്കാൻ കാരണമായതുപോലെ. തികഞ്ഞ ഒരു വാഗ്മി എന്നതിലുപരി വിശ്വാസസംബന്ധമായ കാര്യങ്ങൾക്ക് ഒരു ഒത്തുതീർപ്പിനും തയ്യാറാകാത്ത ഒരു ധീരവനിതയുംകൂടെ ആയിരുന്നു പ്രിയ സഹോദരി. 2018 ഏപ്രിൽ 20-ാം തീയതി ഗുഡ്ന്യൂസിന്റെ നേതൃത്വത്തിൽ നടത്തിയ വി. ബി. എസ്. ന്റെ സമാപനസമ്മേളനത്തിൽ പ്രിയ അന്നമ്മ സി. ജോൺ പങ്കെടുക്കുകയും അതിന്റെ ഏതാണ്ട് അവസാന ഘട്ടത്തിൽ പെട്ടെന്ന് ബോധരഹിതയായി ആശുപത്രിയിൽ പ്രവേശിക്കപ്പെടുകയും ചെയ്തു. തുടർന്നുണ്ടായ ചികിത്സയ്ക്കും പരിചരണങ്ങൾക്കും ഒടുവിൽ 2018 സെപ്റ്റംബർ 25-ാം തീയതി പകൽ 10 മണിക്ക് പ്രിയദാസി കർത്തൃസന്നിധിയിൽ ചേർക്കപ്പെടുകയാണുണ്ടായത്. പ്രിയസഹോദരിയുടെ ദേഹവിയോഗത്തിൽ ദുഃഖിതരായ ഭർത്താവ്, മക്കൾ, ബന്ധുക്കൾ, സുഹൃത്തുക്കൾ, കർത്താവിന്റെ ശ്രേഷ്ഠദാസന്മാർ എന്നിവരടങ്ങുന്ന ഒരു വലിയ ജനാവലിയുടെ സാന്നിദ്ധ്യത്തിൽ ഏറ്റവും ലളിതവും ഉചിതവുമായ ഒരു സംസ്കാരശുശ്രൂഷ 29-09-2018 - ൽ നടത്തുവാനും ഇടയായി. അതിൽ പങ്കാളിയായിത്തീരാൻ ദൈവം എനിക്കും ഒരവസരം നല്കിയതോർത്ത് ഞാൻ നന്ദിയോടെ ദൈവത്തെ സ്തുതിക്കുന്നു. ☺

## Quest 62-ന്റെ ശരി ഉത്തരങ്ങൾ അയച്ചവർ

1. നിഥിൻ എം. എം. പാണൻവിള, തിരുവനന്തപുരം
2. കുമാരി, പന്തലക്കോട്, തിരുവനന്തപുരം
3. ഓമന ജോൺ, പോങ്ങുംമൂട്, തിരുവനന്തപുരം
4. സൂസൻ ജോൺ, നാലാഞ്ചിറ, തിരുവനന്തപുരം
5. ഏലിയാമ്മ പി.ജി. ഓമല്ലൂർ, പത്തനംതിട്ട
6. സി.എം.മാമ്മൻ, അണുശക്തി നഗർ, മുംബൈ
7. അന്നമ്മ എബ്രഹാം, പെരുമാന്നൂർ, കൊച്ചി.
8. ഗ്രേസ് ശാമുവേൽ, ഓമല്ലൂർ, പത്തനംതിട്ട
9. സൂസമ്മ എബ്രഹാം, പാമ്പാടി, കോട്ടയം
10. തങ്കമ്മ ദാനിയേൽ, കിഴക്കുംപാട്ടുകര, തൃശ്ശൂർ
11. ബിന്ദു സി. എസ്. വഞ്ചിയൂർ, തിരുവനന്തപുരം
12. ജെസ്സി മോൻസൺ, കരിയംപ്ലാവ്, റാന്നി
13. മോളിക്കുട്ടി ചാക്കോ, പടിയോട്ടുചാൽ, കണ്ണൂർ
14. മഹേശ്വരി പുരന്ദരൻ, കൊടുങ്ങല്ലൂർ, തൃശ്ശൂർ
15. എൽസി തോമസ്സ്, മീൻതുള്ളി, കണ്ണൂർ
16. വിദ്യാ ബാബു, പാറോട്ടുകോണം, തിരുവനന്തപുരം
17. മിനി പ്രകാശ്, പരശുവയ്ക്കൽ, തിരുവന്തപുരം
18. വത്സമ്മ സാം, മരുതൂർ, തിരുവനന്തപുരം

Quest 62 - ന്റെ ഉത്തരങ്ങൾ അയച്ച ഏവർക്കും നന്ദി. മുഴുവൻ ശരി ഉത്തരങ്ങൾ അയച്ച ഏവർക്കും ഞങ്ങളുടെ ഹൃദയംഗമമായ അഭിനന്ദനങ്ങൾ - *ക്വിസ് മാസ്റ്റർ*

# അമ്മാമ്മ എന്ന അമ്മ

ഷീലാ ജോസഫ്, മുണ്ടക്കയം, കോട്ടയം



**മി**സ്സിസ് അന്നമ്മ ചാൾസ് ജോൺ എനിക്ക് എന്നും അമ്മാമ്മ ആയിരുന്നു. എന്റെ ഔദ്യോഗിക ജീവിതത്തിലെ ആദ്യത്തെ ബോസ് ആണ് ചാൾസ് സാർ. അതിലുപരിയായ സ്നേഹവും, വ്യക്തിപരമായ ബന്ധവും ആ കുടുംബത്തോട് തുടക്കം മുതൽതന്നെ തോന്നിയിരുന്നു. 1986 ലാണ് ഞാൻ ജി. എൻ. സി. എസ്. (GNCS) ന്റെ കേശവദാസപുരത്തുള്ള ഓഫീസിൽ ജോലിയിൽ പ്രവേശിച്ചത്. ഒരു കുടുംബം പോലെ സ്നേഹിക്കാനും ഒരുമിച്ച് പ്രവർത്തിക്കുവാനും എനിക്ക് കഴിഞ്ഞു. എന്റെ ജീവിതത്തിലെ ആദ്യത്തെ ജോലിയായതുകൊണ്ടും ഞാൻ ആഗ്രഹിച്ചതുപോലെ സുവിശേഷവേല ആയതുകൊണ്ടും ആ കാലഘട്ടം എനിക്ക് വളരെ സന്തോഷത്തിന്റെ ദിവസങ്ങളായിരുന്നു. ചാൾസ് സാറിനും അമ്മാമ്മയ്ക്കും മൂന്ന് മക്കളെയാണ് ദൈവം നല്കിയത്. കുട്ടികളുടെ പഠനകാര്യങ്ങളുൾപ്പെടെ ഒരു വീട്ടമ്മ എന്ന നിലയിൽ ഉത്തരവാദിത്തങ്ങൾ എല്ലാം ഭംഗിയായി ചെയ്തശേഷം തനിക്ക് കിട്ടുന്ന ബാക്കി സമയമെല്ലാം പ്രസ്ഥാനത്തിന്റെ എല്ലാ പ്രവർത്തനങ്ങളിലും അമ്മാമ്മ ആത്മാർത്ഥമായി പങ്കെടുത്തിരുന്നു. തക്ക സമയത്ത് വേണ്ടുന്ന അഭിപ്രായങ്ങൾ പറയുവാനും മടി കാണിച്ചിരുന്നില്ല. എല്ലാവരെയും സ്നേഹിക്കുവാനും കരുതുവാനും കൊടുക്കുവാനുമുള്ള ഒരു നല്ല മനസ്സിന്റെ ഉടമയായിരുന്നു അമ്മാമ്മ എന്നത് എടുത്തു പറയേണ്ട കാര്യമാണ്. അഞ്ചു വർഷത്തിനുള്ളിൽ സാറിന്റെയും അമ്മാമ്മയുടേയും കുടുംബക്കാരും ബന്ധുക്കളുമായും പോലും നല്ല ഒരു ബന്ധം എനിക്കുണ്ടായിരുന്നു. ഞാൻ അന്നു പരിചയപ്പെട്ട ചില വ്യക്തിത്വങ്ങളെ ഇന്നും ഓർക്കുന്നു. സാറിൽ നിന്നും അമ്മാമ്മയിൽ നിന്നും പലകാര്യങ്ങൾ പഠിച്ചു, അതിൽ പലതും ഇന്നും ജീവിതത്തിൽ കൊണ്ടുനടക്കാൻ ഞാൻ ശ്രമിക്കാറുണ്ട്.

കാലക്രമേണ ഞങ്ങൾ തമ്മിലുള്ള ബന്ധം വിട്ടുപോയി കുറെ വർഷത്തേക്ക് ...... പിന്നീട് വളരെ ബുദ്ധിമുട്ടി ബന്ധം പുനഃസ്ഥാപിച്ചു. അത് ഇന്നും തുടരുന്നു. എന്റെ മകൻ തിരുവനന്തപുരത്ത് ജോലി ചെയ്യുമ്പോൾ ഒരു ആറുമാസക്കാലം സാറിനോടും അമ്മാമ്മയോടും ഒപ്പം താമസിച്ചിട്ടുണ്ട്. മോന് അവർ രണ്ടുപേരും അപ്പച്ചനും അമ്മച്ചിയുമായിരുന്നു. ആ കാലഘട്ടത്തിൽ അവന് നിർലോഭമായി ലഭിച്ച സ്നേഹവും കരുതലും നിറകണ്ണുകളോടെ മാത്രമേ ഈ അവസരത്തിൽ ഓർക്കുവാൻ എനിക്ക് കഴിയൂ.

അമ്മാമ്മ തന്റെ അനുഭവത്തിലൂടെ കുറെ പാട്ടുകൾ രചിച്ചിട്ടുണ്ട്. ചിലതൊക്കെ ഞാൻ കേട്ടിട്ടുമുണ്ട്. അങ്ങനെ ആരോഗ്യമായി ഓടിനടന്നപ്പോഴും രോഗിയായിക്കിടന്നപ്പോഴും എല്ലാം ഏതെങ്കിലും വിധത്തിൽ ദൈവനാമ മഹത്ത്വത്തിനായി തന്നാൽ ആവുംവിധം ശ്രമിച്ചിരുന്ന വ്യക്തിത്വമായിരുന്നു അമ്മാമ്മയുടേത്. ആ വ്യക്തിയിൽ നിന്നും കേട്ടതും കണ്ടതുമായ നല്ല കാര്യങ്ങൾ നമ്മുടെ ജീവിതത്തിൽ പ്രാവർത്തികമാക്കി ധന്യമായ ഒരു ജീവിതം നയിക്കുവാൻ ദൈവം നമ്മെ ഓരോരുത്തരെയും അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

☺

# എന്റെ സഹധർമ്മിണിയെക്കുറിച്ചുള്ള ചില ഓർമ്മകൾ

ഡോ. ചാൾസ് ജോൺ, തിരുവനന്തപുരം



**ബോം**ബെയിൽ ജോലിയിലായിരുന്ന ഞാനും വാലാങ്കര മാലയിൽ തോമസ് ഈശോ അന്നമ്മ ദമ്പതികളുടെ മകൾ അന്നമ്മയും തമ്മിൽ 1966 ഏപ്രിൽ 14നു ബോംബെയിലെ ഫോർട്ട് അസംബ്ളിയിൽ വച്ചു വിവാഹിതരായി. ഇരുവരും അന്നു ഖാദി ഗ്രാമവ്യവസായ കമ്മീഷന്റെ വിലേ പാർലേ ഓഫിസിൽ ജോലി ചെയ്തിരുന്നു. എന്റെ പ്രിയ ജ്യേഷ്ഠ സഹോദരി മേരി അഞ്ചന്റെ ശ്രമഫലമായി അമേരിക്കയിലെ എമ്മവുസ് ബൈബിൾ കോളജിൽ പഠനാനുമതി ലഭിച്ച ഞാൻ 1968 ജനുവരി 16നു എയർ ഇന്ത്യയുടെ വിമാനത്തിൽ ഷിക്കാഗോയിലെത്തിച്ചേർന്നു. എന്റെ അമേരിക്കൻ യാത്രയുടെ മുഖ്യലക്ഷ്യം ഒരു എം.ബി.എ. കരസ്ഥമാക്കി തിരികെ വന്ന് ഖാദിക്കമ്മീഷനിലെ ഒരു ഡയറക്ടർ ആകണമെന്നു മാത്രമായിരുന്നു. ബൈബിൾ കോളജ് ആ ലക്ഷ്യപ്രാപ്തിയിലേക്കുള്ള മാർഗ്ഗവും. എന്റെ ഭാര്യയും മക്കളായ വിനോദും പ്രമോദും രണ്ടര വർഷത്തിനുശേഷമാണ് എന്നോടൊപ്പമാകാൻ അവർക്കു സാധിച്ചത്. എന്റെ പഠനലക്ഷ്യങ്ങൾ ലഭിച്ച അവസരങ്ങൾക്കനുസൃതമായി മാറിമറിഞ്ഞു.

ഇല്ലിനോയി സംസ്ഥാനത്തെ മെന്റൽ ഹെൽത്ത് ഡിപ്പാർട്ടുമെന്റിൽ അഡ്മിനിസ്ട്രേറ്റർ ആയി ജോലി ലഭിച്ചതോടെ ഹെൽത്ത് അഡ്മിനിസ്ട്രേഷനിൽ ബിരുദാനന്തരബിരുദം ലക്ഷ്യമാക്കി ഗവർണേഴ്സ് സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിൽ പഠനം പുരോഗമിക്കവേയാണ് ലക്ഷ്യങ്ങളെല്ലാം മാറിമറിഞ്ഞ് കർത്താവിന്റെ വേലയ്ക്കായി സ്വയം സമർപ്പിച്ചത്. അതൊരു വലിയ കാല്വയ്പ്പായിരുന്നു. ഏറ്റവും സുരക്ഷിതവും സമാകർഷകവും സാമ്പത്തികഭദ്രത ഉറപ്പുള്ളതുമായ സർക്കാർ ഉദ്യോഗം രാജിവച്ച് അബ്രഹാമിനെപ്പോലെ കാണിപ്പാനിരിക്കുന്ന ദേശത്തേക്കു വിശ്വാസജീവിതത്തിന്റെ പ്രാരംഭപടിചവിട്ടി പത്തുവയസ്സിനു താഴെ പ്രായമുള്ള മൂന്നു മക്കളുടെയും കൈപിടിച്ച് അമേരിക്കയുടെ നന്മകൾ കൈവെടിഞ്ഞ് ചാൾസ്-അന്നമ്മ ജോൺ ദമ്പതികൾ 1977 ജൂൺ 11 നു കേരളത്തിലേക്കു വിമാനം കയറി. നാലു ഗ്രീൻ കാർഡും അമേരിക്കൻ പൗരത്വമുള്ള മകനും കൈമുതലായി ഉണ്ടായിരുന്നെങ്കിലും വിളിച്ച വിളിക്കു വിപരീതമായി അമേരിക്കയുടെ സൗഭാഗ്യങ്ങളുടെ ആകർഷണങ്ങൾ ഞങ്ങളുടെ മടക്കയാത്രയ്ക്കു വിഘ്നമായില്ല. ആ തീരുമാനത്തിനു എന്റെ ഭാര്യയും മക്കളും തന്ന പിന്തുണ അവിസ്മരണീയമാണ്. സുരക്ഷിത കവചമുപേക്ഷിച്ച് അരക്ഷിതാവസ്ഥയുടെയും അനിശ്ചിതത്ത്വത്തിന്റെയും ആഴക്കടലിലേക്കു ചാടിയിട്ടും മക്കളോ ഭാര്യയോ ഒരിക്കൽ പോലും ആ തീരുമാനത്തെ വിമർശിക്കയോ ചോദ്യം ചെയ്കയോ അതൃപ്തി പ്രദർശിപ്പിക്കയോ ചെയ്തിട്ടില്ല. അമേരിക്കയുടെ സമൃദ്ധിയിൽ നിന്നും ഇന്ത്യയുടെ ഇല്ലായ്മകളിലേക്കുള്ള ആ കാല്വയ്പ്പിനെ വിളിച്ച ദൈവം ആദരിക്കയും അനുഗ്രഹിക്കയും ചെയ്തുവെന്നു മാത്രമല്ല ഒരു നേരം പോലും മേശമേൽ ഭക്ഷണം ഇല്ലാതെ വന്നിട്ടുമില്ല. ഒരു പക്ഷേ കുഞ്ഞുങ്ങൾക്കു പ്രിയങ്കരമായ ഹാംബർഗറോ, ബീഫ് സ്റ്റെയ്ക്കോ, കൊക്കാകോളയോ ഇല്ലായിരുന്നെങ്കിലും പട്ടിണി അറിയേണ്ടി വന്നിട്ടില്ല. വിദ്യാഭ്യാസത്തിന്റെ കാര്യത്തിലും ഞങ്ങളുടെ മക്കൾ ഒട്ടുംതന്നെ പിന്നാക്കമാ

യുമില്ല. ഊട്ടിയിലും തിരുവനന്തപുരം സെന്റ് തോമസിലും സർവോദയയിലും ലയോള യിലും ഒക്കയായിരുന്നു അവർ പഠിച്ചത്. പഠന ത്തിൽ അവർ സമർത്ഥന്മാരും ആയിരുന്നു. ദൈവത്തിനു സ്തോത്രം.

തിരുവനന്തപുരം കേന്ദ്രമാക്കി 1977ൽ സമാരംഭിച്ചത് ഡാഡിയുടെയും മമ്മിയുടെയും മാത്രമായ സുവിശേഷവേലയായിരുന്നില്ല. മൂന്നു മക്കളും മാതാപിതാക്കളും ഒരു ടീമായി, ഒറ്റക്കെട്ടായി ഏകാഭിപ്രായത്തോടെ ഏക ലക്ഷ്യത്തോടെയാണ് ഗുഡ്ന്യൂസ് മിനിസ്ട്രീ സിന്റെ പ്രവർത്തനത്തിൽ സജീവപങ്കാളിത്തം വഹിച്ചത്. ഞങ്ങളുടെ കുഞ്ഞുങ്ങളുടെ കലവറ കൂടാതെയുള്ള സഹകരണമില്ലായിരുന്നു വെങ്കിൽ ഗുഡ്ന്യസ് കറസ്പോണ്ടൻസ് സ്കൂളിന്റെ വളർച്ച തുടക്കത്തിലേ മുരടിച്ചു പോകുമായിരുന്നുവെന്നതിൽ തെല്ലും സംശയം വേണ്ടാ. അവർ മൂവരുടെയും സ്കൂൾ ബാഗിലെ അവശ്യവസ്തുക്കളിൽ ഒന്ന് ഞങ്ങൾ പ്രസിദ്ധീകരിച്ചിരുന്ന ബൈബിൾ കറസ്പോണ്ടൻസ് കോഴ്സുകളായിരുന്നു. അവരുടെ സ്നേഹിതരെ ബൈബിൾ പഠിക്കു വാൻ അവർ നിരന്തരം പ്രോത്സാഹിപ്പിച്ചിരു ന്നതുകൊണ്ട് കൂട്ടുകാർ അവർക്കു കൊടു ത്തിരുന്ന മറുപേര് ഗുഡ്ന്യൂസ് എന്നാ യിരുന്നു. അവർ അതിൽ അഭിമാനം കൊണ്ടു. ഭവനസന്ദർശനങ്ങൾ, കവലകളിലെ പരസ്യ യോഗങ്ങൾ, വീടുകളിൽ നടത്തിയിരുന്ന ബൈബിൾ ക്ളാസ്സുകൾ, വെക്കേഷൻ ബൈബിൾ സ്കൂളുകൾ, പട്ടണത്തിന്റെ വിവിധ ഭാഗങ്ങളിൽ നടന്നിരുന്ന സൺഡേസ്കൂളുകൾ, കോട്ടേജു മീറ്റിങ്ങുകൾ എന്നുവേണ്ടാ, ഞങ്ങളുടെ എല്ലാ ആത്മികശുശ്രൂഷകളിലും മക്കൾ മൂവരുടെയും സജീവസാന്നിധ്യം ശ്രദ്ധേയമായിരുന്നു. പ്രത്യേകിച്ചും അവർ വിവിധ സംഗീതോപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിൽ നിപുണരായിരുന്നതുകൊണ്ട് ഞങ്ങളുടെ പരിപാടികളെ സജീവവും സമാകർ ഷകവുമാക്കുന്നതിൽ അവർ നിർണ്ണായകമായ പങ്കുവഹിച്ചു.

ആദ്യകാലങ്ങളിൽ ഞങ്ങളെ സഹായി ക്കുവാൻ ആരുമില്ലായിരുന്നു. എന്റെ പ്രിയ ഭാര്യ രാത്രിയാമങ്ങളിൽ വീട്ടുജോലിയെല്ലാം തീർത്തിട്ട് കറസ്പോണ്ടൻസ് കോഴ്സിന്റെ ഉത്തരക്കടലാസുകൾ പരിശോധിക്കയും മാർക്കിടുകയും ചെയ്യുന്നത് ഞങ്ങളുടെ ഭവനത്തിലെ ഒരു സ്ഥിരം കാഴ്ചയായിരുന്നു. അന്നൊക്കെ ധാരാളം ബന്ധുമിത്രാദികൾ ഞങ്ങളെ സന്ദർശിക്കുക പതിവായിരുന്നു. അവരെയെല്ലാം ഉചിതമായി സത്കരിച്ച ശേഷമായിരുന്നു കോഴ്സ് ഗ്രേഡിങ്ങി ലേർപ്പെട്ടത്. ആതിഥ്യമര്യാദകളാകട്ടെ ഔപചാരികതകൾ ആകട്ടെ ഒന്നും മറന്നിരുന്നില്ല. പരാതികൾ പറഞ്ഞിരുന്നുമില്ല. ജാതിമതഭേദമെന്യേ, വലുപ്പച്ചെറുപ്പം നോക്കാതെ അതിഥികളെ ഏതു നേരത്തും സുസ്മേരവദനയായി സ്വാഗതം ചെയ്ത് ദൈവദത്തമായ പാചകക്കഴിവുകൾ ഉപയോ ഗിച്ച് സത്കരിച്ചു.

ഗുഡ്ന്യൂസ് മിനിസ്ട്രീസ് സ്ഥാപക ഡയറക്ടേഴ്സിൽ ഒരാളായ എന്റെ സഹധർമ്മി ണിക്ക് നിരവധി ആരോഗ്യപ്രശ്നങ്ങൾ വെല്ലുവിളികൾ സൃഷ്ടിച്ചിട്ടുണ്ട്. 1992ൽ ബ്രസ്റ്റ് കാൻസർ ഉണ്ടായെങ്കിലും തക്കസമയത്ത് അനുയോജ്യമായ ചികിത്സ ലഭിച്ചതിനാൽ അതിൽ നിന്നും പൂർണ്ണ വിമുക്തി നേടിയ അന്നമ്മ ഗുഡ്ന്യൂസിന്റെ വൈവിദ്ധ്യമാർന്ന ശുശ്രൂഷകളിൽ സജീവനേതൃത്വം വഹിച്ചു വരവെയാണ് 2011 ഡിസംബർ 28ന് കുളിമുറിയിലെ പടിയിൽ തട്ടി വീണ് തുടയെല്ലിനു ഒടിവുണ്ടായത്. ആ വീഴ്ച ഞങ്ങളുടെ ജീവിതസരണിയെ ആകെ മാറ്റിമറിച്ചു. പ്രാഥമിക എക്സറെയിൽ ഒടിവു കാണാൻ കഴിഞ്ഞില്ല. പക്ഷേ, ദിവസം കഴിയുംതോറും വേദന അസഹനീയമായ പ്പോൾ ഓപ്പറേഷൻ അനിവാര്യമാണെന്ന് ഡോക്ടർമാർ വിധികല്പിച്ചു. തിരുവനന്ത പുരത്തെ ഒരു പ്രശസ്ത ആസ്പത്രിയിൽ നടന്ന ഓപ്പറേഷൻ വിജയകരമായില്ല എന്നു മാത്രമല്ല അവിടെ വച്ച് ഹൃദയാഘാതം

സംഭവിക്കയും മറ്റൊരാശുപത്രിയിൽ പത്തു ദിവസത്തിനിടെ ഹൃദയ ശസ്ത്രക്രിയയ്ക്കു വിധേയയാവുകയും ചെയ്തു. ഏതാണ്ടു രണ്ടാഴ്ചയ്ക്കിടയിൽ രണ്ടു ഓപ്പറേഷനുകൾക്കു വിധേയയായ അന്നമ്മയുടെ ശാരീരിക അസ്വസ്ഥതകൾ അനുദിനം വർദ്ധിച്ചതിന്റെ പരിണതഫലമായി ഏതാണ്ടു അഞ്ചു മാസങ്ങൾക്കുശേഷം 2012 ജൂൺ ആറിനു വലത്തേ തുടയെല്ലിന്റെ 'ബോൾ' മാറ്റി കൃത്രിമ 'ബോൾ' പിടിപ്പിച്ചു. ആറുമാസത്തോളം അനുഭവിച്ച തീവ്രവേദനയ്ക്കു ആ ഓപ്പറേഷൻ പരിഹാരമായിത്തീർന്നതോർത്ത് ദൈവത്തെ സ്തുതിക്കുന്നു.

അതോടെ, ഇതഃപര്യന്തം പരിചിതമല്ലാതിരുന്ന ഒരു പുതിയ വെല്ലുവിളിയുടെ ആരംഭമായിരുന്നു. 2011 ഡിസംബർ വരെ ചുറുചുറുക്കോടെ ഓടിനടന്നിരുന്ന അന്നമ്മ അവസാനത്തെ സർജറിയോടെ ഒരു 'വാക്കർ ഫ്രെയി'മിന്റെ സഹായമില്ലാതെ ഒരു ചുവടു പോലും നടക്കാതെയായി. ക്രമേണ ഒരാളുടെ സഹായവും പിന്നീടു രണ്ടുപേരുടെ സഹായവും അനിവാര്യമായി. അതൊക്കെയാണെങ്കിലും തന്നാലാവത് ആത്മികശുശ്രൂഷകൾ അന്നമ്മ ചെയ്തുകൊണ്ടാണിരുന്നത്. ദീർഘമായ ഏഴുവർഷത്തെ രോഗശയ്യ കർത്തൃസേവയ്ക്കുള്ള കളരിയാക്കിമാറ്റി. കിടക്കയിൽ കിടന്ന് (ദൈവവചനത്തിനോ ബന്ധനമില്ല 2 തിമൊ.2:9) വീട്ടിലെ ജോലിക്കാരോടും ആസ്പത്രിയിലെ അധികാരികളോടും ഒരു കൂസലുമില്ലാതെ, ലജ്ജയില്ലാതെ(റോമർ 1:16) അപ്പൊസ്തലനായ പൗലൊസിനെപ്പോലെ തന്നെ ശുശ്രൂഷിക്കുവാൻ വന്നിരുന്ന ഹോം നേഴ്സുകളോടും വീട്ടിൽ റിപ്പയർ നടത്തുവാൻ വരുന്നവരോടും ആരോടും യേശുക്രിസ്തുവിൽകൂടി മാത്രം ലഭ്യമാകുന്ന നിത്യജീവനെക്കുറിച്ച് വായ് തോരാതെ സംസാരിച്ചിരുന്നു. തനിക്കു ഭവിച്ചതു സുവിശേഷത്തിന്റെ അഭിവൃദ്ധിക്കു നിദാനമായിത്തീർന്നു (ഫിലി. 1:12). തന്നെ ശുശ്രൂഷിക്കുന്നവരും താൻ പരിചയപ്പെടുന്നവരും എല്ലാം താൻ പ്രിയംവച്ച കർത്താവിന്റെ സന്നിധിയിൽ കാണണം എന്ന ആഗ്രഹം ആണതിനു തന്നെ പ്രേരിപ്പിച്ചത്. തദ്വാരാ, അവരിൽ ചിലർ യേശുക്രിസ്തുവിനെ സ്വന്തരക്ഷിതാവും കർത്താവുമായി സ്വീകരിച്ചതുകൂടാതെ സ്നാനജലത്തിൽ കർത്താവിനെ സാക്ഷീകരിക്കയും സ്ഥലംസഭയുടെ സജീവ അംഗങ്ങളായിത്തീരുകയും ചെയ്തിട്ടുണ്ട്. തന്നെ ശുശ്രൂഷിക്കാൻ വന്ന ഒരു ഹൈന്ദവസ്ത്രീ തന്റെ ചെറുമകനുമായി വരികയും അവരിരുവരും അന്നമ്മയിൽ നിന്നു സുവിശേഷം കേട്ട് കർത്താവിനെ സ്വന്തരക്ഷിതാവായി സ്വീകരിക്കുകയും ഇരുവരും സ്നാനജലത്തിൽ കർത്താവിനെ സാക്ഷീകരിച്ച് സഭാബന്ധത്തിലാവുകയും ചെയ്തു. അന്നു സ്വജീവിതം കർത്താവിനായി സമർപ്പിച്ച ആ ഹൈന്ദവ യുവാവ് ഇന്നൊരു ബൈബിൾ കോളജിൽ പഠിച്ചുകൊണ്ടിരിക്കുന്നു.

23 വർഷം ഗുഡ്ന്യൂസ് പ്രസിദ്ധീകരിച്ചിരുന്ന ഗുഡ്ന്യൂസ് അപ്ഡേറ്റ് എന്ന മാസിക തുടർന്നു പ്രസിദ്ധപ്പെടുത്താൻ നിർവ്വാഹമില്ലാതെ നിർത്തിയപ്പോൾ അന്നമ്മയുടെ മുഖ്യപത്രാധിപത്യത്തിൽ സ്ത്രീകളുടെ ആത്മിക ഉന്നമനം ലക്ഷ്യമാക്കി അന്നമ്മ സമാരംഭിച്ചതാണ് ക്രൈസ്തവ വനിത എന്ന മാസിക. അതിന്റെ ചീഫ് എഡിറ്റർ എന്ന നിലയിൽ ആനുകാലിക പ്രസക്തിയുള്ള ഈടുറ്റ അനേക ലേഖനങ്ങൾ എഴുതി. ഈ കാലയളവിൽ നിരവധി ക്രൈസ്തവ ഭക്തിഗാനങ്ങൾ രചിക്കയും അനേക ഗാനങ്ങളുടെ സംഗീതസംവിധാനം സ്വയം നിർവ്വഹിക്കയും ചെയ്തു. സംഗീതത്തിന്റെ ബാലപാഠങ്ങൾ പോലും പഠിച്ചിട്ടില്ലാത്ത അന്നമ്മ എങ്ങനെ അവയൊക്കെ ചെയ്തുവെന്നത് ഒരു കടങ്കഥയായി അവശേഷിക്കുന്നു. ദൈവകൃപയൊന്നു മാത്രമായിരുന്നു അവരുടെ കൈമുതൽ. താൻ രചിച്ച ഗാനങ്ങൾ മാത്രമടങ്ങുന്ന 11 സി.ഡികൾ പ്രകാശനം ചെയ്കയും ചെയ്തു. യേശു എന്റെ സഹായി, കാല്വറി നാഥൻ, കാരുണ്യവാൻ എന്നിവയിലെ ഗാനങ്ങൾ കിടക്കയിൽ കിടന്നുകൊണ്ട് പരാശ്രയ

ത്തോടെ രചിച്ച വരികളാണ്. അന്നമ്മയുടെ കാഴ്ചപ്പാടിൽ കഷ്ടത തനിക്കു ലഭിച്ച വരദാനമായിരുന്നു. കഷ്ടം സഹിക്കുന്നു വെങ്കിൽ അവനോടുകൂടെ വാഴും (2 തിമൊ. 2:11). സ്വതസിദ്ധമായ തൂമന്ദഹാസത്തോടെ പരാതിയോ പരിഭവമോ ഇല്ലാതെ കഷ്ടതയെ സ്വാഗതം ചെയ്തു, ധന്യമായ ക്രിസ്തീയ ജീവിതം നയിച്ചു, മന്ദഹാസത്തോടെ മരണം വരിച്ചു.

വിവിധ ക്രൈസ്തവ ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ അന്നമ്മയുടെ ഈടുറ്റ ലേഖനങ്ങൾ ഇടം പിടിച്ചു. സഭാതല ത്തിലെയും സമൂഹത്തിലെയും പടർന്നു പന്തലിച്ച മൂല്യശോഷണം തന്നെ അസ്വസ്ഥ യാക്കി, വിട്ടുവീഴ്ചയില്ലാതെ സത്യത്തിനും ധർമ്മത്തിനും നീതിക്കും വേണ്ടി തന്റെ തൂലിക ചലിപ്പിച്ചു. മൂല്യശോഷണത്തെ നിരങ്കുശം വിമർശിച്ചു.

2018 സെപ്തംബർ 25 രാവിലെ 10 മണിക്കു അന്നമ്മയുടെ ഈ ഭൂമിയിലെ വേദനകൾക്കും കഷ്ടപ്പാടിനും ആത്യന്തിക അറുതി വരുത്തുവാൻ താൻ പ്രിയം വച്ച തന്റെ അരുമനാഥനായ കർത്താവിനു തിരുഹിത മായി. ഞങ്ങളുടെ 52 വർഷവും 5 മാസവും 10 ദിവസവും ദൈർഘ്യമുള്ള അനുഗ്രഹകരമായ കുടുംബജീവിതത്തിനു അങ്ങനെ തിരശ്ശീല വീണു. എന്റെ പ്രിയതമയെ ജി.ജി. ഹോസ്പിറ്റ ലിലെ ഐ.സി.യുവിൽ വച്ച് പ്രാർത്ഥിച്ചു യാത്രയാക്കാനുള്ള മഹാഭാഗ്യം കരുണാ മയനായ ദൈവം എനിക്കു നല്കിയതോർത്തു ഞാൻ ദൈവത്തെ സ്തുതിക്കുന്നു. ശാന്തവും പ്രത്യാശാനിർഭരവും ആയ ആ വിടവാങ്ങൽ രംഗം എന്റെ മനോമുകുരത്തിൽ മായാതെ അഭംഗുരം നിലനില്ക്കുന്നു.

ആ ദൈവഭക്തയായ മാതാവു സംഭാവനചെയ്തതിൽ ഏറ്റവും ശ്രേഷ്ഠം, ദൈവഭയത്തിലും ദൈവാശ്രയത്തിലും ദൈവനാമമഹത്ത്വത്തിനുമായി ജീവിക്കുന്ന ഞങ്ങളുടെ മൂന്നു മക്കളാണ്. അവർ അപ്രകാര മായിത്തീരുവാൻ മുഖ്യകാരണം അവരുടെ ദൈവഭക്തയായ മാതാവിന്റെ ചോറും ചൊല്ലുമാണെന്നു നിസ്സംശയം പറയാൻ കഴിയും. ആ മാതാവു അവർക്കു നല്ലൊരു മാതൃകയായിരുന്നു. അന്നമ്മയെ അന്നമ്മ യാക്കിയത് അവർ ശ്രേഷ്ഠമായ പൈതൃ കത്തിന്റെ ഉടമയായിരുന്നുവെന്നതാണ്. അവരുടെ മാതാവ് കരിയംപ്ലാവു കോളാകോട്ട് അന്നമ്മയെ അവരുടെ മാതാപിതാക്കൾ ദൈവഭയത്തിലും ദൈവാശ്രയത്തിലും വളർത്തിയതാണ്. അന്നമ്മയുടെ പിതാവ് വാലാങ്കര മാലയിൽ തോമസ് ഈശോ അവർകളും അനുഗൃഹീതമായ പൈതൃക ത്തിന്റെ ഉടമയായിരുന്നു. ആ ദമ്പതികളുടെ മകൾ പിന്നെയെങ്ങനെയാണ് മാതൃകാ പരമായ ക്രിസ്തീയജീവിതത്തിന്റെ ഉടമയല്ലാ താവുക?

അന്നമ്മ ഒരു സംതൃപ്തമാനസ ത്തിന്റെ ഉടമയായിരുന്നു. ഇല്ലായ്മകളെ ഓർത്തു പരിഭവപ്പെടുകയോ പരാതിപ്പെടു കയോ ചെയ്തിരുന്നില്ല. ധൂർത്തില്ലാത്ത മിതവ്യയം മുഖമുദ്രയായിരുന്നു. ചില പ്രത്യേക വിശേഷദിനങ്ങളിൽ, ഉദാഹരണമായി ഞങ്ങളുടെ ആനിവേഴ്സറിയോ, അന്നമ്മയുടെ ജന്മദിനമോ ഒക്കെ വരുമ്പോൾ സാധാരണ യിൽ അല്പം വിലകൂടിയ സാരി വാങ്ങിക്കാൻ ഞാൻ ഉത്സാഹിപ്പിച്ചാലും താൻ അതിനു പകരം വില കുറഞ്ഞ സാരികൾ വാങ്ങി തനിക്കും തന്നെ സഹായിക്കുന്നവർക്കുമായി പങ്കിട്ടിരുന്നു. മറ്റുള്ളവരുമായി തന്റെ ഭൗതിക നന്മകൾ പങ്കുവയ്ക്കുന്നതിൽ സംതൃപ്തി കണ്ടെത്തിയിരുന്നു. താൻ സഹാനുഭൂതിയുടെ ഉടമയായിരുന്നു. ഉണ്മാനും ഉടുപ്പാനും ഉണ്ടെങ്കിൽ മതിയെന്നു വിശ്വസിച്ചിരുന്നു. സാധുക്കളെ സഹായിക്കുന്നതു തന്റെ കർത്തവ്യമായി കരുതിയിരുന്നു. കലവറ കൂടാതെ, വലുപ്പച്ചെറുപ്പം നോക്കാതെ എല്ലാവരെയും സ്നേഹിച്ചു, തന്റെ കഴിവിന പ്പുറം സഹായിച്ചു. അർഹരെ എല്ലായ്പ്പോഴും സഹായിക്കണം, അനർഹരെ സഹായി ക്കേണ്ടതില്ല എന്നതായിരുന്നു അവരുടെ

നിലപാട്. അകം പുറം കാണാവുന്ന സുതാര്യ മായ ഒരു ജീവിതം നയിച്ചു. പത്തിലധികം വാടകവീടുകളിൽ താമസിച്ചപ്പോഴും വീടുകൾ മാറേണ്ടിവന്നപ്പോഴും തികഞ്ഞ ഉത്സാഹ ത്തോടെ പരിഭവലേശമെന്യേ അതിലെല്ലാം മുൻകൈയെടുത്തു പ്രവർത്തിച്ചത് ഞാൻ നന്ദിനിറഞ്ഞ ഹൃദയത്തോടെ അനു സ്മരിക്കുന്നു.

അന്നമ്മ സി. ജോൺ ഒരു ബഹുമുഖ പ്രതിഭയായിരുന്നു. ഗുഡ്ന്യൂസിന്റെ വിദ്യാ ർത്ഥിസംഖ്യാബലം ഒരു ലക്ഷത്തിനപ്പുറമുണ്ട്. ആ വളർച്ചയുടെ പിന്നിൽ പ്രവർത്തിച്ചത് അന്നമ്മയുടെ കരവിരുതാണ്. പ്രസ്ഥാന ത്തിന്റെ വളർച്ചയ്ക്കുവേണ്ടി അഹോരാത്രം പ്രയത്നിച്ചു. ഒരു മികച്ച സംഘാടക യായിരുന്നു. പാറശാല മുതൽ മലപ്പുറം വരെ വിവിധസ്ഥലങ്ങളിൽ സഹപ്രവർത്തക രോടൊപ്പം ക്യാമ്പുകളും ഏകദിനസമ്മേളന ങ്ങളും സംഘടിപ്പിച്ചു നേതൃത്വപാടവം തെളിയിച്ചു. ഗുഡ്ന്യൂസ് കറസ്പോണ്ടൻസ് കോഴ്സുകൾ പഠിച്ച ഓരോ വിദ്യാർത്ഥിയും രക്ഷകനെ കണ്ടെത്തണമെന്നു ആത്മാർത്ഥ മായി ആഗ്രഹിച്ച് ലക്ഷ്യപ്രാപ്തിക്കായി അനവരതം പ്രയത്നിച്ചു. സുവിശേഷഘോഷ ണത്തിലെ മുന്നണിപ്പോരാളിയായിരുന്നു. ഓഫീസിലും ഭവനത്തിലും ഏതുജോലി ചെയ്യാനും ഒരു മടിയുമില്ലായിരുന്നു.

വിശ്വാസ വിഷയങ്ങളെ സംബന്ധിച്ചി ടത്തോളം എന്റെ സഹധർമ്മിണിയെ ഒരു തീവ്രവാദിയെന്നു വിശേഷിപ്പിക്കാവുന്നതാണ്. ദേശകാല വ്യത്യാസങ്ങൾക്കനുസൃതമായി വ്യാഖ്യാനിക്കപ്പെടേണ്ടതല്ല വേദപുസ്തക ഉപ ദേശ സത്യങ്ങൾ എന്ന കടുത്ത നിലപാടു എടു ത്തിരുന്നു. പഠിച്ചും നിശ്ചയം പ്രാപിച്ചും ഇരിക്കുന്നതിൽ നിലനിന്നു. അവസാനമായി അന്നമ്മയുടെ വായിൽ നിന്നും പുറത്തുവന്ന ശബ്ദം, 'യേശുവേ', 'യേശുവേ' എന്നായിരു ന്നത് യാദൃച്ഛികമായിരുന്നില്ല. താൻ പ്രിയം വച്ച കർത്താവിന്റെ സന്നിധിയിലേക്കു പ്രവേശിക്കാനുള്ള തിടുക്കം ആ വിളിയിൽ പ്രതിധ്വനിച്ചു. അന്ത്യനിമിഷം വരെയും വിശ്വാസത്തിൽ ഉറച്ചുനിന്ന് തിരുസന്നിധിയി ലേക്കു യാത്രയായി. അതിമനോഹരവും ശാന്തനിർഭരവുമായിരുന്നു ആ കർത്തൃദാസി യുടെ സ്വർഗ്ഗ പ്രവേശനം. അതെങ്ങനെയാണു സാധിക്കുക? അതിനൊരു കാരണമുണ്ട്. മരണം മനുഷ്യന്റെ അന്ത്യമല്ലെന്നും നിത്യത യുടെ തുടക്കം മാത്രമാണെന്നും അന്നമ്മ വിശ്വസിച്ചിരുന്നു. പക്ഷേ, പ്രിയപ്പെട്ടവരുടെ, വിശിഷ്യ, ജീവിത പങ്കാളിയുടെ വേർപാട് തീരാനഷ്ടമാണ്. എന്നാൽ ക്രിസ്തുവിൽ മരിക്കുന്നവർ ഭാഗ്യവാന്മാരും ഭാഗ്യവതികളു മാണ്. അവർക്കൊരു പുനരുത്ഥാനമുണ്ട്. കർത്താവിന്റെ ഗംഭീരനാദത്തിങ്കൽ കർത്താ വിൽ നിദ്ര കൊള്ളുന്നവർ ഉയിർത്തെഴു ന്നേല്ക്കും. പിന്നെ ജീവനോടെ ശേഷിക്കുന്ന വരായ നാം അവരോടൊന്നിച്ച് കർത്താവിനെ എതിരേല്ക്കുവാൻ മേഘങ്ങളിൽ എടുക്ക പ്പെടും. യേശുക്രിസ്തു ഉള്ളത്തിൽ വസിക്കു ന്നവരുടെ വലിയ പ്രത്യാശയാണത്. "കാണും മുഖാമുഖം നാമിനി പ്രാണേശനേശുവിനെ". മാത്രമല്ല, നമുക്കുമുമ്പായി കർത്താവിന്റെ സന്നിധിയിലേക്കു പോയവരെയും അവരോ ടൊപ്പം എന്റെ ജീവിത പങ്കാളിയെയും വീണ്ടും കാണാമെന്നുള്ളതുകൊണ്ട് പ്രത്യാശയില്ലാത്ത മറ്റുള്ളവരെപ്പോലെ ഞാൻ ദുഃഖിക്കുന്നില്ല. പ്രത്യാശയോടെ ആ സുദിനത്തിനായി നോക്കിപ്പാർക്കുന്നു. ദൈവനാമം മഹത്വ പ്പെടുമാറാകട്ടെ.

പ്രിയ സ്നേഹിതാ, താങ്കൾ മേല്പറഞ്ഞ പ്രത്യാശയുടെ ഉടമയോ? പ്രത്യാശയില്ലാത്തവർ മരണത്തെ അഭിമുഖീ കരിക്കുന്നത് നഷ്ടബോധത്തോടും മുറവിളി യോടും ആയിരിക്കും. അവരെക്കുറിച്ച് പൗലൊസ് 1 തെസ്സലൊനീക്യർ നാലിൽ പറയുന്നത് അവർ പ്രത്യാശയില്ലാതെ ദുഃഖിക്കുമെന്നാണ്. യേശുക്രിസ്തു മരിക്കയും ജീവിച്ചെഴുന്നേല്ക്കുകയും ചെയ്തുവെന്നു താങ്കൾ വിശ്വസിക്കുന്നുവോ? എങ്കിൽ അങ്ങനെതന്നേ ദൈവം നിദ്രകൊണ്ടവരെയും യേശുമുഖാന്തരം അവനോടുകൂടെ വരുത്തും. ചിന്തിക്കുക. ☺

# Cross of Calvary



*Lyrics: Annamma C. John*

Jesus cried in agony
On the cross of Calvary
And gave His life for me
So that I could have a joyful life

Joyful, joyful, joyful
My Christian life is joyful

Here I am just a traveler
I am on this earth for a moment
Passing through like a transient
My life is that of a sojourner — Joyful, joyful

I have no earthly possessions
I haven't brought anything with me
One day I will leave this world and go
To a land from where I will not return — Joyful, joyful

I will reign for endless ages
In a world from where there is no return
I will sit in the lap of my Father
In the home built for me in heaven — Joyful, joyful


## INTERNET EDITION OF CHRISTHAVA VANITHA

To access the internet edition of Christhava Vanitha,
please open the following link and open BLOG.

The link: www.gnmindia.org

Then click BLOG. You will find all previous issues of Christhava Vanitha from the year 2010.


**Published by Dr. Charles John, Good News, Akkulam Road, Trivandrum 695011**


Good News Ministries
Presents
ക്രിസ്തീയ ഭക്തിഗാനങ്ങൾ
വിളിച്ച ദൈവം
(Christian Devotional Songs)
അവനായ് സമർപ്പിക്കാം
Good News Correspondence School
Presents
അവനിൽ വസിക്കാം
ക്രിസ്തീയ ഭക്തിഗാനങ്ങൾ
കാഹളധ്വനി
എന്റെ ക്രിസ്തീയജീവിതം
Annamma C. John
അവനിൽ പ്രത്യാശിക്കാം
Good News Audio's
കാലം തികഞ്ഞു
Vol.8
യേശു എന്റെ സഹായി
Annamma C John
Lyrics
കാൽവറി നാഥൻ
KALVARY NADHAN
Lyrics: Annamma C. John
Music: Johnly Charles
Orchestration: Dencil M. Wilson
GOOD NEWS AUDIO Presents
കാരുണ്യവാൻ
KARUNYAVAN
ANNAMMA C. JOHN
DR. CHARLES JOHN
LYRICS